ഒമ്പതാം പദ്ധതി
നമ്മുടെ പദ്ധതി

ജനകീയാസൂത്രണപ്രസ്ഥാനം

# പ്രഥമ വികസന റിപ്പോർട്ട്

# കൈപറമ്പ് ഗ്രാമപഞ്ചായത്ത്

1996

86-5

ഒമ്പതാം പദ്ധതി
നമ്മുടെ പദ്ധതി

ജനകീയാസൂത്രണപ്രസ്ഥാനം

# പ്രഥമ വികസന റിപ്പോർട്ട്

# കൈപറമ്പ് ഗ്രാമപഞ്ചായത്ത്

1996

കണ്ണുവേണമിരുപുറമെപ്പോഴും
കണ്ണുവേണം മുകളിലും താഴെയും
ഉള്ളിലെപ്പോഴും കത്തിജ്വലിക്കും
ഉൾക്കണ്ണുവേണം അണയാത്ത കണ്ണു

കടമ്മനിട്ട

## ഉപദേശക സമിതി

ഡോ. പി.പി.പിള്ള
കെ.എം.ലെനിൻ
എൽസി വർഗ്ഗീസ്
മോഹിനി രവികുമാർ
എം.ജി.സുരേന്ദ്രൻ

## എഡിറ്റർ

പി.കൃഷ്ണനുണ്ണി

## സബ് എഡിറ്റർമാർ

വി.എസ്.രജിത്
എൻ.ജെ.ശ്രീകുമാർ

## അംഗങ്ങൾ

എം.എൻ.ചന്ദ്രശേഖരൻ
പി.ഐ.ജോർജ്ജ്
എ.പി.ബാബുലേയൻ
സി.പി.ജോസ്
കെ.എസ്.സജിത

കോസ്റ്റ്ഫോർഡിന്റെ സഹകരണത്തോടെ തയ്യാറാക്കിയത്



# വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനു ഗൗരവമായ സമീപനം വേണം

കെ. എം. ലെനിൻ
പഞ്ചായത്തു പ്രസിഡൻറ്

വികേന്ദ്രീകരണ ഭരണ സമ്പ്രദായത്തോടുകൂടിയ ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഗ്രാമ പഞ്ചായത്ത് തലത്തിലുള്ള വികസന ആസൂത്രണം സംസ്ഥാന ആസൂത്രണ പ്രക്രിയയുടെ അവിഭാജ്യ ഘടകമായിരിക്കണം. അതുകൊണ്ട് തന്നെ ഗ്രാമ പഞ്ചായത്ത് തലത്തിലുള്ള ആസൂത്രണ രീതികളും സങ്കേതങ്ങളും ഉന്നതതല ആസൂത്രണ രീതികളുമായി പൊരുത്തപ്പെടുന്നവയായിരിക്കേണ്ടതുണ്ട്. സംസ്ഥാന ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് ഭരണങ്ങളിൽ നിർവ്വഹിക്കേണ്ട ചുമതലകളും ഉത്തരവാദിത്വങ്ങളും വ്യക്തമായി വേർതിരിച്ചിട്ടുള്ളതിനാൽ ഓരോ തലങ്ങൾക്കും ഉപയുക്തമാകുന്ന ആസൂത്രണ രീതികളാണ് അവലംബിക്കേണ്ടത്. പ്രദേശിക ആവശ്യങ്ങളും സ്പന്ദനങ്ങളും, വിഭവങ്ങളും, സാഹചര്യങ്ങളും, സാദ്ധ്യതകളും, വികസന തോതും, നിക്ഷേപ സാദ്ധ്യതകളും വിവിധ തലങ്ങളിൽ തീരുമാനിക്കപ്പെടുന്ന വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയയിൽ സൂക്ഷ്മതല പദ്ധതിയാവിഷ്കരണ സിദ്ധാന്തങ്ങൾ വിലപ്പെട്ടതാണ്.

ഒരു ഗ്രാമ പഞ്ചായത്തിൻെറ അധികാര പരിധിക്കുള്ളിലുള്ള ഭൂപ്രദേശത്ത് പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്വങ്ങൾക്കുമനുസൃതമായി പ്രകൃതി-മനുഷ്യ വിഭവങ്ങളെ പ്രയോജനപ്പെടുത്തി പരിസ്ഥിതിക്ക് ഇണങ്ങുന്നതും സ്ഥായിയുമായ വികസന പദ്ധതികൾ ആവിഷ്കരിച്ചു ജനങ്ങളെ സാമൂഹ്യ സാമ്പത്തിക അഭിവൃദ്ധിയിലേക്കു നയിക്കുകയെന്നുള്ളതാണ് പഞ്ചായത്തുകളിൽ അർപ്പിതമായിരിക്കുന്ന ചുമതല. പ്രദേശികമായ അസംതുലിതാവസ്ഥ ഇല്ലാതാക്കുകയും വികസന നേട്ടങ്ങളെ നീതി പൂർവ്വമായി വിതരണം ചെയ്യുകയും വേണം. വിവിധ മേഖലകളെ സമഗ്രമായി അപഗ്രഥിച്ചറിയുകയും മണ്ണും ജലവും ജൈവസമ്പത്തും മനുഷ്യശക്തിയും ബുദ്ധിയും സമന്വയിപ്പിച്ചു പുതിയൊരു ഉൽപാദന സംസ്കാരം വളർത്തിയെടുക്കുകയെന്നതാണ് നമ്മുടെ മുന്നിലുള്ള വെല്ലുവിളി.

രണ്ടാം ഘട്ടം സംസ്ഥാന തല പരിശീലനം കഴിഞ്ഞതിനുശേഷമാണ് വികസന റിപ്പോർട്ട് തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയത്. ജില്ലാതല പരിശീലനം ഒക്ടോബർ 26 നും, പഞ്ചായത്ത് തല പരിശീലനം ഒക്ടോബർ 27നും നടന്നു. പഞ്ചായത്ത് വികസന സെമിനാറിൻെറ ജില്ലാ തല ഉദ്ഘാടനം നവംബർ 3 ന് കൈപറമ്പ് ഗ്രാമ പഞ്ചായത്തിൽവെച്ചു നടത്താൻ തീരുമാനിക്കപ്പെട്ടു. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ ഇങ്ങിനെയൊരു റിപ്പോർട്ട് തയ്യാറാക്കാൻ കഴിഞ്ഞത് ഒരു സംഘം ചെറുപ്പക്കാരുടെ അഹോരാത്രമുള്ള അദ്ധ്വാനം കൊണ്ടു മാത്രമാണ്.

വിവര ശേഖരണത്തിൻെറ പ്രാധാന്യവും വിദഗ്ദ്ധരുടെ ആവശ്യകതയും വികസന റിപ്പോർട്ട് തയ്യാറാക്കുന്ന വേളയിലാണ് മനസ്സിലായത്. വിവരങ്ങളെ അപഗ്രഥിച്ചു വിവിധ വികസന മേഖലകളെ പരസ്പര ബന്ധിതമായി പഠിക്കാനും പദ്ധതികൾ ആവിഷ്കരിക്കാനും ജനങ്ങളും ഉദ്യോഗസ്ഥന്മാരും വിദഗ്ദരുമടങ്ങുന്ന സംഘങ്ങളുടെ കൂട്ടായ പ്രവർത്തനംകൊണ്ടേ കഴിയൂ. ഇത് പ്രഥമ റിപ്പോർട്ടാണ്. എല്ലാ വിവരങ്ങളും ശേഖരിച്ച് പഠിച്ച് സമഗ്രമായൊരു വികസന റിപ്പോർട്ട് തയ്യാറാക്കുകയാണ് ലക്ഷ്യം. അതിനു വികസന സെമിനാറിൽ പ്രോത്സാഹ ജനകമായ ചർച്ചകളുണ്ടാകുമെന്നതു തീർച്ച.

## വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർഗ്രൂപ്പ്

**പ്രാഥമിക മേഖല**

1. എ.കെ.തോമസ്സ്
2. പി.വി.സത്യൻ
3. എം.ഡി.മേരി
4. കെ.ജയശ്രീ (കൃഷി ഓഫീസർ)
5. വി.എസ്. ശ്രീധരൻ
6. സി.പി.ജേയ്ക്കബ്ബ് (കൃഷി അസിസ്റ്റന്റ്)
7. പി.കെ.വേലായുധൻ
8. വി.ചന്ദ്രശേഖരൻ
9. വി.വി.ലോനപ്പൻ
10. സി.എ.ഭാസ്കരൻ
11. പി.കെ.ചന്ദ്രൻ
12. സി.വി.ജോസ്
13. കെ.കെ.ദാമോദരൻ
14. വി.കെ.നാരായണൻ എഴുത്തച്ഛൻ
15. വി.കെ.ഗോപിനാഥൻ
16. സി.കെ.പുഷ്ക്കരൻ
17. കെ.രാമചന്ദ്രൻ
18. ടി.ഐ.ദേവസ്സി

**ദ്വിതീയമേഖല**

1. കെ.കെ.ഗോപി
2. എം.എൻ.രാമകൃഷ്ണൻ
3. പി.ആർ.പ്രഭാകരൻ
4. മഹേശ്വരൻ ഭട്ടതിരിപ്പാട്ട്
5. കെ.എ.ഭാസ്ക്കരൻ (അസി. രജിസ്ട്രാർ, സഹകരണ വകുപ്പ്)
6. വി.വി.ശിവദാസൻ
7. പി.നാരായണൻ
8. ജോൺ ചിറമൽ
9. സി.ജി.വാസു
10. പി.ബി.ബാബു
11. സി.എൽ. ജോസ് (റിട്ട. എക്സി. എഞ്ചിനീയർ, വൈദ്യുതി)

**ത്രിദീയമേഖല**

1. വി.വിശ്വനാഥൻ നമ്പ്യാർ (റിട്ട.എച്ച്.എം.)
2. സി.കെ.വിനയൻ (റിട്ട. എച്ച.എം.)
3. കെ.ആർ.ദിവാകരൻ
4. കെ.എ.കല്ല്യാണി ടീച്ചർ
5. കെ.എസ്.സജിത
6. എം.എൻ. ചന്ദ്രശേഖരൻ
7. രജിത്
8. ശ്രീകുമാർ എൻ.ജെ
9. ബാഹുലേയൻ എ.പി.
10. ദീപ എം.എ.
11. ബീന എം.എസ്.
12. സുഗതൻ കെ.വി.
13. സുരേഷ്
14. ജോൺസൺ സി.ജേക്കബ്
15. ഇ.എ.ഡേവീസ്
16. ജോൺസൺ ജോർജ്ജ്
17. ഗിത്സൺ പി.ജെ.
18. എം.വി.രാമചന്ദ്രൻ
19. വി.പി.ബാലകൃഷ്ണൻ
20. വി.പി.മോഹനൻ
21. പി.കെ. കുഞ്ഞു
22. എം.ആർ സുലേഖ
23. മോഹിനി രവികുമാർ
24. ലിസി ജേക്കബ്
25. ഷീജാ ശിവദാസൻ
26. എൽസി വർഗ്ഗീസ്

# ആമുഖം

ഇന്ത്യയിലെ ആസൂത്രണം അമ്പതുകളിൽ തുടങ്ങിയതാണ്. പദ്ധതിയുടെ രൂപീകരണവും നിർവ്വഹണവും ജനങ്ങൾ അറിഞ്ഞതേയില്ല. ആസൂത്രണം മുകളിൽ നിന്ന് അടിച്ചേല്പിക്കുന്നതായിരുന്നു. ജനങ്ങളുടെ ആവശ്യമോ ആഗ്രഹമോ പരിഗണനാവിഷയമായിരുന്നില്ല.

ജനം തീരുമാനമെടുക്കേണ്ടവരല്ല; തീരുമാനം അംഗീകരിക്കേണ്ടവരാണെന്ന ധാരണ മാററുന്നതിന് സഹായകമായ നിയമനിർമ്മാണമായിരുന്നു ഭരണഘടനയുടെ 73-74-ാം ഭേദഗതി.

ജനാധിപത്യത്തിന് പുതിയ മാനം നല്കുന്ന ഒന്നാണ് പഞ്ചായത്ത് രാജ് നിയമത്തിലെ 'ഗ്രാമസഭ' എന്ന സംവിധാനം.. പങ്കാളിത്ത ജനാധിപത്യത്തിൻെറ അംശം കൂട്ടിച്ചേർക്കുന്നതിന് ഇതിലൂടെ സാധ്യമായി. പദ്ധതി രൂപീകരണമെന്നത് പഞ്ചായത്തിൻെറ ചുമതലയായി മാറി. ഈ പ്രവർത്തനങ്ങളിൽ ജനങ്ങളെ പങ്കാളികളാക്കുന്നതിനുള്ള സാധ്യതയും പഞ്ചായത്ത് രാജ് നിയമത്തിലുണ്ട്.

പദ്ധതിരൂപീകരണത്തിലും നിർവ്വഹണത്തിലും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള ചാലക ശക്തിയാണ് ജനകീയാസൂത്രണ പ്രസ്ഥാനം. 1997 ൽ ആരംഭിക്കുന്ന 9-ാം പദ്ധതി ജനകീയ പദ്ധതിയായി രൂപപ്പെടുത്തുന്നതിന് സർക്കാർ തീരുമാനമെടുത്തു. പദ്ധതിച്ചെലവിൻെറ 35-40 ശതമാനം പഞ്ചായത്തുകൾക്ക് കൈമാറും. ഇതിനായുള്ള പദ്ധതികൾ രൂപപ്പെടുത്തുന്നത് ഗ്രാമീണ ജനങ്ങളാണ്.

ആസൂത്രണ പ്രക്രിയയിൽ ജനങ്ങളെ പങ്കാളികളാക്കുന്നതിന് അനുകരിക്കാവുന്ന മാതൃകകൾ ഒന്നുമില്ല. ആദ്യ പരീക്ഷണമാണ്. പദ്ധതിയാസൂത്രണത്തിനായുള്ള വിശേഷാൽ ഗ്രാമസഭകൾ ചേർന്ന് ഓരോ വാർഡിലേയും വിവിധ മേഖലകളിലെ വികസന പ്രശ്നങ്ങൾ വിശദമായി ചർച്ച നടത്തി. അങ്ങിനെ ആദ്യമായി ജനങ്ങൾ ഒത്തുചേർന്ന് നാട്ടിലെ വികസന പ്രശ്നങ്ങൾ ചർച്ച ചെയ്തു. ഇതൊരു പുതിയ അനുഭവമായിരുന്നു. പുതിയ ആവേശവും. ജനങ്ങളുടെ അറിവും ആവശ്യവും ഈചർച്ചകളിലൂടെ പ്രകടിപ്പിച്ചു. ഇവയെ പദ്ധതിയാക്കി മാററുന്നതിന് പഞ്ചായത്ത് തലത്തിൽ കൂട്ടായ നിരവധി പ്രവർത്തനങ്ങൾ ആവശ്യമാണ്.



Late ടി ഉണ്ണിമേനോൻ
(1953-63)
ആദ്യപ്രസിഡന്റ്





പഞ്ചായത്ത് പ്രസിഡന്റ്മാർ

ശ്രീ.എ.പി.ആന്റണി
1963-67
1976-79

ടി.വി.കൃഷ്ണൻ നമ്പൂതിരി
1968–76



ശ്രീ. കെ.പി.തോമസ് മാസ്റ്റർ
(1988-95) ഇപ്പോഴത്തെ 6-ാം വാർഡ് മെമ്പർ



ശ്രീ.കെ.പി.ലോനപ്പൻ മാസ്റ്റർ
(1981-84)



ശ്രീ. ഇ. പി. മാരാർ
(1979- 81

# ചരിത്രപശ്ചാത്തലം

നൂറ്റാണ്ടുകൾക്കുമുമ്പ് ചിറ്റിലപ്പിള്ളി തലസ്ഥാനമാക്കി നാടുവാണിരുന്ന തലപ്പിള്ളി രാജവംശമാണ് ഇവിടെ ഭരണം നടത്തിയിരുന്നത്. പിന്നീട് മണക്കുളം, കക്കാട്, പുന്നത്തൂർ, ചിറയളം എന്നീ നാല് താവഴികളായി പിരിഞ്ഞു. അതിനാൽ ഈ പ്രദേശത്തിന്റെ ഭരണം പുന്നത്തൂരിന്റെ അധീനതയിലായി.

പുറ്റേക്കരയിലുള്ള കുറുവയൽപാടത്തിന്റെ തെക്കുകിഴക്ക് ഭാഗത്ത് പുന്നത്തൂരിന്റെ ഒരു കൊട്ടാരം നിലനിന്നിരുന്നു. ആയുധപരിശീലനം നടത്തിയിരുന്ന പള്ളിപ്പാട്ട് പണിക്കന്മാരെയാണ് പടനായകന്മാരായി നിയമിച്ചിരുന്നത്. പണ്ട് ആഞ്ഞൂറ്റവർ എന്നറിയപ്പെട്ടിരുന്ന നായർ സംഘമാണ് ഗ്രാമസഭയുടെ ഭരണം നടത്തിയിരുന്നത്. ആ പേരിൽ നിന്നാണ് അഞ്ഞൂർ എന്ന സ്ഥല നാമമുണ്ടായത്. കാളവണ്ടി കൈകൊണ്ട് തള്ളികയറ്റികൊണ്ടുപോകേണ്ട ഉയർന്ന പറമ്പിനെ കൈപ്പറമ്പ് എന്നു വിളിച്ചു. കാളവണ്ടി തള്ളാൻ വേണ്ടി പ്രത്യേകവിഭാഗത്തെ നിയമിച്ചിരുന്നു. അവരുടെ ഇന്നത്തെ തലമുറയിൽ പെട്ട ചിലരെ കൈപറമ്പി എന്നു വിളിക്കുന്നുണ്ട്. ബ്രാഹ്മണരുടേയും, നാടുവാഴികളുടേയും, ജന്മികളുടേയും ഭരണവ്യവസ്ഥിതിയാണുണ്ടായിരുന്നത്. ആ കാലഘട്ടത്തിൽ ഒരു ബ്രാഹ്മണ കന്യക തന്റെ ചാരിത്ര്യം കളങ്കപ്പെടുത്തിയതിനാൽ കോട്ടെണ്ണയൊഴിച്ചു തീ കൊളുത്തി കൊല്ലുകയെന്ന ശിക്ഷാരീതി നടപ്പിലാക്കി. കത്തിക്കരിഞ്ഞ ശവശരീരമിടാൻ ഉപയോഗിച്ചിരുന്ന കിണറിന്റെ അവശിഷ്ടം കൊള്ളന്നൂരിൽ ഇന്നും കാണാൻ കഴിയുന്നു.

മുണ്ടൂർ പ്രൈമറി ഹെൽത്ത് സെന്റർ നിലനിൽക്കുന്ന പ്രദേശത്തിനടുത്ത് പണ്ട് ഒരു മണൽക്കോട്ടയുണ്ടായിരുന്നത് 1806ൽ തടവുകാരെകൊണ്ട് ഇടിച്ചുനിരത്തി എന്ന് ചരിത്രരേഖകളിൽ കാണുന്നു.

ഇന്ത്യ സ്വതന്ത്രമാകുന്നതുവരെ ജന്മിമാരുടെ മേൽക്കോയ്മ നിലനിന്നു. ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയപ്പോൾ ബ്രാഹ്മണ ജന്മി, നാടുവാഴിത്ത വ്യവസ്ഥിതിക്ക് തിരശ്ശീല വീണു. ഇരുനൂറ്റി നാല്പത് വർഷം മുൻപ് നടന്ന സാമൂതിരിയുടെ പടയോട്ടക്കാലത്താണ് പുന്നത്തൂരിന്റെ കൊട്ടാരം തകർന്നുപോയത്. മുണ്ടൂരിന്റെ വടക്കുഭാഗത്തുള്ള അയ്യംകുന്ന് പടയാളികളുടെ ഒരു താവളമായിരുന്നു. കേരളത്തിലെ നൂറ്റിയെട്ടു ദുർഗ്ഗാക്ഷേത്രങ്ങളിലൊന്നായിരുന്നു അയ്യംകുന്ന് ക്ഷേത്രം. സ്വകാര്യ വ്യക്തികളുടെ കൈകളിലായ ഈ പ്രദേശത്ത് ഇന്ന് ക്ഷേത്രം നിലവിലില്ല. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച വൃക്ഷലതാദികളും ഔഷധ സസ്യങ്ങളും മയിൽ, മുയൽ തുടങ്ങിയ പക്ഷി മൃഗാദികളുമുള്ള ഈ പ്രദേശത്തെ സംരക്ഷിച്ച് വിനോദ സഞ്ചാരകേന്ദ്രമായി വളർത്തിയെടുക്കാനാവും.

# പഞ്ചായത്ത് പൊതു വിവരണം

(1996 ആസ്പദമാക്കി)

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | : കൈപറമ്പ് ഗ്രാമ പഞ്ചായത്ത് |
| പഞ്ചായത്ത് ഹെഡ് ക്വാർട്ടേഴ്സ് | : മുണ്ടൂർ |
| ഉൾപ്പെടുന്ന വില്ലേജുകൾ | : കൈപറമ്പ്, അഞ്ഞൂർ, പേരാമംഗലം |
| ബ്ലോക്ക് പഞ്ചായത്ത് | : പുഴയ്ക്കൽ |
| താലൂക്ക് | : തൃശൂർ |
| ജില്ല | : തൃശൂർ |
| നിയമസഭ മണ്ഡലം | : കുന്ദംകുളം |
| ലോകസഭ മണ്ഡലം | : ഒററപ്പാലം |
| വിസ്തീർണ്ണം | : 20.48 ചതുരശ്ര കി. മീ. |
| അതിരുകൾ | : കിഴക്ക് : അവണൂർ, വേലൂർ പഞ്ചായത്തുകൾ |
| | പടിഞ്ഞാറ് : തോളൂർ പഞ്ചായത്ത് |
| | തെക്ക് : അടാട്ട് പഞ്ചായത്ത് |
| | വടക്ക് : ചൂണ്ടൽ പഞ്ചായത്ത് |
| ജനസംഖ്യ | : 24,630 |
| | സ്ത്രീകൾ : 12,680 |
| | പുരുഷന്മാർ : 11,950 |
| സാക്ഷരതാ നിരക്ക് | : 96.5% |
| വാർഡുകളുടെ എണ്ണം | : പത്ത് |
| | സ്ത്രീ സംവരണം : 4 |
| | പട്ടിക ജാതി സംവരണം : 1 |
| | ജനറൽ : 5 |
| പ്രസിഡണ്ടിൻെറ പേര് | : കെ. എം. ലെനിൻ |
| വൈസ് പ്രസിഡണ്ടിൻെറ പേര് | : എത്സി വർഗ്ഗീസ് |
| സ്ററാൻറിങ്ങ് കമ്മിററി ചെയർമാൻ | : മോഹിനി രവികുമാർ |

# കൈപ്പറമ്പ് നിവാസികൾ വരച്ചത്

## കൈപ്പറമ്പ് പഞ്ചായത്ത്



## വികസനപദ്ധതികൾ

തൃശൂർ നഗരത്തിൻെറ വടക്കു പടിഞ്ഞാറ് ഭാഗത്തായി ഉദ്ദേശം 10 കി. മീ. ദൂരെ കൈപറമ്പ് ഗ്രാമ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. നാഗരികതയുടെ സ്വാധീന വലയത്തിനുള്ളിലും ഗ്രാമീണതയുടെ തനിമ നിലനിർത്തി പോരുന്ന കൈപറമ്പ് ലോകവിപണിയിൽ മിന്നിത്തിളങ്ങുന്ന വൈരക്കൽ സംസ്കരണ മേഖലയിൽ കേരളത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. ഉത്രാട നാളിൽ ഗുരുവായൂരപ്പ സന്നിധിയിൽ അർപ്പിക്കപ്പെടുന്ന കാഴ്ചക്കുലയും കൈപറമ്പിൻേറതുതന്നെയാണ്.



വൈരക്കൽ പോളിഷിംഗ് ചെയ്യുന്ന വനിതാ തൊഴിലാളികൾ പഞ്ചായത്തിലെ പ്രധാനതൊഴിൽ മേഖലയാണിത്.

നഗരത്തിലെ സമ്പന്നരും ഇടത്തരക്കാരും സ്ഥിരതാമസമാക്കാൻ ഈ പ്രദേശത്തേക്ക് ആകൃഷ്ടരായതോടെ കൈപറമ്പ് തൃശൂരിൻെറ ഒരു ഉപഗ്രഹ പട്ടണമായി മാറി വരുന്നുവെന്ന് വിദഗ്ദ്ധ അഭിപ്രായമുണ്ട്. ഗ്രാമീണ ജനജീവിതത്തിൽ നാഗരികതയുടെ സ്വാധീനം ചെലുത്താൻ ഇത് വഴിയൊരുക്കി.

ജനസാന്ദ്രത കൂടിവരുന്ന ഈ പ്രദേശത്ത് ജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേററാൻ ദീർഘവീക്ഷണത്തോടെയുള്ള ഒട്ടനവധി പദ്ധതികൾക്ക് പഞ്ചായത്ത് രൂപം നൽകിയിട്ടുണ്ട്. പൊതു മാരക്കററ്, ബസ്സ് സ്ററാൻറ്, ടാക്സി സ്ററാൻറ്, കംഫർട്ട് സ്റേറഷൻ, ട്രേഡ് സെൻറർ, ഷോപ്പിങ്ങ് കോംപ്ലക്സ്, സാംസ്കാരിക നിലയങ്ങൾ, കമ്മ്യൂണിററി ഹാൾ, കളി സ്ഥലം, ടി. വി. സെൻറർ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ശുദ്ധജല വിതരണം, വെളിച്ചം, റോഡ്, സാനിററി പദ്ധതികൾ എന്നിവക്ക് പുറമെയാണിത്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നതിനുമുൻപ് തന്നെ സംസ്ഥാനത്ത് ആദ്യമായി ഒരു മാതൃക വികസന ആസൂത്രണ പദ്ധതിക്ക് കൈപറമ്പ് ഗ്രാമ പഞ്ചായത്തിൽ തുടക്കം കുറിച്ചിരുന്നു. സംസ്ഥാന സർക്കാരിൻെറ പ്ലാനിങ്ങ് ആൻറ് ഇക്കണോമിക് അഫയേഴ്സ് വിഭാഗത്തിൻെറയും, കോഴിക്കോട് സർവ്വകലാശാല സാമ്പത്തിക വിഭാഗത്തിൻെറയും സഹായത്തോടെ തൃശൂർ ജോൺ മത്തായി സെൻററിലെ സാമ്പത്തിക വിഭാഗം തലവനായ ഡോ. പി. പിള്ളയുടെ നേതൃത്വത്തിൽ വിടുവീടാന്തരമുള്ള ഒരു സർവ്വെ ഈ പഞ്ചായത്തിൽ പൂർത്തിയാക്കുകയും സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.



സംസ്ഥാനത്തെ പ്രഥമ സംരംഭമായ ഗ്രാമപഞ്ചായത്ത്തല മാതൃകാവികസനപദ്ധതി തയ്യാറാക്കൽ കൈപറമ്പ് പഞ്ചായത്തിൽ 1995 ഡിസംബർ 9 ശനിയാഴ്ച

പഞ്ചായത്തിലെ പത്ത് വാർഡുകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഗ്രാമ സഭ സമിതി അംഗങ്ങളുടെ സഹായത്തോടെ തികച്ചും ജനകീയമായ രീതിയിലാണ് ഈ സർവ്വെ നടത്തിയതെന്നതു പ്രസ്താവ്യമാണ്. അതിനോടനുബന്ധിച്ച് ഗ്രാമ സമിതിയംഗങ്ങളുടെയും പഞ്ചായത്ത് സമിതിയുടെയും സംയുക്തമായ നിരവധി ചർച്ചകൾ പഞ്ചായത്തിൽ നടത്തിയിരുന്നു. മിക്കവാറും ചർച്ചകളിൽ ഡോ. പി. പിള്ളയും, പ്രാരംഭ ഘട്ടത്തിൽ ജില്ലാ പ്ലാനിങ്ങ് ഓഫീസർ ശ്രീ. ശങ്കുണ്ണിയും മാതൃകാ വികസന ആസൂത്രണ പദ്ധതിയെ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി സന്നിഹിതയായിരുന്നു. ബന്ധപ്പെട്ട ദ്വിതീയ വിവര ശേഖരങ്ങൾ നടത്തിയത് സർവ്വകലാശയിലെ സാമ്പത്തിക ശാസ്ത്ര ശാസ്ത്ര വിഭാഗത്തിൽനിന്നും തിരഞ്ഞെടുത്തയച്ച വിദ്യാർത്ഥികളായിരുന്നു. അപ്രകാരം ശേഖരിച്ച ഒട്ടനവധി സ്ഥിതി വിവര കണക്കുകൾ ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ രൂപരേഖ തയ്യാറാക്കുന്നതിന് കൂടുതൽ സഹായകമായി എന്ന് പറയേണ്ടതില്ലല്ലോ.



കേരളത്തിലെ പ്രഥമ ഗ്രാമസഭ
കൈപറമ്പ് പഞ്ചായത്തിൽ
1995 നവംബർ 5 ഞായറാഴ്ച

ത്രിതല പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നതിന് തുടർന്ന് 1995 നവംബർ മാസം 5-ാം തിയതി മുണ്ടൂർ വടക്കു മുറി ചെറുകുറുമ്പക്കാവ് ക്ഷേത്ര മൈതാനിയിൽ ചേർന്ന ഗ്രാമ സഭ സംസ്ഥാനത്തെ പ്രഥമ ഗ്രാമ സഭയായിരുന്നു എന്നത് ശ്രദ്ധേയമാണ്. ശ്രീ. ടി. വി. ചന്ദ്രമോഹൻ എം. എൽ. എ. ഉദ്ഘാടനം ചെയ്ത പ്രസ്തുത ഗ്രാമ സഭയിൽ ജില്ലാ കളക്ടർ ശ്രീ. രാജീവ് സദാനന്ദനും, ജില്ലാ ഉദ്യോഗസ്ഥന്മാരും പങ്കെടുത്തു. 'അനർട്ടി'ന്റെ ആഭിമുഖ്യത്തിൽ പാരമ്പര്യേതര ഊർജ്ജത്തെക്കുറിച്ചുള്ള പ്രദർശനവും ഉണ്ടായിരുന്നു.



ജനകീയാസൂത്രണപ്രസ്ഥാനം
ഉൽഘാടനം

നെതർലാൻറ് സർക്കാരിന്റെ സഹായത്തോടെ ഒരു സാമൂഹിക ജലസേചന പദ്ധതിക്ക് തുടക്കം കുറിച്ചതും ഈ പഞ്ചായത്തിലാണ്. 43 ചെറുകിട കർഷകകുടുംബങ്ങൾക്ക് കുടി വെള്ളവും തെങ്ങ്, കവുങ്ങ്, വാഴ തുടങ്ങിയ കൃഷിക്കാവശ്യമായ വെള്ളവും സ്ഥിരമായി ലഭിക്കുന്ന ഈ പദ്ധതിയുടെ നടത്തിപ്പുകാർ ഗുണഭോക്താക്കൾ തന്നെയാണ്. മററു വാർഡുകളിലും ഈ പദ്ധതിയുടെ പ്രാരംഭ സർവ്വെ നടന്നു കഴിഞ്ഞിട്ടുണ്ട്.

പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടി ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ നടപ്പാക്കുന്ന 'വിദ്യാജ്യോതി'യെന്ന സമഗ്ര സ്കൂൾ വിദ്യാഭ്യാസ പദ്ധതി മാതൃകാപരമായി ഈ പഞ്ചായത്തിൽ നടപ്പാക്കി വരുന്നു.



പേരാതൃക്കോവ് പാടശേഖരം. വിത്തുണക്കുന്ന കർഷകത്തൊഴിലാളി

ദുർബ്ബല വിഭാഗങ്ങൾക്കുവേണ്ടി പഞ്ചായത്ത് ഫണ്ടുപയോഗിച്ച് മുന്നൂറിൽപരം വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ഇന്ദിരാ വികാസ് പത്ര ഗ്രാൻറുപയോഗിച്ച് 105 കക്കൂസുകൾക്കും ധനസഹായം നല്കിയിട്ടുണ്ട്. ജെ. ആർ. വൈ., ഐ. എ. വൈ. പദ്ധതികൾ പ്രകാരം നല്കി വരുന്ന വീടുകൾക്കും കക്കൂസുകൾക്കും പുറമെ കപാർട്ടിന്റെ ധനസഹായത്തോടെ കോസ്ററ് ഫോർഡ് നിർമ്മിക്കുന്ന അമ്പത് വീടുകളിൽ 10 വീടുകളുടെ പണി നടന്നു വരുന്നു. സോഷ്യോ ഇക്കണോമിക് യൂണിററിന്റെ ധനസഹായത്തോടെ പെരി



കൈതച്ചക്ക ഉൽപാദനം പുരോഗമിക്കുന്നു.

ങ്ങന്നൂർ ഹരിജൻ കോളനിയിൽ അനുവദിച്ച മുപ്പത് കക്കൂസുകളും പണി ചെയ്തു വരുന്നുണ്ട്.

സ്പോർട്സ് രംഗം സമ്പുഷ്ടമാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഭരണസിരാ കേന്ദ്രമായ മുണ്ടൂരിൽ പഞ്ചായത്തിന്റെ അധീനതയിൽ 2 ഏക്കർ 30 സെൻറ് സ്ഥലം വാങ്ങിയിട്ടുണ്ട്. തൊട്ടുടുത്ത ഭൂവുടമകളുടെ സഹകരണത്തോടെ ഈ മൈതാനം വിപുലമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒന്നര ലക്ഷം രൂപ ചിലവിൽ എം. പി. യുടെ ഫണ്ട് ഉപയോഗിച്ച് ഒരു ഓപ്പൺ എയർ സ്റേറജും പഞ്ചായത്തിൽ നിർമ്മിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി ഏഴ് കളർ ടെലിവിഷൻ സെററുകൾ ആറ് കോളനികൾക്കായി സ്ഥാപിച്ചിട്ടുണ്ട്.

ജനസാന്ദ്രതയേറി വരുന്ന പ്രദേശമാണെങ്കിൽപോലും ഈ പഞ്ചായത്തിന്റെ ഏററവും ഉയർന്ന പ്രദേശമായ മുണ്ടൂർ വടക്കുമുറി ഭാഗത്ത് അയ്യംകുന്നിൽ കണ്ടുവരുന്ന പീലിവിടർത്തിയാടുന്ന മയിൽ കണ്ണിന് കുളിർമയേകുന്ന ദൃശ്യങ്ങളിലൊന്നാണ്.



അയ്യൻകുന്നിനുമുകളിൽ നിന്നുള്ള ദൃശ്യം.
ഇവിടെ നിന്നാൽ സമീപ പഞ്ചായത്തുകൾ കാണാൻ കഴിയും

(3)

## കൈപറമ്പ് ഗ്രാമ പഞ്ചായത്തിൽ
## രൂപീകൃതമായിട്ടുള്ള വിവിധ സമിതികൾ

1. പഞ്ചായത്ത് വികസന സമിതി
2. കാർഷിക വികസന സമിതി
3. സാംസ്കാരിക സമിതി
4. വനിത ക്ഷേമ സമിതി
5. വിദ്യാഭ്യാസ സമിതി
6. പഞ്ചായത്ത് സ്പോർട്സ് കൗൺസിൽ
7. ആരോഗ്യ സംരക്ഷണ സമിതി

□



ശ്രീ. എം.ജി.സുരേന്ദ്രൻ
(സെക്രട്ടറി)



ശ്രീമതി. എൽസി വർഗ്ഗീസ്
(വൈസ് പ്രസിഡണ്ട്)



ശ്രീമതി. മോഹിനി രവികുമാർ
(സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ)



ശ്രീ. പി.എം.രാഘവൻ
(ഒന്നാം വാർഡ് മെമ്പർ)



ശ്രീ. കെ.മാധവൻ
(രണ്ടാം വാർഡ്മെമ്പർ)



ശ്രീമതി. ഷീജ ശിവദാസൻ
(അഞ്ചാം വാർഡ് മെമ്പർ)



ശ്രീമതി. ലിസി ജേക്കബ്
(എട്ടാം വാർഡ് മെമ്പർ)



ശ്രീ. എം.വി.രാമചന്ദ്രൻ
(ഒമ്പതാം വാർഡ് മെമ്പർ)

# ജനപ്രകൃതി

പഞ്ചായത്തിലെ ആകെ ജനസംഖ്യ 23210(കനേഷുമാരി 1991) ആണ്. സ്ത്രീകളുടെ എണ്ണം 11924 ഉം പുരുഷന്മാരുടേത് 11286 ഉം ആണ്. സ്തീ- പുരുഷ അനുപാതം 1057 ആണ്. (സംസ്ഥാന തലത്തിൽ ഇത് 1036 ഉം, ജില്ലാതലത്തിൽ 1085 ഉം ആണ്) പട്ടികജാതി ജനസംഖ്യ ആകെ ജനസംഖ്യയുടെ 9.81 ശതമാനമാണ്. പട്ടികവർഗ്ഗം ഈ പഞ്ചായത്തിൽ ഇല്ല. ആകെ കുടുംബങ്ങളുടെ എണ്ണം 4404 ഉം, സാക്ഷരതാ നിരക്ക് 83.01 ശതമാനവുമാണ്. പഞ്ചായത്തിലെ ജനസാന്ദ്രത 1133 ആണ്. സംസ്ഥാന ജില്ല ജനസാന്ദ്രതയേക്കാൾ വളരെ ഉയർന്ന നിരക്കാണിത്.

പഞ്ചായത്തിൽ നടത്തിയ സർവ്വേയിൽനിന്നും ലഭിച്ച വിവരമനുസരിച്ച് 1996 ലെ ജനസംഖ്യ 24630 ആണ് സ്ത്രീകളുടെ എണ്ണം 12680 ഉം പുരഷന്മാരുടേത് 11950. 1991നും 1991നും ഇടയിൽ ജനസംഖ്യ 1.19 ശതമാനം വർദ്ധിച്ചു. സ്ത്രീകളുടെ വർദ്ധനാ നിരക്ക് 1.237, പുരുഷന്മാരുടേത് 1.195. പട്ടികജാതിജനസംഖ്യ 2454 ആണ്. അതിൽ സ്ത്രീകൾ 1276. പുരുഷന്മാർ 1178(സ്ത്രീപുരുഷ അനുപാതം 1083). പട്ടികജാതി ജനസംഖ്യ ആകെ ജനസംഖ്യയുടെ 9.96 ശതമാനമാണ്. പട്ടികജാതി ജനസംഖ്യയുടെ വർദ്ധനാനിരക്ക് (1991-1996 നും ഇടയിൽ) 1.5 ശതമാനമാണ്.

സാക്ഷരത നിരക്ക് 92.1 ശതമാനമാണ് - സ്തീകളിൽ 91.88 ശതമാനവും പുരഷന്മാരിൽ 92.25 ശതമാനവും സാക്ഷരരാണ്.

**പട്ടിക 1. ജനസംഖ്യ വാർഡ് തിരിച്ച്**

| വാർഡ് | | ജനസംഖ്യ | | | | | |
|---|---|---|---|---|---|---|---|
| | | 1991 സെൻസസ് | | | 1996 സർവ്വേ | | |
| | പേര് | സ്ത്രീ | പുരുഷൻ | ആകെ | സ്ത്രീ | പുരുഷൻ | ആകെ |
| 1. | പുത്തൂർ | 1311 | 1246 | 2557 | 1399 | 1324 | 2723 |
| 2. | കൈപ്പറമ്പ് | 1404 | 1451 | 2855 | 1502 | 1549 | 3051 |
| 3. | പുറ്റേക്കര | 1321 | 1259 | 2580 | 1410 | 1340 | 2750 |
| 4. | മുണ്ടൂർ | 1278 | 1170 | 2448 | 1364 | 1241 | 2605 |
| 5. | ആണ്ട പറമ്പ് | 1215 | 1094 | 2309 | 1293 | 1157 | 2450 |
| 6. | പുഴമുക്ക് | 1236 | 1208 | 2444 | 1316 | 1282 | 2598 |
| 7. | പേരാമംഗലം പടിഞ്ഞാറ് | 1063 | 1030 | 2093 | 1124 | 1087 | 2211 |
| 8. | " തെക്ക് | 1061 | 996 | 2057 | 1134 | 1049 | 2171 |
| 9. | " കിഴക്ക് | 993 | 902 | 1895 | 1074 | 946 | 1995 |
| 10. | " വടക്ക് | 1042 | 930 | 1972 | 1103 | 975 | 2078 |
| | | 11924 | 11286 | 23210 | 12680 | 11950 | 24650 |

**പട്ടിക 2**

**പട്ടികജാതി ജനസംഖ്യ - വാർഡ്തിരിച്ച്**

| വാർഡ്നമ്പർ | സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|---|
| 1. | 149 | 132 | 281 |
| 2. | 157 | 137 | 194 |
| 3. | 268 | 232 | 500 |
| 4. | 106 | 110 | 216 |
| 5. | 111 | 90 | 201 |
| 6. | 185 | 192 | 377 |
| 7. | 139 | 122 | 261 |
| 8. | 39 | 50 | 89 |
| 9. | 53 | 54 | 107 |
| 10. | 69 | 59 | 128 |
| | 1276 | 1178 | 2454 |

അവലംബം: സർവ്വേ 1996

## തൊഴിൽ

ജനസംഖ്യയിൽ 37.6 ശതമാനം മാത്രമാണ് തൊഴിൽ ചെയ്യുന്നവർ. പട്ടിക 3ൽ ജനസംഖ്യയുടെ തൊഴിൽ തിരച്ചുള്ള വിഭജനം സൂചിപ്പിച്ചിരിക്കുന്നു.

**പട്ടിക 3. ജനസംഖ്യ - തൊഴിൽ വിഭജനം**

| | തൊഴിൽ | എണ്ണം | ശതമാനം |
|---|---|---|---|
| 1. | തൊഴിൽ ചെയ്യുന്നവർ | 9261 | 37.60 |
| 2. | തൊഴിൽ രഹിതർ | 2473 | 10.04 |
| 3. | വീട്ടമ്മമാർ | 4027 | 16.35 |
| 4. | വിദ്യാർത്ഥികൾ | 4417 | 17.93 |
| 5. | കുട്ടികൾ | 2057 | 8.35 |
| 6. | പ്രായമായവർ | 1959 | 7.90 |
| 7. | പുറത്തുനിന്നുള്ള തൊഴിലാളികൾ | 436 | 177 |
| | ആകെ | 24630 | 100 |

അവലംബം: സർവ്വേ 1996

(6)

ചിത്രം (1)ൽ പ്രവർത്തി ചെയ്യുന്ന ജനങ്ങളുടെ കണക്ക് ശതമാനമായി വിശദീകരിച്ചിരിക്കുന്നു

ചിത്രം (1)




1. തൊഴിൽ ചെയ്യുന്നവർ
2. തൊഴിൽ രഹിതർ
3. വീട്ടമ്മമാർ
4. വിദ്യാർത്ഥികൾ
5. കുട്ടികൾ
6. പ്രായം ചെന്നവർ
7. പുറത്തനിന്നു വന്ന തൊഴിലാളികൾ

തൊഴിൽ രഹിതരുടെ വിദ്യാഭ്യാസയോഗ്യത അനുസരിച്ചുള്ള വിവരങ്ങൾ പട്ടിക 4 ൽ സൂചിപ്പിച്ചിരിക്കുന്നു.

**പട്ടിക 4**

**തൊഴിൽ രഹിതർ -**

**വിദ്യാഭ്യാസ യോഗ്യത അനുസരിച്ച്.**

| | എണ്ണം | | |
|---|---|---|---|
| വിദ്യാഭ്യാസ യോഗ്യത | സ്ത്രീ | പുരുഷൻ | ആകെ |
| നിരക്ഷരർ-പത്താം ക്ലാസ്സിൻതാഴെ | 142 | 103 | 245 |
| പത്താം ക്ലാസ്സ് | 323 | 246 | 569 |
| പ്രീഡിഗ്രി | 204 | 132 | 336 |
| ബിരുദം | 158 | 90 | 248 |
| ബിരുദാനന്തരബിരുദം | 168 | 96 | 264 |
| എജിനീയറിംഗ് ബിരുദം | 10 | 12 | 22 |
| ഐ.റ്റി.ഐ | 71 | 127 | 198 |
| എച്ച്.ഡി.സി. | 21 | 8 | 29 |
| ബി.എഡ് | 24 | 16 | 40 |
| ടൈപ്പ് | 127 | 76 | 203 |
| ടെയിലറിംങ് | 22 | - | 22 |
| മറ്റുള്ളവർ | 113 | 184 | 297 |
| ആകെ | 1383 | 1090 | 2473 |

അവലംബം സർവ്വേ 96

തൊഴിലില്ലാത്തവരിൽ 10 ശതമാനം മാത്രമേ പത്താം ക്ലാസ്സിൽ താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളവരായുള്ളൂ. സാങ്കേതിക വിദ്യാഭ്യാസം നേടിയവർപോലും തൊഴിലില്ലാപ്പടയിലുണ്ട്.

പഞ്ചായത്തിലെ സ്ത്രീകളുടെ തൊഴിലില്ലായ്മ പുരുഷന്മാരുടേതിനേക്കാൾ കൂടുതൽ രൂക്ഷമാണ്.

ആകെയുള്ള 4417 വിദ്യാർത്ഥികളിൽ 3073(69.5 ശതമാനം) സ്കൂൾ വിദ്യാർത്ഥികളാണ് (പട്ടിക 5 കാണുക) വിദ്യാഭ്യാസം ചെയ്യുന്ന പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളെ അപേക്ഷിച്ചു കുറവാണ് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**പട്ടിക 5 - വിദ്യാർത്ഥികൾ**

| തരം | എണ്ണം | | | |
|---|---|---|---|---|
| | പെൺ | ആൺ | ആകെ | ശതമാനം |
| സ്കൂൾ (പത്താംക്ലാസ്സ്/ താഴെ) | 1464 | 1609 | 3073 | 69.6 |
| പ്രി ഡിഗ്രി | 405 | 300 | 705 | 15.7 |
| ബിരുദം/ബുരദാനന്തര ബിരുദം | 58 | 34 | 92 | 2.1 |
| ബി.ടെക് | 4 | 10 | 14 | 0.3 |
| എം.ബി.ബി.എസ് | 10 | 12 | 22 | 0.4 |
| എം.ബി.എ/ഗവേഷണം | 44 | 38 | 82 | 1.8 |
| സാങ്കേതികം | 55 | 91 | 146 | 3.3 |
| തയ്യൽ | 70 | - | 70 | 1.5 |
| കൽപ്പണി | - | 18 | 18 | 0.4 |
| ആശാരിപ്പണി/ മറ്റുകരകൗശലം | - | 99 | 99 | 2.2 |
| ഡയമണ്ട് കട്ടിംങ്ങ് | 31 | 65 | 96 | 2.2 |
| ആകെ | 2141 | 2276 | 4417 | 100 |

സർവ്വേ 96

പഞ്ചായത്തിലെ തൊഴിൽ ശക്തി 11,734 ആണ്, (പട്ടിക -3) ഇത് ആകെ ജനസംഖ്യയുടെ 47.6 ശതമാനമാണ്. തൊഴിൽ ചെയ്യുന്നവരും തൊഴിലില്ലാത്തവരും ചേർന്നതാണ് തൊഴിൽ ശക്തി. തൊഴിൽ ചെയ്യുന്നവർ തൊഴിൽ ശക്തിയുടെ 78.92 ശതമാനംവരും. ഇത് ജനസംഖ്യയുടെ 37.6 ശതമാനമാണ്. പഞ്ചായത്തിലെ തൊഴിലില്ലായ്മ നിരക്ക് തൊഴിൽ ശക്തിയുടെ 21.08 ശതമാനവും ജനസംഖ്യയുടെ 10.04 ശതമാനവുമാണ്.




ചിത്രം (2)

1. സ്കൂൾ(പത്താംക്ലാസ്സ/താഴെ)
2. പ്രിഡിഗ്രി
3. ഡിഗ്രി
4.. ബി.ടെക്
5. എം.ബി.ബി.എസ്
6. എം.ബി..എ/ഗവേഷണം
7.. സാങ്കേതികം
8. തയ്യൽ
9. കൽപ്പണി
10. ആശാരിപ്പണി/മറ്റു കരകൗശലം
111. ഡയമന്റ് കട്ടിംഗ്

പട്ടിക - 6

തൊഴിൽ അനുസരിച്ചുള്ള വർഗ്ഗീകരണം

| ഇനം | സ്തീ | പുരുഷൻ | ആകെ | ശതമാനം |
|---|---|---|---|---|
| കൃഷിക്കാർ | – | 870 | 870 | 9.39 |
| കർഷക തൊഴിലാളികൾ | 826 | 1027 | 1850 | 19.97 |
| ഗ്രാമീണ കൈത്തൊഴിൽ | - | 426 | 426 | 4.60 |
| വ്യവസായിക തൊഴിലാളികൾ | | | | |
| 1. ഫാക്ടറി | 32 | 22 | 54 | 0.006 |
| 2. ഡയമണ്ട് കട്ടിങ്ങ് | 203 | 467 | 670 | 7.23 |
| 3. ചെറുകിട/കുടിൽ | 234 | 332 | 566 | 6.11 |
| നിർമ്മാണം | 351 | 267 | 618 | 6.67 |
| കച്ചവടം, ഗതാഗതം | 468 | 1447 | 1915 | 20.68 |
| സേവനമേഖല | 562 | 1730 | 2292 | 24.75 |
| ആകെ | 2676 | 6585 | 9261 | 100 |

ചിത്രം (3)ൽ വിവിധമേഖലയിൽ പ്രവർത്തി ചെയ്യുന്ന ജനങ്ങളുടെ കണക്ക് ശതമാനമായി വിശദീകരിച്ചിരിക്കുന്നു

ചിത്രം (3)




1. കർഷകർ
2. കർഷകത്തൊഴിലാളികൾ
3. ഗ്രാമീണകൈത്തൊഴിലാളികൾ
4. വ്യവസായം
5. നിർമ്മാണം
6. കച്ചവടം
7. സേവനമേഖല

തൊഴിൽ ചെയ്യുന്നതിൽ 29.36% പ്രാഥമികമേഖലയിലാണ്. വ്യവസായമേഖലയിൽ കേവലം 13.34% ആൾക്കാർ മാത്രമേ ജോലി ചെയ്യുന്നുള്ളൂ. ഫാക്ടറിത്തൊഴിലാളികൾ കേവലം 0.006 ശതമാനം മാത്രമാണ്. ഇത് പരമ്പരാഗത വ്യവസായമായ ഓട് നിർമ്മാണ മേഖലയിലാണ്. ഉല്പാദനമേഖലയായ കൃഷിയിലും വ്യവസായത്തിലും ജോലിചെയ്യുന്നവർ പകുതിയോളം മാത്രമേയുള്ളൂ

# കൃഷി, ജലസേചനം

ഭൂപരിഷ്ക്കരണ നിയമം നടപ്പിൽ വരുന്ന തുവരെ ജന്മി-കുടിയാൻ സമ്പ്രദായമായിരുന്നു കൈപറമ്പു പ്രദേശത്തു നില നിന്നിരുന്നത്. ഭൂ ഉടമകളായ ജന്മിമാരിൽ നിന്നും കൃഷിഭൂമി പാട്ടത്തിനെടുത്തു കുടിയാന്മാർ കൃഷിചെയ്തിരുന്നു. കൃഷിനാശം സംഭവിച്ചാലും പാട്ടം നല്കുക നിർബന്ധമായിരുന്നു.

## പ്രാചീനകൃഷി സമ്പ്രദായങ്ങൾ

പ്രകൃതിയും മനുഷ്യനും ആത്മബന്ധത്തിലലിഞ്ഞിരുന്ന ആ പഴയകാലം ഇന്നൊരു കടങ്കഥയായി. നെൽപാടങ്ങളും, കവുങ്ങും, തെങ്ങും, നേന്ത്രവാഴയും, കുരുമുളകും, കശുമാവും, പ്ലാവും, മാവും, നാനാജാതി ഫലവൃക്ഷങ്ങളും, വൻമരങ്ങളും നിറഞ്ഞ ഹരിതഭംഗി സ്മൃതി ചിത്രങ്ങളായി സൂക്ഷിക്കുന്നു പ്രായം ചെന്ന കൃഷിക്കാർ.

നെല്ലായിരുന്നു അന്നത്തെ പ്രധാന ധാന്യവിള. നാടൻ വിത്തിനങ്ങളായ ആര്യംകാളി, തവളകണ്ണൻ എന്നിവ വിരിപ്പുകൃഷിക്കും ചിറ്റേനി, അതിയൻ എന്നിവ മുണ്ടകൻ കൃഷിക്കും ഉപയോഗിച്ചിരുന്നു. നല്ല പ്രതിരോധ ശേഷിയുള്ള ഈ വിത്തിനങ്ങൾ കാലാവസ്ഥയ്ക്കനുസൃതമായി വിതക്കും. കന്നുകാലികളെ ഉപയോഗിച്ചു നിലംപൂട്ടും. മഴയെ ആശ്രയിച്ചുകൃഷി ചെയ്യും. ചക്രംചവിട്ടിയും, കൈറ്റൊട്ട, ചേത്ത, ഇലത്തേക്ക്, കാളത്തേക്ക് എന്നീ രീതികളായിരുന്നു ജലസേചനത്തെ നിയന്ത്രിച്ചിരുന്നത്. ജലസേചന സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ കട്ടമോഡൻ വിത്തു നടും. ചാണകം, പച്ചില, ചാരം, ആട്ടിൻ കാട്ടം ഇവയായിരുന്നു വളങ്ങൾ. പുഴുക്കേടു നിയന്ത്രിക്കാൻ കശുവണ്ടി എണ്ണയും ചിതൽക്കേടിനു വെണ്ണീറും പുഴുക്കളെ പിടിക്കുന്നതിനു നെല്ലിക്കൊമ്പിൽ മാറാല ചുറ്റി കൃഷിനിലങ്ങളിൽ വയ്ക്കും. കർഷകത്തൊഴിലാളികൾ ധാരാളമായി ലഭിച്ചിരുന്ന അക്കാലത്ത് ശരാശരി 10 മേനി വിളവു കിട്ടുമായിരുന്നു.

മുഖ്യതോട്ടവിളകളായ കവുങ്ങും തെങ്ങും ഇടകലർത്തി കൃഷി ചെയ്തിരുന്നു. ജൈവ വളപ്രയോഗത്തിനുശേഷം കവുങ്ങിൻ തോട്ടങ്ങളിൽ പുതിയ മേൽമണ്ണു ഇട്ടുകൊടുക്കാറുണ്ടായിരുന്നു. ജൂൺ ജൂലൈ മാസങ്ങളിൽ തടമെടുത്താണു വളം ചെയ്യുക. മുൻകാലങ്ങളിൽ പച്ച അടയ്ക്ക വലിച്ചെടുത്തു തോടുപൊളിച്ചു തലച്ചുമടായും, കാളവണ്ടിയിലും കേച്ചേരി അടയ്ക്ക ചന്തയിൽ കൊണ്ടുപോയി വില്ക്കുമായിരുന്നു. കർക്കിടകം, ചിങ്ങം, കന്നി, തുലാം എന്നീ മാസങ്ങളിൽ പച്ച അടയ്ക്ക കനം കുറച്ചു വെട്ടി കളി (കളർ) കൊടുത്തു കൈപറമ്പു, തലക്കോട്ടുകര ചന്തകളിൽ വിറ്റിരുന്നു. പിന്നീടു അടയ്ക്കവെട്ടു സമ്പ്രദായം കുറയുകയും പഴുക്കയായി ഉണക്കി കൊട്ടടയ്ക്കയായി അമലനഗർ, പഴഞ്ഞി, കേച്ചേരി, ചാലിശ്ശേരി എന്നീ ചന്തകളിൽ വില്ക്കാൻ തുടങ്ങി. അടയ്ക്ക പഴുപ്പിച്ചു വലിക്കാൻ തുടങ്ങിയതോടെ കവുങ്ങിൻെറ ഉല്പാദനക്ഷമത കുറഞ്ഞു. പനംകുരു, ചക്കരക്കിഴങ്ങ്, കൊള്ളിക്കിഴങ്ങ് എന്നിവ കളർ കൊടുത്ത് അടക്കയിൽ മായം ചേർക്കാൻ തുടങ്ങിയതോടെ കളി അടയ്ക്കാ കൃഷി കുറയുവാൻ കാരണമായി.

കൈപറമ്പിലുല്പാദിപ്പിക്കുന്ന നേന്ത്രവാഴക്കുലകളും കാഴ്ചക്കുലകളും വളരെ പ്രശസ്തമായിരുന്നു. വാഴപ്പിള്ളി പറിഞ്ചു ലോനപ്പൻ വടക്കുംചേരി ചാപ്പൻ നായർ എന്നിവർ അറിയപ്പെടുന്ന നേന്ത്രവാഴ കർഷകരാണ്. നാടൻ വളങ്ങളുപയോഗിച്ചു 11 മാസം കൊണ്ട് വിളയിച്ചെടുക്കുന്ന കാഴ്ചക്കുലകൾക്കു 18 കിലോ മുതൽ 25 കിലോ വരെ തൂക്കം വരും. കുലക്ക് 1150 രൂപ വരെ വില ലഭിക്കും.

തോട്ടങ്ങളിൽ ഇടവിളയായി കുരുമുളകുകൃഷി ചെയ്തിരുന്നു. ദ്രുതവാട്ട രോഗം മൂലം കുരുമുളകുകൃഷി അധികഭാഗവും നശിച്ചുപോയി. മറ്റൊരു പ്രധാന നാണ്യവിളയായിരുന്നു കശുമാവ്. കശുമാവിൻ തോട്ടങ്ങൾ ഇന്ന് വളരെ കുറവാണ്. നാണ്യവിളയായ റബ്ബർ കൃഷിയോടുള്ള താല്പര്യമാണിതിനുള്ള കാരണങ്ങളിലൊന്ന്.

വെള്ളരി, വെണ്ട, കയ്പ, കുമ്പളം, പച്ചമുളക്, പയർ, ചീര, ചേന, വഴുതിന, ചേമ്പ്, കൂർക്ക, മധുരക്കിഴങ്ങ്, കപ്പ, കാച്ചിൽ, മുരിങ്ങ, പപ്പായ, കച്ചോലം തുടങ്ങി എല്ലാ പച്ചക്കറികളും സമൃദ്ധമായി കൃഷിചെയ്തിരുന്നു. കൃഷിഭൂമിയാണ് കൈപറമ്പ് പഞ്ചായത്തു പ്രദേശം. പരമ്പരാഗതമായി വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്തിരുന്നവരുടെ തലമുറയിൽപ്പെട്ട കണ്ടിരുത്തി കൃഷ്ണൻ, രാഘവൻ, ദാമോദരൻ, അപ്പുണ്ണി, സുബ്രഹ്മണ്യൻ എന്നിവർ ഇന്നും പച്ചക്കറിത്തോട്ടങ്ങളുടെ ഉടമകളാണ്.

മുൻകാലങ്ങളിൽ മാവ്, പ്ലാവ്, തേങ്ങ, ഞാവൽ തുടങ്ങി ധാരാളം മരങ്ങൾ ഈ പഞ്ചായത്തു പ്രദേശത്തുണ്ടായിരുന്നു. 1116 ഇടവമാസത്തിൽ ഉണ്ടായ അതിശക്തമായ കൊടുങ്കാറ്റിൽ ഒട്ടനവധി വൻമരങ്ങൾ കടപുഴകി വീണു നശിച്ചുപോയി. വീടുപണിക്കും വീട്ടുപകരണങ്ങൾക്കുമായി ശേഷിച്ചവയൊക്കെ മുറിച്ചെടുത്തു.

ജാതി, കരയാംപൂ, പേര, നാരകം, ആത്തിച്ചക്ക, കട പ്ലാവ്, കോൽപുളി, കൊടപുളി, നെല്ലി, അമ്പഴം - അങ്ങിനെ സസ്യ സമൃദ്ധിയുടെ രുചിഭേദങ്ങൾ നുണഞ്ഞ നാവുകൾ വാചാലമായപ്പോൾ തങ്ങളുടെ യുവത്വ ത്തിന്റെ നാളുകൾ കർഷകരുടെ കണ്ണുകളിൽ തിളങ്ങി നിന്നു.

## 1. ഭൂവിനിയോഗം

മൊത്തം 2048 ഹെക്ടർ വിസ്തൃതിയിൽ കിട ക്കുന്ന സ്ഥലത്തിൽ 1400 ഹെക്ടർ കരപ്രദേശങ്ങളും 648 ഹൈക്ടർ നെൽകൃഷിക്കുയോജിച്ച ജല ലഭ്യ തയുള്ള സ്ഥലവുമാണ്. 1996ലെ കണക്കുപ്രകാരം 1555 ഹൈക്ടർ ഭൂമി (75.93%) കൃഷിയോഗ്യമാണ്. ജില്ലാസംസ്ഥാനതലങ്ങളുമായി താരതമ്യപ്പെടു ത്തുമ്പോൾ വനഭൂമിയില്ലാത്തതാണ് ഈ ഉയർന്ന നിര ക്കിനു കാരണം.

**കയ്പറമ്പ് പഞ്ചായത്തിലെ ഭൂവിനിയോഗം 1996**

| വിഭാഗം | വിസ്തൃതി ഹെക്ട റിൽ | വിസ്തീ ർണ്ണം |
|---|---|---|
| മൊത്തം ഭൂമി | 2048 | 100% |
| വനം | —— | —— |
| കാർഷികേതര ആവശ്യങ്ങൾക്കു ഉപയോഗിച്ച ഭൂമി | 290 | 14.16% |
| കൃഷി ചെയ്യാവുന്നതും ചതുപ്പും ഉപയോഗശൂന്യവുമായി കിടക്കുന്നവ | 150 | 1.46% |
| പലവക വൃക്ഷവിളകൾ | 94 | 4,59% |
| മൊത്തം കൃഷിയിറക്കുന്ന ഭൂമി | 79 | 3.86% |
| ഒന്നിലധികം തവണ | 1555 | 75.93% |
| കൃഷിയിറക്കുന്ന സ്ഥലം | 391 | |
| വിളവെടുക്കുന്ന മൊത്തം ഭൂവിസ്തൃതി | 1946 | |

ആകെ വിസ്തീർണത്തിൽ 290 ഹൈക്ടർ ഭൂമി (14.16%) കാർഷികേതര ആവശ്യങ്ങൾക്കു വിനിയോഗി ച്ചതായി കണക്കാക്കിയിരിക്കുന്നു. ഉപയോഗശൂന്യമായി കിടക്കുന്നതും കൃഷിക്കുപയോഗപ്പെടുത്താവുന്നതുമായ 4 ഹെക്ടർ ഭൂമി ഇവിടെയുണ്ട്. ഇവയിൽ കൂടുതലും വയൽ ഭൂമിയാണ്. പലവക വൃക്ഷവിളകൾക്കായി 79 ഹൈക്ടർ (3.86%) ഭൂമിയാണ് വിനിയോഗിച്ചിരിക്കു ന്നത്. ഒന്നിൽ കൂടുതൽ തവണ കൃഷിയിറക്കുന്ന 391 ഹൈക്ടർ ഭൂമിയും നെൽപാടങ്ങളാണ്. അങ്ങനെവ രുമ്പോൾ മൊത്തം കൃഷിയിറക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി 1946 ഹൈക്ടറാണെന്നും വ്യക്തമാകും.

ഭൂവിനിയോഗ രീതിയിൽ ചില സവിശേഷതകൾ പ്രകടമാവുന്നുണ്ട്. മൊത്തം കൃഷിക്കുപയോഗപ്പെ ടുത്തിയ 1555 ഹൈക്ടർ ഭൂമിയിൽ 1017 ഹെക്ടർ തോട്ടകൃഷിക്കുപയോഗിച്ചിരിക്കുന്ന കരഭൂമിയും 538 ഹെക്ടർ നെൽകൃഷി ചെയ്യുന്ന വയലുകളുമാണ്. അതായത് 648 ഹെക്ടർ വയൽ ഭൂമിയിൽ 1996ലെ കണക്കുപ്രകാരം 110 ഹെക്ടറിൽ കൃഷിയിറക്കിയിട്ടില്ല. 1400 ഹൈക്ടർ കരഭൂമിയിൽ ഇത് കേവലം 12 ഹൈക്ടർ മാത്രമാണ്. വയൽ തരിശിടാനുള്ള കർഷ കരുടെ വർദ്ധിച്ചുവരുന്ന പ്രവണത പരിശോധിക്കേണ്ട താണ്. അതുപോലെ 79 ഹെക്ടർ വരുന്ന പലവക വൃക്ഷവിളകളുടെ ഒരു നല്ലപങ്കും മറ്റു പ്രധാന കൃഷി കൾക്കായി തരപ്പെടുത്താവുന്നതാണ്.

## 2. വിളവിഭജനം

മേൽകാണിച്ചിരിക്കുന്നതുപോലെ കൃത്യമായി കൃഷിയിറക്കുന്ന 1555 ഹൈക്ടറിൽ മൊത്തം കൃഷി ക്കുപയോഗപ്പെടുത്തിയിരിക്കുന്ന ഭൂമി 1946 ഹെക്ടറു മാണ്.

കയ്പറമ്പ് പഞ്ചായത്തിലെ പ്രധാന കാർഷികവി ളകൾ യഥാക്രമം (35 ഹെക്ടർ കോൾ നിലങ്ങ ളുൾപ്പെടെ) നെൽകൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 523 ഹൈക്ടറും തെങ്ങ് 378 ഹെക്ടറും അടക്ക 320 ഹെക്ടറുമാകുന്നു. മറ്റു പ്രധാനവിളകളിൽ കശുമാവ്, കുരുമുളക്, നേന്ത്രവാഴയും മറ്റു വിവിധ ഇനങ്ങളും, കൈതച്ചക്ക, റബ്ബർ മുതലായവയാണ്. വിള വിഭജന മാതൃക പട്ടികയിൽനിന്നും മനസ്സിലാക്കാം.

*ടേബിൾ 3.9.*

**വിളവിഭജനം**

| കൃഷിവിവരം | ഭൂവിസ്തീർണ്ണം ഹെക്ടറിൽ | നിരക്ക് |
|---|---|---|
| നെല്ല് 1. വിരിപ്പ് | 391 | 20.09 |
| 2. മുണ്ടകൻ | 488 | 25.08 |
| 3. പുഞ്ച | 35 | 1.80 |
| മൊത്തം | 914 | 46.97 |
| തെങ്ങ് | 378 | 19.42 |
| കവുങ്ങ് | 320 | 16.44 |
| കുരുമുളക് | 37 | 1.90 |
| നേന്ത്രവാഴ | 32 | 1.64 |
| മറ്റുവാഴകൾ | 69 | 3.54 |
| കശുമാവ് | 71 | 3.65 |
| കപ്പ | 9 | 0.46 |
| പച്ചകറി | 17 | 0.87 |
| കൈതച്ചക്ക | 20 | 1.03 |
| പയറുവർഗ്ഗങ്ങൾ | 10 | 0.52 |
| റബ്ബർ | 12 | 0.62 |
| ഇഞ്ചി | 3 | 0.16 |
| മഞ്ഞൾ | 4 | 0.21 |
| ജാതി | 3 | 0.16 |
| മറ്റിനങ്ങൾ | 47 | 2.41 |
| മൊത്തം | 1946 | 100.00 |

(൭)

### 3. ഭൂവിതരണക്രമം

കയ്പറമ്പ് പഞ്ചായത്തിൽ 4910 കുടുംബങ്ങളുടെ കൈവശത്തിലായി 1765.15 ഹൈക്ടർ ഭൂമിയുണ്ട്. ഒരു കുടുംബത്തിന് ശരാശരി 0.42 ഹെക്ടർ ഭൂമി എന്നുകാണാം. 0.2 ഹെക്ടർ (ഏകദേശം 5 സെൻറ്) ഭൂമിയിൽ താഴെയുള്ള കുടുബങ്ങൾ 11.26 ശതമാനം വരുന്നു. ശ്രദ്ധിക്കപ്പെടേണ്ട മറ്റൊരു വസ്തുത ഈ പഞ്ചായത്തിലെ 57.41% കുടുംബങ്ങളും 0.10 ഹെക്ടർ (25 സെൻറ്) മാത്രം ഭൂമിയുള്ളവരാണ്. 2 ഹെക്ടർ ഭൂമിയിൽ (5 ഏക്കർ) കൂടുതൽ കൈവശമുള്ള കുടുംബങ്ങൾ ആകെയുള്ള കുടുംബങ്ങളുടെ 2.1% മാത്രം. കുടുംബങ്ങളുടെ കൈവശമുള്ള ഭൂമിയുടെ വിതരണം 3.9 പട്ടികയിൽ ചേർത്തിരിക്കുന്നു.

**1996 ലെ കണക്കുപ്രകാരം കുടുംബങ്ങളുടെ കൈവശമുള്ള ഭൂമിയുടെ വിതരണക്രമം.**

| കൈവശഭൂമിയുടെ വിസ്തീർണ്ണം ഹെക്ടറിൽ | കുടുംബങ്ങളുടെ എണ്ണം | നിരക്ക് | മൊത്തം വിസ്തീർണ്ണം ഹൈക്ടറിൽ |
|---|---|---|---|
| 0.00 - 0.02 | 553 | 11.26 | 5.35 |
| 0.02 - 0.04 | 742 | 15.11 | 20.26 |
| 0.04 - 0.08 | 887 | 18.07 | 51.22 |
| 0.08 - 0.10 | 637 | 12.97 | 58.33 |
| 0.10 - 0.50 | 973 | 19.82 | 246.25 |
| 0.50 - 1.00 | 602 | 12.26 | 447.50 |
| 1.00 - 2.00 | 413 | 8.41 | 622.24 |
| 2.00 - 3.00 | 70 | 1.43 | 170.00 |
| 3.00 - 4.00 | 19 | 0.39 | 69.00 |
| 4.00 - 5.00 | 11 | 0.22 | 50.25 |
| 5.00 - 10.00 | 3 | 0.66 | 24.75 |
| 10.00 കൂടുതൽ | — | — | — |
| മൊത്തം | 4910 | 100.00 | 1765.15 |

*പഞ്ചായത്ത് സർവെ 1996*

*ഇതിനെ കർഷകർ വിലയിരുത്തുന്നതിങ്ങനെയാണ്*

ജൈവവളങ്ങളുടെ ലഭ്യത കുറഞ്ഞതു മൂലവും ഉള്ള ജൈവവളം കൃഷിസ്ഥലത്തെത്തിക്കാൻ തൊഴിലാളികളെ കിട്ടുന്നതിനുള്ള ബുദ്ധിമുട്ടുമൂലവുമാണ് രാസവസ്തുക്കൾ കൂടുതലായി ഉപയോഗിക്കാൻ തുടങ്ങിയത്. കീടനാശിനി കൂടുതലായി ഉപയോഗിക്കുന്നതു മൂലമാണ് മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും രോഗങ്ങൾ കൂടി നാശനഷ്ടങ്ങൾ സംഭവിക്കുന്നത്. മണ്ണിര മിത്രകീടങ്ങൾ എന്നിവ ഭൂമിയിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. കന്നുകാലി തീറ്റയ്ക്കു വൈക്കോൽ ലഭിക്കുന്നതിനും കാടനാശിനികളുടെ ഉപയോഗം കുറവായതുകൊണ്ടും മുണ്ടകൻ നിലങ്ങളിൽ പഴയ ഇനം വിത്തുകളും പുഞ്ചനിലങ്ങളിൽ അത്യുൽപാദന ശേഷിയുള്ള വിത്തുകളും ഉപയോഗിക്കാൻ തുടങ്ങിയിരിക്കുന്നു. രാസവളങ്ങൾക്കും കീടനാശിനികൾക്കും വില വർദ്ധിച്ചതിനാൽ ഇപ്പോൾ നെൽകൃഷി ലാഭകരമല്ലാതായി. ഭൂഉടമകൾ മറ്റാവശ്യങ്ങൾക്കായി കൃഷിഭൂമി ഉപയോഗിക്കാൻ തുടങ്ങി. കാർഷിക വിളകൾ വിറ്റഴിക്കുന്നതിനായി പഞ്ചായത്തിൽ ഒരു വിപണി പോലും ഇല്ല.

ഭൂവിനിയോഗ രീതിയിൽ പ്രകടമായ സവിശേഷതകൾക്കു കർഷകരുടെ ഈ വിലയിരുത്തൽ ഉത്തരം നല്കുന്നു. 1996ലെ കണക്കുപ്രകാരം വയൽഭൂമിയിൽ

# ആധുനിക കൃഷിരീതികൾ പ്രശ്നങ്ങളും സാദ്ധ്യതകളും

ജൈവവളങ്ങളുടെ ദൗർലഭ്യവും വിലവർദ്ധനവും കർഷക തൊഴിലാളികളുടെ അഭാവവും ആധുനിക കൃഷി സമ്പ്രദായങ്ങളോടു കർഷകരെ അടുപ്പിച്ചു. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളും രാസവള പ്രയോഗവും വ്യാപകമായി നിലവിൽ വന്നു. പുഴുക്കേടും ചിതൽക്കേടും തടയുന്നതിനുള്ള പരമ്പരാഗതമായ രീതികളുപേക്ഷിയ്ക്കുകയും കീടനാശിനികളുടെ ഉപയോഗം വർദ്ധിക്കുകയും ചെയ്തു. ജീവിതസൂചികയിൽ വന്ന മാറ്റങ്ങൾക്കനുസൃതമായി കൂലിയിലും വർദ്ധനവുണ്ടായി. കൃഷിചെലവു കൂടി. പ്രതീക്ഷിച്ച ഉല്പാദനവർദ്ധനവുണ്ടായില്ല. കർഷകനു നഷ്ടമായി. മറ്റു തൊഴിൽ മേഖലകളിലുള്ള മെച്ചപ്പെട്ട വേതനം കർഷകത്തൊഴിലാളികളെ ആ രംഗങ്ങളിലേക്കാകർഷിച്ചു. തൊഴിലാളികളെ കിട്ടാതായി. കൃഷി അനാകർഷകമായി. കാർഷിക മേഖലയുടെ താളം തെറ്റി.

*കൈപറമ്പിലെ കൃഷിക്കാർ പറയുന്നു*

മൂപ്പു കുറഞ്ഞ അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ കണ്ടുപിടിച്ചതോടുകൂടി പഴയവിത്തുകൾ ഭൂരിഭാഗവും ഉപേക്ഷിച്ചു. പഴയ വളപ്രയോഗത്തിൻെറ രീതി മാറി, രാസവളം ഉപയോഗിക്കാൻ തുടങ്ങി. കീടരോഗബാധകൾ കൂടുതലായി കാണാൻ തുടങ്ങിയതിൻെറ ഫലമായി കീടനാശിനികൾ ഉപയോഗിക്കാൻ തുടങ്ങി. നിലങ്ങൾ ഉഴുകുന്നതിനും ട്രാക്ടർ, ട്രില്ലർ സംവിധാനങ്ങൾ നിലവിൽ വന്നു.

കന്നുകാലികളെ ഉപയോഗിച്ചു നിലം പൂട്ടുന്നതിനേക്കാൾ ലാഭം പുതിയ യന്ത്രങ്ങൾ ഉപയോഗിച്ചു നിലം ഉഴുകുന്നതാണ് നല്ലതെന്നു ജനങ്ങൾ മനസ്സിലാക്കി. രാസവളപ്രയോഗം മൂലം മണ്ണിൻെറ ഘടനയിൽ മാറ്റം വന്നു, ഫലപുഷ്ടി നഷ്ടപ്പെട്ടു, മണ്ണ് മരിച്ചു.

110 ഹെക്ടർസ്ഥലത്തും കരഭൂമിയിൽ 12 ഹെക്ടർ സ്ഥലത്തും കൃഷിയിറക്കിയിട്ടില്ല. ഈ പ്രവണത ഇനിയും കൂടുവാനുള്ള സാഹചര്യങ്ങളുമാണ് ഇപ്പോഴുള്ളത്. കാർഷിക ഘടനാമാറ്റങ്ങളുടെ ചരിത്രപരമായ അപഗ്രഥനത്തിലൂടെ മാത്രമേ പഞ്ചായത്തിൻെറ കാർഷിക ഭാവിയെ നിർണ്ണയിക്കാനാവൂ.

**കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് കാർഷികോപകരണങ്ങൾ**

| വാർഡ് | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങു കയറ്റയന്ത്രം | പോർട്ടബിൾ പമ്പുസെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രേയർ | നാപ്സ്റ്റാക്ക് സ്പെയർ | മറ്റുള്ളവ | | | |
| 1 | 1 | | 2 | 5 | 10 | – | 1 | – | 1 |
| 2 | 2 | | 3 | 8 | 15 | – | – | – | 2 |
| 3 | 1 | | 1 | 4 | 5 | – | – | 1 | – |
| 4 | – | | 2 | 2 | 10 | – | – | – | – |
| 5 | – | 1 | 5 | 4 | 5 | – | 1 | – | 2 |
| 6 | 2 | | 4 | 2 | 26 | – | 1 | 1 | 1 |
| 7 | – | | 3 | – | 8 | – | 2 | – | – |
| 8 | – | | 2 | 5 | 4 | – | 2 | – | – |
| 9 | | | – | 2 | 5 | – | 3 | – | 2 |
| 10 | – | | – | 3 | 8 | – | 1 | – | 5 |

**കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്**

**രാസവള - കീടനാശിനി വിപണനം**

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | 1993 - 94 | | | 1994 - 95 | | | 1995 - 96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം കി.ഗ്രാം | കീടനാശിനി | | രാസവളം കി.ഗ്രാം | കീടനാശിനി | | രാസവളം കി.ഗ്രാം | കീടനാശിനി | |
| | | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | **സഹകരണം** | 60952 | 71 | 928 | 58074 | 267 | 409 | 64863 | 132 | 1014 |
| | **സ്വകാര്യം** | 88806 | 104 | 1849 | 100545 | 162 | 867 | 196975 | 191 | 1436 |

## കൃഷിഭവൻ

കൈപറമ്പു പഞ്ചായത്തു കൃഷിഭവൻ 31.8.87ലാണ് നിലവിൽ വന്നത്. കൃഷിഭവനിലൂടെ നടപ്പാക്കുന്ന പദ്ധതികളാണു ചുവടെ ചേർക്കുന്നത്

### നെൽകൃഷി വികസനപദ്ധതികൾ

പുതിയ ഇനം വിത്തുകൾ കൂട്ടുകൃഷി ചെയ്യുന്നതിനായുള്ളതാണ് അംഗീകൃത വിത്തുല്പാദന പദ്ധതി. ഇതിനായി രജിസ്റ്റർ ചെയ്ത ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് കൃഷി വകുപ്പിൽ നിന്നും സൗജന്യമായി നെൽവിത്ത് നല്കും. ശാസ്ത്രീയ കൃഷി നടത്തിയുണ്ടാക്കുന്ന നെൽവിത്ത് തുടർന്നു വരുന്ന കൃഷിക്കായി ഉപയോഗിക്കുന്ന പദ്ധതിയാണിത്. നെൽകൃഷിയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രൂപ്പ് ഫാമിംഗ് സമിതികൾ മുഖേന 50% സബ്സിഡി നിരക്കിൽ ടാക്ടർ, ട്രില്ലർ മെതിയന്ത്രം എന്നിവ നൽകി വരുന്നു.

ഓരോ പൂവിലും നെൽകൃഷി ചെയ്യുന്നവർക്ക് സമിതി മുഖേന ഉത്പാദന ബോണസ് ഹെക്ടറിന് 250 രൂപ എന്ന നിരക്കിൽ വിതരണം ചെയ്യുന്നു. നെൽകൃഷിക്കു മാത്രമായി ഉപയോഗിക്കുന്ന മോട്ടോറിൻെറ വൈദ്യുതി ചാർജ് സൗജന്യമാക്കിയിട്ടുണ്ട്. യന്ത്രവൽക്കരണവും ശാസ്ത്രീയ പരിചരണവും നടപ്പിലാക്കിയാൽ ഉത്പാദന ക്ഷമത ഇപ്പോഴുള്ള 2600 കിലോയിൽ നിന്നും 3500 കിലോയായി വർദ്ധിപ്പിക്കാനും കൃഷിചിലവിൽ ഹെക്ടറിന് 1000 രൂപയുടെ കുറവ് ഉണ്ടാക്കുവാനും സാധിക്കും.

### തെങ്ങ്

### സമഗ്രനാളികേര വികസന പദ്ധതി

ഗ്രൂപ്പ് മാനേജ്മെൻറ് പദ്ധതിയുടെ ഭാഗമായി കേരസമിതി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. ചുരുങ്ങിയത് 30 സെൻറ് സ്ഥലം കൈവശമുള്ള കർഷകന് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാണ്. വായ്പാബന്ധിതമായോ അല്ലാതെയോ കിണറുകൾ കുഴിക്കുന്നതിനും പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും 33 1/3 സബ്സിഡിയോ പരമാവധി 2500 രൂപയോ നല്കും. തെങ്ങിന് മരുന്നു തളിക്കുന്നതിനായി ചവിട്ടുപമ്പിന് 1000 രൂപ സബ്സിഡിയും തെങ്ങുകയറ്റ യന്ത്രങ്ങൾക്ക് 50% സബ്സിഡിയോ ഗ്രൂപ്പ് ഇറിഗേഷൻ പദ്ധതിക്ക് 50% സബ്സിഡിയോ പരമാവധി 10000 രൂപയോ നല്കും. കൂടാതെ പച്ചിലവളച്ചെടിയുടെ വിത്ത് 50% സബ്സിഡിയിൽ വിതരണം ചെയ്യുന്നു.

### നടീൽ വസ്തുക്കൾ

1996ൽ കൃഷിഭവനിലൂടെ 300 WCT തെങ്ങിൻ തൈകളും 100 T x D തൈകളും 60 D x T തൈകളും വിതരണം ചെയ്തിട്ടുണ്ട്. ഒരു തെങ്ങിൽ നിന്നുള്ള നാളികേര ഉത്പദനം 40 തേങ്ങയിൽ നിന്നും 70 തേങ്ങയായി വർദ്ധിക്കുവാനുള്ള പദ്ധതിയാണിത്.

### കുരുമുളക്

കുറഞ്ഞത് 50 സെൻറ് കൃഷിഭൂമിയുള്ള കൃഷിക്കാർക്ക് പുതിയതായി കുരുമുളക് വച്ചു പിടിക്കുന്നതിന് 3 വർഷത്തേക്ക് രാസവളങ്ങളും കീടനാശിനിയും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. കുരുമുളക് കൃഷി വിസ്തീർണം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്.

### നടീൽ വസ്തുക്കളുടെ വിതരണം

പദ്ധതി പ്രകാരം 5000 വേരുപിടിപ്പിച്ച കുരുമുളകു വള്ളികൾ കൃഷി ഭവനിലൂടെ 1996ൽ വിതരണം ചെയ്തിട്ടുണ്ട്. കുരുമുളക് കൃഷി വികസനത്തിനുള്ള വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കിയാൽ കുരുമുളകുല്പാദനം ഹെക്ടറിന് 250 കിലോ ആയി വർദ്ധിപ്പിക്കുവാനാകും.

### കവുങ്ങ് കൃഷി

കവുങ്ങ് കൃഷിയുടെ ഉത്പാദനക്ഷമതയെ ബാധിക്കുന്ന മഹാളിരോഗം നിയന്ത്രിക്കുന്നതിനായി സബ്സിഡി നിരക്കിൽ തുരിശ് വിതരണം ചെയ്യുന്നു. 1996ൽ 200 കിലോ തുരിശ് 180 കൃഷിക്കാർക്കായി വിതരണം ചെയ്തിട്ടുണ്ട്. ജലസേചന സൗകര്യം മെച്ചപ്പെടുത്താൻ പമ്പ്സെറ്റ്, കിണർ എന്നിവയ്ക്ക് സബ്സിഡി കൂടാതെ ചവിട്ടുപമ്പ് 50% സബ്സിഡിയിൽ ലഭ്യമാക്കുന്നു. കവുങ്ങിൻെറ ഉത്പാദനക്ഷമത 500 അടയ്ക്കയിൽ നിന്നും 700 അടക്കയായി വർദ്ധിപ്പിക്കുവാനുള്ള പദ്ധതിയാണിത്.

ഈ വർഷം 300 മംഗള കവുങ്ങിൻ തൈകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്.

**കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്**

**3.5 നടീൽ വസ്തു വിതരണം**

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 319 Wct | 350 | 350 |
| കശുമാവ് | -- | -- | -- |
| കുരുമുളക് | 2500 root cuttings | 3000 cuttings | 600 cuttings |
| കവുങ്ങ് | 100 nos | --- | 200 nos |
| മാവിൻതൈകൾ | 60 nos | 100 nos | 200 nos |
| ഫലവൃക്ഷതൈകൾ (സപ്പോട്ട, ജാതി, ചെറി, ചാമ്പലും) | 70 nos | 100 nos | 50 nos |

## പച്ചക്കറി കൃഷി

വിദ്യാർത്ഥികളെ പച്ചക്കറിയിൽ താല്പര്യമുള്ളവരാക്കുന്നതിനു വേണ്ടി സൗജന്യമായി പച്ചക്കറി വിത്ത് വിതരണം ചെയ്തുവരുന്നു. പച്ചമുളക് കൃഷിക്കും പ്രോത്സാഹനം നൽകിവരുന്നു. ഈ കൃഷിക്ക് കൂടുതൽ പദ്ധതികൾ നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്. പച്ചക്കറി ഉത്പാദനം ഏകദേശം ഹെക്ടറിന് 2800 കിലോ ആയി വർദ്ധിപ്പിക്കുവാൻ സാധിക്കും.

## ഫലവർഗ്ഗകൃഷി

ഫലവർഗ്ഗകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടീൽ വസ്തുക്കൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. ഈ സാമ്പത്തിക വർഷത്തിൽ 100 ഗ്രാമ്പൂ തൈകളും 20 കറുവാപ്പട്ട തൈകളും വിതരണം ചെയ്തു. കഴിഞ്ഞ വർഷം 100 ഒട്ടുമാവിൻ തൈകളും ചാമ്പ, പേര, നില്ലി, മാതളം എന്നീ തൈകളും വിതരണം ചെയ്യുകയുണ്ടായി.

## സുഗന്ധവിള വികസന പദ്ധതി

പദ്ധതി പ്രകാരം 25 സെൻറ് സ്ഥലത്ത് ഇഞ്ചികൃഷി നടത്തുന്ന കൃഷിക്കാർക്ക് സബ്സിഡി നിരക്കിൽ കീടനാശിനി വിതരണവും കൃഷിക്ക് സാമ്പത്തിക സഹായവും നൽകുന്നു.

## കൃഷിയിൽ പ്ലാസ്റ്റിക്കിൻെറ ഉപയോഗം

### തെങ്ങുകൃഷിക്ക് പ്ലാസ്റ്റിക്കിൻെറ ഉപയോഗം

തെങ്ങുകൃഷിക്ക് ശാസ്ത്രീയമായി കണിക ജലസേചനം നടപ്പിലാക്കുവാൻ 50% സബ്സിഡി ഹെക്ടറൊന്നിനു പരമാവധി 15000/- രൂപയാണ് സബ്സിഡി. കണികജലസേചനം വഴി തെങ്ങിൻെറ ഉൽപാദനം ശരാശരി ഒരു തെങ്ങിന് 70 നാളികേരമായി വർദ്ധിപ്പിക്കാം. ഉദ്യാനകൃഷി പ്രോത്സാഹിപ്പിക്കുന്നതിൻെറ ഭാഗമായി ഓർക്കിഡ് ആന്തൂറിയം കൃഷിക്കായി നഴ്സറി നിർമ്മിക്കുവാൻ 50% സബ്സിഡി.

## പ്രത്യേകഘടക പദ്ധതി

പ്രത്യേക പദ്ധതി പ്രകാരം ഹരിജനങ്ങൾക്ക് കിണർ കുഴിക്കുവാൻ 6000/- രൂപ സബ്സിഡി. തണ്ടഘ കോളനികളിൽ കാർഷികോപകരണങ്ങൾ പമ്പുസെറ്റുകൾ മുതലായവക്ക് കൂടുതൽ ധനസഹായം ലഭ്യമാണ്. ഹരിജനങ്ങൾക്ക് ബയോഗ്യാസ പ്ലാൻറുകൾ നിർമ്മിക്കുവാൻ 8900 രൂപ സബ്സിഡി.

## പ്രകൃതി ദുരിതാശ്വാസം

പ്രകൃതിക്ഷോഭം മൂലം കാർഷിക വിളകൾ നഷ്ടപ്പെടുന്ന കൃഷിക്കാർക്ക് നഷ്ടപരിഹാരതുക നല്കുന്ന പദ്ധതിയാണിത്.

## വിള ഇൻഷ്വറൻസ് പദ്ധതി

നിശ്ചിത പ്രീമിയം അടച്ച് വിവിധ കാർഷിക വിളകൾ ഇൻഷ്വർ ചെയ്യുന്ന കൃഷിക്കാർക്ക് വിളനാശം സംഭവിക്കുന്ന പക്ഷം ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുന്നു.

യുവജന തൊഴിൽദാന പദ്ധതി പ്രകാരം കൃഷിഭവനിൽ നിന്നും അംഗത്വം നേടിയിട്ടുള്ള യുവജനങ്ങൾക്ക് വിവിധ കൃഷികൾക്കായി ആനുകൂല്യങ്ങൾ നൽകി വരുന്നു. മൃഗസംരക്ഷണ വകുപ്പ് ക്ഷീരോൽപ്പാദന വകുപ്പ് ഇവയിൽ നിന്നുള്ള പദ്ധതിയുടെ ആനുകൂല്യങ്ങൾക്കും ഇവർ അർഹരാണ്. ബയോഗ്യാസ വികസനപദ്ധതി പ്രകാരം ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കുന്നതിന് സബ്സിഡിയും നൽകുന്നു.

## മണ്ണുപരിശോധന

ശാസ്ത്രീയമായ വളപ്രയോഗം ഉറപ്പുവരുത്തുന്നതിന് കൃഷി വകുപ്പ് മുഖേന മണ്ണുപരിശോധന സൗജന്യമായി ചെയ്തുകൊടുക്കുന്നു. ണ്ണുപരിശോധനയുടെ ഫലത്തിൻെറ അടിസ്ഥാനത്തിൽ ശാസ്ത്രീയ വളപ്രയോഗത്തിലൂടെ അമിതമായതും അപര്യാപ്തവുമായ വളപ്രയോഗം ഒഴിവാക്കുവാൻ സാധിക്കും.

## നടപ്പുപദ്ധതികളുടെ അവലോകനം

തെങ്ങുകൃഷി വികസന പദ്ധതിപ്രകാരം 95-96ൽ ലഭിച്ച ഒരുലക്ഷം രൂപ പഞ്ചായത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി തുടരേണ്ടതും പദ്ധതി വിഹിതം എല്ലാവർഷവും കൃത്യസമയത്തു നല്കേണ്ടതുമാണ്.

നെൽകൃഷി വികസനം പ്രോത്സാഹിപ്പിക്കുവാനായി യനത്രവൽക്കരണം നല്ല രീതിയിൽ നടത്തുവാൻ കൊയ്ത്ത് മെതിയന്ത്രങ്ങൾ സബ്സിഡി നിരക്കിൽ ആവശ്യാനുസരണം ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് ലഭ്യമാക്കേണ്ടത് ആത്യാവശ്യമാണ്. കൂടാതെ കുമ്മായം, കീടനാശിനികൾ ഇവ സബ്സിഡി നിരക്കിൽ കൃഷിക്കാർക്ക് ലഭ്യമാക്കണം. വളപ്രയോഗം ശാസ്ത്രീയമായി ചെയ്യുന്നതിനു കർഷകനെ പരിശീലിപ്പിക്കണം. ഇതിന് ആവശ്യമായ ഫണ്ട് ലഭിക്കാറില്ല.

### 3.6 ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിൻെറ വിസ്തീർണ്ണം - ഹെക്ടർ | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | 50 | | | | 250 | 35000 |
| 1994-95 | 85 | | | | 237 | 93945 |
| 1995-96 | 25 | | | | 68 | 22410 |

തെങ്ങുകൃഷിക്ക് ആവശ്യമായ നടീൽവസ്തുക്കൾ ലഭ്യമാണെങ്കിലും ഇവ സബ്സിഡി നിരക്കിൽ വിൽക്കുവാൻ സാധിക്കുന്നില്ല. ഇതിനു സബ്സിഡി നല്കേണ്ടതാണ്. മഹാളിരോഗത്തിനെതിരായ തുരിശ് യഥാസമയം നൽകുവാൻ സാധിക്കുന്നില്ല.

നെൽകൃഷിക്ക് (പ്രത്യേകിച്ച് വിരിപ്പു കൃഷിക്ക്) അത്യുൽപാദന ശേഷിയുള്ള നെൽവിത്ത് സബ്സിഡി നിരക്കിൽ ലഭ്യമാവണം.

നേന്ത്രവാഴ കൃഷി, പച്ചക്കറി കൃഷി ഇവ വികസിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ അത്യന്താപേക്ഷിതമാണ്. മേൽത്തരം വിത്തുകളും നടീൽ വസ്തുക്കളും കൃഷിക്ക് ധനസഹായവും നല്കേണ്ടതുണ്ട്.

കൈപറമ്പ്, ചൂണ്ടൽ, കണ്ടാണിശ്ശേരി, തോളൂർ എന്നീ പഞ്ചായത്തുകളിലായി കിടക്കുന്ന 1000 ഏക്കറോളം വിസ്തീർണ്ണമുള്ള പുത്തൻ പാടം വെള്ളക്കെട്ട് കാരണം കൃഷിനശിക്കുന്ന പാടശേഖരമാണ്. തോടുകളുടെ ആഴം കൂട്ടുകയും വീതി കൂട്ടുകയും ചെയ്ത് ഇത് പരിഹരിക്കാവുന്നതാണ്. ഇത് പഞ്ചായത്തിൻെറ പരിധിയിൽ പെടാത്തതിനാൽ ബ്ലോക്ക്, ജില്ല പഞ്ചായത്തുകൾ ഇക്കാര്യത്തിൽ നടപടിയെടുക്കേണ്ടതുണ്ട്. പ്രകൃതിദത്തമായ നീർചാലുകളെ സംരക്ഷിക്കുകയും പഞ്ചായത്തിലെ KLDC ബണ്ടുകളിൽ വീതികുറഞ്ഞവയെ വീതി കൂട്ടി സംരക്ഷിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ കുളങ്ങൾ, കിണറുകൾ, തോടുകൾ എന്നിവയുടെ ജലസംഭരണശേഷി വർദ്ധിപ്പിക്കുകയും നിലനിർത്തുകയും ചെയ്യേണ്ടതുണ്ട്.

**പാടശേഖര കമ്മിറ്റി നിർദ്ദേശങ്ങൾ**

| | വാർഡ് നമ്പർ | പ്രയോജനം | എസ്റ്റിമേറ്റ് | റിമാർക്സ് |
|---|---|---|---|---|
| **1) വടക്കേ പാടത്ത് പുതിയതായി ജലസംഭരണിയുണ്ടാക്കണം.** | I | | | സ്ഥലമുണ്ട് |
| **1. അടപ്രാവ് - പുത്തൻ പാടം പാടശേഖലം**<br>എ. താണിക്കൽ വേളിച്ചിറ തോട് സൈഡ് കെട്ടി പാർശ്വങ്ങൾ സംരക്ഷിക്കുക. (1 കി. മീ)<br>ബി. കുരുത്തിക്കഴ തോട് പുതുക്കി സൈഡ്കെട്ടി പാർശ്വങ്ങൾ സംരക്ഷിക്കുക.<br>സി. കോതകുളത്തിൽ നിന്നുള്ള തോട് നവീകരിക്കുക. (2 കി. മീ)<br>ഡി. പോട്ടക്കുളം ആഴംകൂട്ടി വലുതാക്കണം | II<br>III | സംരക്ഷണം 80 ഏക്കർ<br>പാർശ്വങ്ങൾ സംരക്ഷിക്കാം | 20 ലക്ഷം<br>25 ലക്ഷം | ജില്ലാ തലത്തിലും വാഴാനി ഡാമിൽനിന്ന് വെള്ളം എത്തിക്കണം |
| **1. കൊള്ളന്നൂർ - കൊത്തേറോട്ടി പാടശേഖരം**<br>എ. അരങ്ങത്ത് പാടത്തുള്ള തോട് ആഴംകൂട്ടി പുനഃരുദ്ധരിക്കു.<br>ബി. കൊള്ളന്നൂരുകുളം ആഴം കൂട്ടി നവീകരിക്കുക. (500 മി) | III<br>III | 25 ഏക്കർ കൃഷിചെയ്യുന്നു<br>കൃഷിക്കും കുടിവെള്ളത്തിനു ഉപയോഗിക്കാം | | |
| **1. നെടുവാറകുളം പാടശേഖരം**<br>നെടുവാറകുളം തോടും മൈലാംകുളം തോടും നവീകരിക്കുക. | IV | കൃഷിക്ക് | | |
| **1. മണപ്പാടം - മുതുവന്നൂര് പാടശേഖരത്തിനുവേണ്ടി**<br>എ. മണപ്പാടം പാടത്തിൻെറ വടക്കേ അറ്റം വരെ ചാത്തൻ തോട് നീട്ടുക. (500 മി)<br>ബി. കോരകുളത്തുനിന്നുള്ള തോട് ചാത്തൻതോടുമായി ബന്ധിപ്പിക്കുക.<br>സി. കാവിൽ മനതോട് ചാത്തൻ തോടുമായി ബന്ധിപ്പിക്കുക.<br>ഡി. മണപ്പാടം കുളം, മുതുവന്നൂര് കുളം. | I<br>I<br>I<br>I | ചുറ്റുമുള്ള 10 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നു(30 കൃഷിക്കാർക്ക്). വെള്ള ശേഖരം വർദ്ധിപ്പിക്കാം. ലഭ്യതവർദ്ധിപ്പിക്കാം 20 ഹെക്ടർ | 5 ലക്ഷം<br>(300 മി) 5 ലക്ഷം<br>(600 മി) 3 ലക്ഷം<br>20 ലക്ഷം | |

| | വാർഡ് നമ്പർ | പ്രയോജനം | എസ്റ്റിമേറ്റ് | റിമാർക്സ് |
|---|---|---|---|---|
| **കോതകുളം, പോട്ടകുളം എന്നിവ ആഴംകൂട്ടി, ജലസംഭരണശേഷി വർദ്ധിപ്പിക്കുക**<br>എ. പടിഞ്ഞാറേപ്പാടം - പുത്തൂർപാടം സംബന്ധിച്ച്<br>ബി. പാറത്തോട് പുത്തൻതോടുമായി ബന്ധിപ്പിക്കുക.<br>സി. എടക്കളത്തൂർ - ആളൂർ M.L.A റോഡ് മായി ബന്ധപ്പെട്ട തോടിൻെറ ആഴം കൂട്ടുക.<br>ഡി. കുട്ടൻ തോടിൻെറ ആഴംകൂട്ടി സൈഡ് കെട്ടി ആളൂർ പുഴയിലേക്ക് യോജിപ്പിക്കണം. | II | 40 ഹെക്ടർ സ്ഥലം സഹായകമാകും<br>കൃഷിനാശത്തിൽ നിന്ന് രക്ഷിക്കും<br>കൃഷി നാശത്തിൽനിന്ന് രക്ഷിക്കാം | 2 ലക്ഷം | പീച്ചി കനാലും കെ.എൽ.ഡി.സി കനാലുമായി ബന്ധിക്കാം |
| **തണ്ണീർപാടം പാടശേഖരം**<br>എ. കോതകുളം തോട് ആഴംകൂട്ടി നവീകരിക്കുക<br>ബി. കുരുത്തികഴ തോട് വീതിയും ആഴവും കൂട്ടി നവീകരിക്കുക<br>സി. കുരഞ്ഞുണ്ണികുളം ആഴംകൂട്ടി നവീകരിക്കുക.<br>ഡി. അരാരകുളം ആഴംകൂട്ടി നവീകരിക്കുക. | V<br>V<br>V<br>V<br>V | കൃഷി സംരക്ഷണം<br>40 എക്കർ കൃഷിക്ക് ഉപയോഗിക്കും | 10 ലക്ഷം | ബ്ളോക്ക് സ്കീം<br>ജില്ലാ സ്കീം |
| **മുണ്ടൂർ പാടം പാടശേഖരകമ്മറ്റി**<br>എ. അടാട്ട് കായൽ 51-ാം തറയിൽ നിന്നുള്ള കനാലിൻെറ ആഴം കൂട്ടി നവീകരിക്കുക.<br>ബി. കരിയപ്പാടം ചിറ - കാഡ പദ്ധതിയിൽ ഉൾപ്പെടുത്തണം.<br>സി. പടന്നചാൽ മുതൽ തലകുളം വരെ റോഡ് വീതികൂട്ടി നവീകരിക്കുക.<br>ഡി. പെരിങ്ങന്നൂർ കുണ്ടോടികുളം കോൺക്രീറ്റ് സൈഡ്വാൾകെട്ടി സംരക്ഷിക്കണം. | VI<br>VI<br>VI | 100 ഹെക്ടർ കൃഷിക്ക് ഉപയോഗിക്കാം | 10 ലക്ഷം | |
| **പേരാമംഗലം പാടശേഖരം**<br>എ. ചീരൻകുളം തോട് ആഴംകൂട്ടി നവീകരിക്കുക. (കപ്പിയൂർ മനപാടം പൂർണ്ണമായും സംരക്ഷിക്കുക).<br>ബി. ചിരാൻകുളം ആഴംകൂട്ടി നവീകരിക്കുക.<br>സി. മുക്കിലകുളം ലിഫ്റ്റ് ഇറിഗേഷൻ (7, 10 വാർഡുകളിലേക്ക്) | 7-10 വാർഡുകളിലേക്ക് | കൃഷിനാശത്തിൽ നിന്ന് രക്ഷിക്കാം (30 ഏക്ര)<br>1 പൂവ് കൂടുതലായി പണിയാം | $1^1/2$ കി.മീ X 3മീ<br>5 ലക്ഷം | (Agri. purpose അല്ല)<br>Drinking - 20 ലക്ഷം |
| **കരിമ്പാടം - അകംപാടം - മേൽ മുണ്ടയൂർ പാടശേഖരം**<br>എ. മുക്കിലകുളത്തുനിന്നുള്ള തോട് വലുതാക്കുക.<br>ബി. പമ്പ് ഹൗസ് വേണം - (S.T. ലൈൻ വേണം). | | | | ഇലക്ട്രിസിറ്റി വകുപ്പ് |

| | വാർഡ് നമ്പർ | പ്രയോജനം | എസ്റ്റിമേറ്റ് | റിമാർക്സ് |
|---|---|---|---|---|
| മുണ്ടൂർ പാടം - കപ്പിയൂർ പാടം പാട ശേഖരം ആവണാവ് ചിറയിലേക്ക് K.L.D.C കനാൽ ബന്ധിപ്പിക്കണം.<br>ചുള്ളിചിറ - കൊണ്ടോട്ടി പാടത്തേക്ക് പേരാതൃക്കോവിൽ ചെക്ക്ഡാമിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് എത്തിക്കാം. ചെക്ക് ഡാം റിപ്പയർ ചെയ്യണം. തേനാരി പാലത്തിനോട് അനുബന്ധിച്ച് കുളം കെട്ടി ഉപയുക്തമാക്കണം.<br>മാങ്കുളം ഭാഗത്തുള്ള തോട് നവീരിക്കുക.<br>തേനാരി തോട്ടിൽ ചെക്ക്ഡാം എല്ലാകൃഷിക്കും ആവശ്യമാണ്. 50 ഏക്കർ കൃഷിസ്ഥലം (തുറന്നുകിടക്കുന്നു) കൈതളാവ് ചിറ റിപ്പയർ ചെയ്യണം. | | | | |
| മൈലാംകുളം പാടശേഖലം<br>മുക്കില കുളം മൈലാംകുളം തോടുകൊണ്ട് ബന്ധിപ്പിക്കുക. 300 മീ വാഴാനി കനാലിൽ നിന്ന് വെള്ളം മയിലാംകുളത്ത് എത്തിക്കണം.<br>പാണ്ടൻകുളം ആഴംകൂട്ടി നന്നാക്കുക.<br>കണ്ണംകുമരത്ത് തോട് ആഴംകൂട്ടി നന്നാക്കണം. | | കൃഷിക്ക് വെള്ളത്തിന്<br>എല്ലാ കൃഷിക്കും ആവശ്യമാണ് 50 ഏക്കർ കൃഷി സ്ഥലം തുറന്നുകിടക്കുന്നു | 5 ലക്ഷം<br>ഉല്പാദനം ഇരട്ടിപ്പിക്കാൻ കഴിയും | ജില്ലാ പഞ്ചായത്ത് പരിധിയിൽ വരുന്നത് |

# കയ്പറമ്പ് പഞ്ചായത്തിലെ സസ്യാവരണം

## പഠന പര്യടനത്തിൽ കണ്ടെത്തിയത്

| സമതലം | ചെരിവുകൾ | കുന്നിൻമുകളിൽ | ചെരിവുതലം | പാടം |
|---|---|---|---|---|
| അരണമരം | നീലതാരു | മുളക് | പൊടിനി | പുല്ലാനി പാടം |
| ഉങ്ങ് | വള്ളിക്കാര | തെങ്ങ് | കശുമാവ് | പുല്ലോറ പാടം |
| നെല്ലി | കമ്പിപ്പാല | തുളസി | കാഞ്ഞിരം | നെൽപ്പാടം |
| മുരിങ്ങ | തേക്ക് | വാക | വാക | കറുകപുല്ല് |
| പേര | കാഞ്ഞിരമരം | പുളി | തെങ്ങ് | |
| കറിവേപ്പ് | തണൽമരം | കര | റോബസ്റ്റ് | |
| ചെമ്പകം | പൈനാപ്പിൾ | കടപ്ലാവ് | കശുമാവ് | |
| ഇരുമ്പൻപുളി | കശുമാവ് | പുഷ്പഗന്ധി | നേന്ത്രവാഴ | |
| പൂവൻകുറിഞ്ഞില | തീറ്റപ്പുല്ല് | മുള്ളംകൈനി | ചേന | |
| ബധാം | പൊടിഞ്ഞി | ഞാവൽ | വഴുതിന | |
| തൊട്ടാർവാടി | കമ്മ്യൂണിസ്റ്റ് പച്ച | ശീമകൊന്ന | ചെത്തി | |
| ഔഷധചെടികൾ | നാടൻപുല്ല് | പപ്പായ | പൂള | |
| പൂള | നീരോലി | മുരിങ്ങ | ശീമകൊന്ന | |
| പപ്പായ | മൈലാഞ്ചി | ചെമ്പരത്തി | കുരുമുളക് | |
| ചൊറപ്പുല്ല് | ശീമകൊന്ന | കാവത്ത് | പഞ്ചോൽ • | |
| മുള, ചെറി | പ്ലാവ് | ചേമ്പ് | ജാതി | |
| അലങ്കാരപ്പട്ട | മാവ് | നന്ത്യാർവട്ടം | കരയാംപൂ | |
| കശുമാവ് | ചേന | കനകാംബരം | | |
| വാക | പുല്ല് | പാല | | |
| അലറിമരം | മുയൽച്ചെടി | കരിമ്പുല്ല് | | |
| ആര്യവേപ്പ് | നല്ലകായ | ആവണക്ക് | | |
| കവുങ്ങ് | പറോലം | പുല്ലാനി | | |
| തെങ്ങ് | | കോലപ്പ | | |
| കുരുമുളക് | | വേങ്ങ | | |
| പന | | കണികൊന്ന | | |
| ബജൂസ് | | തുമ്പ | | |
| മൈലാഞ്ചി | | കാട്ടുതുളസി | | |
| മുള്ളം കൈതി | | നീലനാരകം | | |
| തീപ്പെട്ടി പൂള | | അഗോരി | | |
| തുള്ളാൽ | | കാട്ടുചന്ദനം | | |
| ശംഖുപുഷ്പം | | ചണമ്പ് | | |
| മഞ്ഞൾ | | പൊനന്തൽ നാരകം | | |
| ഇഞ്ചി | | കഞ്ഞുണ്ണി | | |
| ചേമ്പ് | | | | |
| കൂർക്ക | | | | |
| കോളാമ്പി | | | | |
| കാഞ്ഞിരം | | | | |
| പൂമരം | | | | |
| ഫാഷൻഫ്രൂട്ട് | | | | |
| കൂവ | | | | |
| കൊള്ളി | | | | |
| കരിമ്പന | | | | |
| മധുരകിഴങ്ങ് | | | | |
| ചീര, സപ്പോട്ട | | | | |
| അമര, കുമ്പളം | | | | |
| വെണ്ട, ലാങ്കിലാങ്കി | | | | |

# ജലസേചനം

കാലവർഷം സാധാരണയായി ജൂൺ മുതൽ ഒക്ടോബർ മാസം വരെയാണ് പഞ്ചായത്തിനു ലഭിക്കുന്നത്. നവംബർ മുതൽ മേയ് മാസം വരെ വരണ്ട കാലാവസ്ഥ അനുഭവപ്പെടുന്നു. മാർച്ച് മുതൽ മേയ് വരെയുള്ള മൂന്നുമാസക്കാലം പഞ്ചായത്തിൽ വരൾച്ച അനുഭവപ്പെടുന്നു. ചില വർഷങ്ങളിൽ കുടിവെള്ളത്തിനുപോലും ബുദ്ധിമുട്ടുണ്ടാകുന്ന രീതിയിൽ പഞ്ചായത്തിൻെറ പല പ്രദേശങ്ങളിലും രൂക്ഷമായ വരൾച്ച അനുഭവപ്പെടാറുണ്ട്.

വാഴാനി കനാൽ, പേരാമംഗലം കനാൽഎന്നിവയാണ് പൊതു ജലസേചന സ്രോതസ്സുകൾ. നെതർലാൻറ് ഗവൺമെൻറിൻെറ സഹായത്തോടെ 1995 ൽ നിലവിൽവന്ന സാമൂഹ്യ ജലസേചന പദ്ധതിയടക്കം മൂന്നു പദ്ധതികളിൽ നിന്നുമായി 100 ഹെക്ടർ നെൽപ്പാടങ്ങൾക്കുമാത്രമേ ജലസേചനം ലഭിക്കുന്നുള്ളൂ. ജലസേചനമാവശ്യമില്ലാത്ത കോൾ നിലങ്ങളൊഴിച്ചുള്ള 488 ഹെക്ടർ നെൽപ്പാടങ്ങളുടെ 20% മാത്രമാണിത്. ഈ ജലസേചനസൗകര്യങ്ങളുപയോഗിച്ചുള്ള ഒരു വേനൽക്കാല വിളകൾ കോൾനിലങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്നു.

പഞ്ചായത്തിലൂടെയൊഴുകുന്ന ചില പ്രകൃതിദത്തമായ തോടുകളുമുണ്ട്. ഈ തോടുകളിൽ നിന്നുള്ള ജലത്തെ ആശ്രയിക്കാനാവില്ല. വേനൽക്കലത്തു അവ രണ്ടുമാസങ്ങളോളം വറ്റിക്കിടക്കും.

പഞ്ചായത്തിനുള്ളിൽ 3000 സ്വകാര്യ കിണറുകളും 200 കുഴൽകിണറുകളും 60 കുളങ്ങളുമാണുള്ളത്. കുളങ്ങളും, കുഴൽകിണറുകളും രണ്ടായിരത്തോളം കിണറുകളുമാണ് തോട്ടവിളകൾക്കുള്ള മാർഗ്ഗം. 1700 പമ്പുസെറ്റുകളിൽ വൈദ്യുതികൊണ്ടു പ്രവർത്തിപ്പിക്കുന്ന 1500 എണ്ണമാണുള്ളത്. ഇവ ഗാർഹികാവശ്യങ്ങൾക്കും തോട്ടവിളകൾക്കുമുള്ള വെള്ളം നൽകുന്നു. ഇതിൽ 25% മാത്രമേ വീട്ടാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുള്ളൂ. 40 ശതമാനത്തോളം കുടുംബങ്ങൾക്കു മാത്രമേ ചുരുങ്ങിയ രീതിയിലെങ്കിലും ജലസേടന സൗകര്യമുള്ളൂ. കൃഷിയുള്ള 1022 ഹെക്ടർ സമതല ഭൂപ്രദേശത്തിൽ 200 ഹെക്ടർ സ്ഥലത്തു മാത്രമേ ജലസേചന സൗകര്യമുള്ളൂ.

| ജലസേചന സൗകര്യമുള്ള കുടുംബങ്ങളുടെ വിതരണം | | |
|---|---|---|
| വാർഡ് | കുടുംബങ്ങളുടെ എണ്ണം | |
| | എണ്ണം | ശതമാനം |
| 1 | 233 | 52.71 |
| 2 | 101 | 46.96 |
| 3 | 179 | 34.49 |
| 4 | 90 | 36.29 |
| 5 | 227 | 46.16 |
| 6 | 197 | 38,62 |
| 7 | 100 | 33.90 |
| 8 | 109 | 30.53 |
| 9 | 152 | 52.23 |
| 10 | 184 | 34.07 |
| മൊത്തം | 1672 | 40.29 |

പഞ്ചായത്തിനുള്ളിൽ ഒരു ജലസേചന പദ്ധതി ആവിഷ്കരിക്കാനാവശ്യമായ ജലസ്രോതസ്സുകളുടെ അഭാവത്തിൽ ചെറുതും വലുതുമായ ജലസേചന പദ്ധതികൾ വഴി സ്ഥിരമായി ജലസേചനം ലഭിക്കുന്നതിനാവശ്യമായ കനാൽ ജലസേചനം ഉറപ്പാക്കേണ്ടതാണ്. ഭൂഗർഭജലത്തെ പരമാവധി ഉപയോഗപ്പെടുത്തിയിട്ടില്ല. നീർമറി പദ്ധതിയിലൂടെ ശാസ്ത്രീയമായ ജലസംഭരണ മാർഗ്ഗങ്ങളും ജലവിനിയോഗ രീതികളും അവലംബിച്ചാൽ ഭൂഗർഭ ജലസ്രോതസ്സുപയോഗിച്ചു പഞ്ചായത്തിനു ആവശ്യമായ ജലസേചന പദ്ധതികളാവിഷ്കരിക്കാൻ കഴിയും.

പീച്ചി, ചിമ്മിനി പദ്ധതികളിൽനിന്നുള്ള കനാൽ ജലം നേരിട്ട് വിതരണം ചെയ്യുന്ന പഞ്ചായത്തിലെ 5,6 വാർഡുകളിൽ കവുങ്ങ് കൃഷി 'മഞ്ഞളിപ്പ്' രോഗം വന്ന് നശിച്ചു. സമീപ പഞ്ചായത്തുകളിലും ഈ രോഗം വ്യാപകമായി കണ്ടുവരുന്നു. ഇക്കാര്യം അടിയന്തിരമായി പഠിക്കേണ്ടതും പരിഹാരം കാണേണ്ടതുമാണ്.

(17)

# ഗ്രാമസഭാവലോകനം

## നെൽകൃഷി

ഓരോ ഭൂമിയിലും ചെയ്യേണ്ട കൃഷിയെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണ ചർച്ചാക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതുണ്ട്. ബന്ധപ്പെട്ട കൃഷിഭവനുകളെ കാര്യക്ഷമതയോടെ പ്രവർത്തിപ്പിച്ചാൽ നെൽകൃഷി കൂടുതൽ ഉല്പാദനക്ഷമത കൈവരിക്കും. ആദ്യമായി മണ്ണുപരിശോധന നടത്താനുള്ള സൗകര്യം ഉണ്ടാക്കണം അതിനുശേഷം ഓരോ ഭൂമിയ്ക്കും അനുസരിച്ച് ചെയ്യേണ്ട നല്ലയിനം ഉല്പാദനക്ഷമത കൂടിയ വിത്തുകൾ വിതരണം ചെയ്യുക. വിത്തുവിതരണത്തിനുശേഷം ഭൂമി ഉഴുന്നതിനും ആവശ്യമായ യന്ത്രസാമഗ്രികൾ എത്തിയ്ക്കേണ്ടതാണ്. കൃഷിയിറക്കുന്നതിനു മുൻപ് വളങ്ങൾ ഉപയോഗിക്കേണ്ടവിധം കർഷകരെ ധരിപ്പിയ്ക്കേണ്ടതാണ്. കൃഷിയിറക്കുന്നതിനാവശ്യമായ ജലസേചന സൗകര്യങ്ങൾ കൈപറമ്പ് പഞ്ചായത്തിൽ ഉണ്ടെങ്കിലും അവ വേണ്ടത്ര രീതിയിൽ നിർമ്മിയ്ക്കാത്തത് കൊണ്ട് ബന്ധപ്പെട്ട സൗകര്യങ്ങൾ കർഷകന് കിട്ടുന്നില്ല.

ഉദാഹരണമായി പേരാമംഗലം മുക്കിലകുളം പദ്ധതി നടപ്പിൽ വരുത്തിയാൽ, വടക്ക് ഉള്ളൂർ കായലിൽ നിന്ന് പമ്പ് ചെയ്ത് KLDC കനാലിലേയ്ക്ക് എത്തിയ്ക്കുന്ന വെള്ളം അവണാചിറ - നെല്ലാനിത്താഴം ഭാഗത്തേയ്ക്ക് എത്തിയ്ക്കുന്നതിനു വേണ്ടി ചീപ്പ് നിർമ്മിച്ചാൽ ആ ഭാഗത്തെ നെൽകൃഷി മെച്ചപ്പെടുകയും കുടിവെള്ളക്ഷാമം ഒരു പരിധിവരെ ഇല്ലാതാക്കുന്നതിനും സാധിയ്ക്കും. പേരാൽ തൃക്കോവ് വഴി വരുന്ന തോടിലൂടെ കൃഷിയ്ക്ക് ഉപയുക്തമായ രീതിയിൽ പുഴയ്ക്കൽ പാടത്തുനിന്നുള്ള ചിമ്മിനി ഡാം വെള്ളം എത്തിച്ചാൽ ഈ പ്രദേശത്തെ നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുവാൻ കഴിയും. പ്രധാനമന്ത്രിയുടെ ഊർജ്ജിത നെൽകൃഷി പദ്ധതിയിൽ ലഭിച്ച പമ്പ് സെറ്റുകൾക്ക് മിനിമം ഗ്യാരണ്ടി നൽകിയിട്ടും കണക്ഷൻ നൽകിയിട്ടില്ല. ആയത് നൽകിയാൽ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് സഹായകരമാകും. പഞ്ചായത്തിൽ ഭാഗികമായി എത്തി നിൽക്കുന്ന വാഴാനി - പീച്ചി കനാലുകൾ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലേയ്ക്കും എത്തിച്ചാൽ, ഒരുപ്പൂകൃഷി നടത്തുന്ന നിലങ്ങൾ ഇരുപ്പൂവായും, മുപ്പൂവായും കൃഷിചെയ്ത് ഉല്പാദനക്ഷമത വർദ്ധിപ്പിയ്ക്കാൻ സാധിയ്ക്കും. പഞ്ചായത്തിൽ കാഡ പദ്ധതി അനുസരിച്ച് നിർമ്മിച്ച കനാൽ കർഷകന് ഉപയോഗിക്കുവാൻ കഴിയുന്ന രീതിയിൽ പണി പൂർത്തിയാക്കണം. കൃഷിയ്ക്ക് വെള്ളം ലഭിയ്ക്കുന്നതിനുവേണ്ടി കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി നടപ്പിൽ വരുത്തണം. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് സാഹചര്യമുള്ള സ്ഥലങ്ങളിൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കണം. പഞ്ചായത്തിനകത്തു കാണപ്പെടുന്ന ഉപയോഗശൂന്യമായ തോടുകളും കുളങ്ങളും വേണ്ട രീതിയിൽ സംരക്ഷിച്ചാൽ കുടിവെള്ള ക്ഷാമവും കൃഷിയും മെച്ചപ്പെടും. കൃഷിയെ ബാധിക്കുന്ന രോഗങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ തടയുന്നതിന് മാർഗ്ഗങ്ങൾ സ്വീകരിയ്ക്കണം. കൃഷിയിറക്കി അതിനുവേണ്ടത്ര രീതിയിൽ സംരക്ഷണം നൽകുന്നതിന് കീടനാശിനി, ജൈവവളങ്ങൾ യഥാസമയങ്ങളിൽ കർഷകന് എത്തിച്ചുകൊടുക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തു മുഖേന ഉണ്ടാകണം.

കൃഷിയിറക്കുന്നതിനും വിളവെടുക്കുന്നതിനും തൊഴിലാളി ക്ഷാമം അനുഭവപ്പെടുന്നു. അത് പരിഹരിയ്ക്കുന്നത് പഞ്ചായത്തിൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി രൂപീകരിച്ച് കർഷക തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് കൃഷിക്കാരുടെ ആവശ്യത്തിന് യഥാസമയം തൊഴിലാളികളെ സൊസൈറ്റിയിൽ നിന്നും അനുവദിയ്ക്കാനുള്ള സൗകര്യം ഉണ്ടാക്കണം.

## തെങ്ങ്

ബന്ധപ്പെട്ട ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിയ്ക്കുക വഴി കേരളത്തിലെ പ്രമുഖ നാണ്യവിളയായ നാളികേരത്തിൻെറ വികസനം ഉറപ്പുവരുത്താം. അത്യുല്പാദനശേഷിയുള്ള തൈവിത്തുകൾ വിതരണം ചെയ്യുക, കാലാകാലങ്ങളിൽ പൊതുവായ രീതിയിലുള്ള വളപ്രയോഗം നടത്തുക എന്നീ സൗകര്യങ്ങൾ കേരകർഷകർക്ക് ചെയ്തു കൊടുക്കണം. തെങ്ങിനെ ബാധിയ്ക്കുന്ന രോഗങ്ങളെ യഥാസമയം കണ്ടുപിടിച്ച് പരിഹാരം നിർദ്ദേശിയ്ക്കണം. പഞ്ചായത്തിലെ നാളികേരം ശേഖരിയ്ക്കുന്നതിന് ഒരു സഹകരണസംഘം ഉണ്ടാക്കണം.

## കൈതച്ചക്ക

പഞ്ചായത്തിൻെറ ഭൂവിസ്തീർണ്ണത്തിൽ 20 ഹൈക്ടറിൽ കൈതച്ചക്ക കൃഷിചെയ്യുന്നു. ഭക്ഷ്യസംസ്ക്കരണമേഖലയിൽ പ്രമുഖസ്ഥാനം വഹിയ്ക്കുന്ന കൈതച്ചക്ക കൃഷിയ്ക്ക് യോജിച്ച തരിശുഭൂമികൾ ധാരാളം ഈ പഞ്ചായത്തിലുണ്ട്. കൃഷിഭവനുകൾ മുൻകയ്യെടുത്താൽ കൈതച്ചക്ക കൃഷി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ കഴിയും.

## കവുങ്ങ്

മൊത്തം കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിൽ 32 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷി ചെയയുന്നു. കവുങ്ങിൻെറ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നെതർലാൻറ് പദ്ധതി അനുസരിച്ച് ജലസേചനസൗകര്യം ഏർപ്പെടുത്തുകയാണെങ്കിൽ മലിനജലംമൂലമുള്ള കൃഷിനാശം തടയാവുന്നതാണ്.

## കുരുമുളക്

മൊത്തം വിസ്തീർണ്ണത്തിൻെറ 37 ഹൈക്ടറിൽ കുരുമുളക് കൃഷി ചെയ്യുന്നു. കുരുമുളക് കൃഷിയെ ബാധിച്ചിരിക്കുന്ന ദ്രുതവാട്ടം എന്ന ഭീകരരോഗം ഈ കൃഷിയെ ക്ഷയോന്മുഖമാക്കി കൊണ്ടിരിക്കുകയാണ്.

ഇതിന് പ്രതിരോധനടപടികൾ സ്വീകരിച്ചാൽ ഈ കൃഷിയ്ക്ക് ഇവിടെ അനന്തസാദ്ധ്യതകൾ ഉണ്ട്.

### നേന്ത്രവാഴ

നേന്ത്രവാഴ മൊത്തം വിസ്തീർണ്ണത്തിൻെ 32 ഹെക്ടറിൽ കൃഷിചെയ്യുന്നു. നേന്ത്രവാഴയെ നശിപ്പിക്കുന്ന കീടങ്ങളെ നിയന്ത്രിച്ചാൽ തീർച്ചയായും ഈ കൃഷിയിൽ സ്വയം പര്യാപ്തത കൈവരിയ്ക്കാൻ കഴിയും.

മറ്റു വാഴയിനങ്ങൾ നല്ലതോതിൽ കായ്ഫലം തരുന്നു. പുതിയതരം തൈകൾ കൃഷിചെയ്യാനുള്ള സാങ്കേതിക വിദ്യ കർഷകർക്ക് പകർന്നുകോടുത്താൽ ഈ കൃഷി പഞ്ചായത്തിൽ കൂടുതൽ വ്യാപിപ്പിയ്ക്കാൻ കഴിയും.

### കപ്പ

വിവിധ പ്രദേശങ്ങളിലായി മൊത്തം വിസ്തീർണ്ണത്തിൻെറ 9 ഹൈക്ടറിൽ കപ്പ കൃഷി ചെയ്യുന്നു. കപ്പ കൃഷിയ്ക്ക് സാദ്ധ്യതകൾ ഉണ്ടെങ്കിലും ക്ഷുദ്രജീവികളുടെ ആക്രമണം മൂലം ഈ കൃഷിയിൽ പലരും വിമുഖത കാണിയ്ക്കുന്നു. ഇതിനെ നിയന്ത്രിച്ചാൽ നമുക്ക് നിത്യഭക്ഷണത്തിൽ കപ്പയ്ക്ക് പ്രമുഖസ്ഥാനം ലഭിയ്ക്കും.

### പച്ചക്കറി

ഈ പഞ്ചായത്തിൽ ധാരാളം പ്രദേശങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നു. സ്വയം പര്യാപ്ത കൈവരിക്കാൻ ഓരോ വീട്ടിലും നിർബന്ധമായും ഓരോ അടുക്കളത്തോട്ടം നടപ്പിൽ വരുത്താൻ കൃഷിഭവനുകൾ ശ്രദ്ധിക്കണം.

### പയറുവർഗ്ഗങ്ങൾ

ക്ഷുദ്രജീവികളുടെ ആക്രമണം മൂലം പഞ്ചായത്തിൽ ഈ കൃഷി വികസിയ്ക്കുന്നില്ല. നൂതന സമ്പ്രദായം അനുസരിച്ചുള്ള കീടനിയന്ത്രണം നടപ്പിലാക്കിയാൽ കാർഷികമേഖലയിൽ പയർ ഉല്പന്നങ്ങൾക്ക് മുഖ്യസ്ഥാനം കൊടുക്കാൻ കഴിയും.

### റബ്ബർ

റബ്ബർ 12 ഹൈക്ടറിൽ കൃഷിചെയ്യുന്നു. ഒരു ഭാഗത്തെ മാത്രം കേന്ദ്രീകരിച്ചാണ് ഇപ്പോൾ റബ്ബർകൃഷി ഉള്ളത്. മറ്റു ഭാഗങ്ങളിലേയ്ക്ക് വ്യാപിപ്പിയ്ക്കാനുള്ള പ്രവണതയാണ് കാണുന്നത്.

### ഇഞ്ചി, മഞ്ഞൾ

മൊത്തം 7 ഹെക്ടറിൽ ഇഞ്ചി, മഞ്ഞൾ എന്നിവ കൃഷിചെയ്യുന്നു. പഞ്ചായത്തിൽ ഈ കൃഷിയ്ക്ക് യോജിച്ച ധാരാളം സ്ഥലങ്ങൾ ഉണ്ട്. ഇവ കൃഷി ചെയ്യുന്ന രീതിയെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിച്ചാൽ തീർച്ചയായും ധാരാളം തൊഴിലവസരങ്ങൾ ഈ കൃഷിയിലൂടെ സൃഷ്ടിയ്ക്കാൻ കഴിയും.

### ജാതി, ഗ്രാമ്പൂ, കൊക്കോ

ചെറിയ തോതിൽ ഈ കൃഷി പഞ്ചായത്തിൽ ചെയ്തുവരുന്നു. ഈ കൃഷിയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിച്ച് വിദേശനാണ്യം വർദ്ധിപ്പിയ്ക്കാനുള്ള ശ്രമങ്ങൾ ചെയ്യണം. 47 ഹെക്ടർ സ്ഥലത്ത് മറ്റിനങ്ങൾ കൃഷി ചെയ്യുന്നു.

**കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്**

***3.7 തെങ്ങ് കൃഷി സംബന്ധിച്ചവിവരങ്ങൾ***

| | | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം ഹെക്ടർ | കായ് ക്കാത്തത് | കായ് ക്കുന്നത് | ആകെ | റൂട്ട് വിൽററ് | ലീഫ് റോട്ട് | ബഡ് റോട്ട് | സ്റ്റെം ബ്ലീഡിങ്ങ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 77 | 3200 | 12217 | 15417 | | 45 | 245 | 4 | | 279 |
| 2 | 79 | 4230 | 11639 | 15869 | | 16 | 104 | 7 | | 127 |
| 3 | 84 | 4250 | 12550 | 16800 | | 35 | 118 | 4 | | 157 |
| 4 | 44.4 | 2160 | 6721 | 8881 | | 65 | 308 | 8 | | 381 |
| 5 | 69.2 | 3800 | 10043 | 13843 | | 44 | 126 | 29 | | 199 |
| 6 | 52.5 | 4260 | 6259 | 10519 | | 95 | 256 | 99 | | 450 |
| 7 | 40.6 | 2335 | 5793 | 8128 | | 100 | 123 | 19 | | 242 |
| 8 | 28.6 | 2650 | 3085 | 5735 | | 75 | 161 | 4 | | 240 |
| 9 | 34.1 | 2300 | 4536 | 6836 | | 40 | 82 | 7 | | 129 |
| 10 | 71.4 | 3680 | 10613 | 14293 | | 82 | 85 | 88 | | 255 |
| | | | | | | 597 | 1608 | 269 | | 2474 |

(9)

# ഗ്രാമസഭാ നിർദ്ദേശങ്ങൾ

**പ്രശ്നങ്ങൾ**

1. പാടം നികത്തുന്ന പ്രവണത വ്യാപകമായി കണ്ടുവരുന്നു.
2. തോട് സൗകര്യങ്ങൾ ഇല്ല.
3. നെല്ല് - സംസ്കരണ - സംഭരണ യൂണിറ്റുകൾ ഇല്ല.
4. പാടശേഖരങ്ങളിലേക്കുള്ള ചില റോഡുകൾ ഗതാഗതയോഗ്യമല്ല. യന്ത്രങ്ങൾ ഇറക്കുവാനുള്ള സൗകര്യം ഇല്ല.
5. കൃഷിരോഗങ്ങളെ നിയനത്രണവിധേയമാക്കാൻ വേണ്ടത്ര ബോധവൽക്കരണം കുറവാണ്.
6. ആവശ്യമായ സ്ഥലങ്ങളിൽ താൽക്കാലിക ചീപ്പുകൾ കേടുവന്ന നിലയിലാണ്.
7. പച്ചക്കറി കൃഷിയ്ക്ക് വേണ്ടത്ര പ്രോത്സാഹനം ഇല്ല.
8. കൃഷിഭവന്റെ സേവനം എല്ലാവാർഡുകളിലും ലഭ്യമല്ല.
9. നാളികേരം - കൊപ്ര - അടയ്ക്ക സംഭരണയൂണിറ്റുകൾ കുറവാണ്.
10. തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ ഇല്ല.
11. (a) ശാസ്ത്രീയ കൃഷി രീതികളെ കുറിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം ഇല്ല.
    (b) പബ്ളിങ്ങ് സബ്ബ് സിഡി കൃത്യമായി ലഭിക്കുന്നില്ല.
12. കർഷക തൊഴിലാളി സൊസൈറ്റി നിലവിൽ ഇല്ല.
13. പാടശേഖരങ്ങളിൽ കെട്ടി കിടക്കുന്ന വെള്ളം പോകാനുള്ള സൗകര്യങ്ങൾ കുറവാണ്.
14. ജൈവ വളം നിർമ്മിക്കുന്നതിനുള്ള പരിശീലനവും പ്രോത്സാഹനവും കർഷകർക്ക് ലഭിക്കുന്നില്ല.
15. വിള ഇൻഷുറൻസുകൾ കൃത്യമായി നടപ്പിലാക്കുന്നില്ല.
16. നിലവിലുള്ള കനാലുകളുടെയും തോടുകളുടെയും ശോച്യാവസ്ഥ യഥാസമയം പരിഹരിക്കുന്നില്ല.
17. ഔഷധച്ചെടികൾ വളർത്തുന്നതിന് വേണ്ടത്ര സഹായവും പരിശീലനവും ഇല്ല.

**വാർഡ്തോറും ഉള്ള പ്രത്യേക പ്രശ്നങ്ങൾ**

5-ാം വാർഡിൽ ചില പാടശേഖരങ്ങളിൽ അ[illegible] ജലം ഉണ്ട്.

6-ാം വാർഡിൽ K.L.D.C ബണ്ടുകളെ ബന്ധിപ്പിക്കുന്ന പാലങ്ങൾ കുറവാണ്.

6-ാം വാർഡിൽ പെരിങ്ങന്നൂർ കുണ്ടോടി പാടം വഴി പഴമുക്കിലേക്ക് പോകുന്ന റോഡ് നിർമ്മിച്ചപ്പോൾ പാടത്തേയ്ക്ക് ട്രാക്ടർ ഇറക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിയില്ല.

7-ാം വാർഡിൽ വിയ്യൂർ വഴി പുഴക്കൽ ചാലിൽ വരുന്ന ചിമ്മിനി വെള്ളം കമ്പിതോടുവഴി K.L.D.C ബണ്ടിൽ ചേരുന്നു. പക്ഷെ ഈ ചാലിന് വളരെ പോരായ്മകൾ ഉണ്ട്.

8-ാം വാർഡിൽ മുക്കിലാ കുളം നശിച്ച്കൊണ്ടിരിക്കുന്നു.

9-ാം വാർഡിൽ കൊണ്ടോടി പാടശേഖരത്തിൽ സ്ഥിരമായി എഞ്ചിൻ തറ ഇല്ല. കാഡ കനാൽ വേണ്ട സ്ഥങ്ങളിലേക്ക് നീട്ടിയിട്ടില്ല.

10-ാം വാർഡിൽ വാഴാനി-പീച്ചി ജലം ലഭിക്കുന്നതിനുള്ള സൗകര്യം ഇല്ല.

10-ാം വാർഡിൽ മുക്കിലാകുളം മുതൽ മൈലാംകുളം തോടിന് സ്ഥിരതയില്ല. പമ്പ് ഹൗസില്ല.

10-ാം കപ്പിയൂർ മനപ്പാടത്തിന് ഭീഷണി ഉയർത്താവുന്ന നിർദ്ദിഷ്ട ഫാക്ടറിയുടെ പ്രവർത്തനം പരിശോധിക്കുക.

**സാധ്യതകളും പരിഹാരങ്ങളും**

1. പാടം നികത്തുന്നതിനെതിരെ വേണ്ടത്ര ബോധവൽക്കരണം നല്കുക.

2. തോടുകൾ ആവശ്യമായ സ്ഥലങ്ങളിൽ അത് നിർമ്മിക്കുക, വീതിയും ആഴവും കുറവുള്ള തോടുകൾ വിപുലീകരിക്കുകയും ചെയ്താൽ അത് കൃഷിക്ക് കൂടുതൽ ഉപയുക്തമാക്കാം.

3. നെല്ല്, തേങ്ങ, അടയ്ക്ക എന്നിവ സംഭരിക്കുന്നതിനുള്ള യൂണിറ്റുകൾ തുടങ്ങുകയാണെങ്കിൽ അത് കർഷകർക്ക് ഏറെ ഗുണം ചെയ്യണം.

4. ശാസ്ത്രീയ കൃഷി രീതികളെക്കുറിച്ചും, രോഗനിയനത്രണങ്ങളെക്കുറിച്ചും കർഷകർക്ക് വേണ്ടത്ര ബോധ

വൽക്കരണം നൽകുകയാണെങ്കിൽ അത് കൃഷിയിൽ നിന്നുള്ള ലാഭം വർദ്ധിപ്പിക്കാൻ സഹായിക്കും.

5. ആവശ്യമായ സ്ഥലങ്ങളിൽ ബണ്ട്, ചീപ്പുകൾ എന്നിവ നിർമ്മിക്കുകയാണെങ്കിൽ അത് ജലസേചന സൗകര്യങ്ങൾക്ക് ആക്കം കൂട്ടും.

6. തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന് ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ വാർഡുതോറും സ്ഥാപിക്കാവുന്നതാണ്.

7. പാടശേഖരങ്ങളിൽ നിന്നും അമ്ലജലവും മറ്റും ഒഴുകിപ്പോകുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിയാൽ അത് കൃഷിക്ക് ഗുണകരമായിരിക്കും.

8. ജൈവ വള നിർമ്മാണത്തിന് വേണ്ടത്ര പ്രോത്സാഹനം കൊടുത്താൽ രാസവളങ്ങൾക്ക് ചെലവഴിക്കുന്ന ഭാരിച്ച തുകയിൽ നിന്ന് കർഷകരെ രക്ഷിക്കാൻ കഴിയും.

9. വിള ഇൻഷൂർജറൻസ് നടപ്പിലാക്കിയാൽ പ്രകൃതിക്ഷോഭം കൊണ്ട് കർഷകർ അനുഭവിക്കുന്ന കഷ്ടപ്പാടുകൾക്ക് ഒരു പരിധിവരെ സഹായകമാകും.

10. കൃഷിഭവന്റെ സേവനം എല്ലാവാർഡുകളിലും ലഭ്യമാക്കുകയാണെങ്കിൽ അത് കർഷകർക്ക് ഏറെ പ്രയോജനകരവും, പ്രോത്സാഹജനകമായും ആകും.

11. പച്ചക്കറി കൃഷി എല്ലാ വീടുകളിലും പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ അത് ഇപ്പോൾ പച്ചക്കറിക്ക് നേരിടുന്ന ക്ഷാമവും, ഭീമമായ വിലയും നേരിടുന്നതിന് ഒരു പരിധിവരെ സഹായകമാവും.

12. ഒന്നാം വാർഡിലെ പാറത്തോടും, കുട്ടത്തോടും ആളൂർപ്പുഴയിലേയ്ക്ക് യോജിപ്പിച്ചാൽ ഇരുപ്പൂവ് കൃഷിചെയ്യാൻ സാധിക്കും.

13. രണ്ടാം വാർഡിൽ കോതകുളം മുതൽ തുടങ്ങുന്ന തോട് ഒന്നാക്കിയാൽ കൃഷിക്ക് വളരെ ഉപയുക്തമാക്കുവാൻ സാധിക്കും.

14. 3-ാം വാർഡിൽ കോത്തറോട്ടി പാടശേഖരത്തിൽ ഒരു കുളം നിർമ്മിക്കുകയാണെങ്കിൽ അത് വളരെ ഗുണം ചെയ്യും. ഇതേ വാർഡിൽ അരണ്ടത്ത് പാട് തോട് മണ്ണുനീക്കി വെള്ളത്തിന്റെ ഒഴുക്ക് നിയന്ത്രിക്കുകയാണെങ്കിൽ അത് ഉപകാരപ്രദമായിരിക്കും. കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി ആറംപ്പിള്ളി ഇക്കാക്കൻമാരുടെ ഭാഗത്ത് നടപ്പിലാക്കുക.

15. 4-ാം വാർഡിലെ നെടുവാറക്കുളം നന്നാക്കുന്ന പക്ഷം അത് നെൽകൃഷിയുടെ അഭിവൃദ്ധിക്ക് പ്രയോജനകരമായിരിക്കും.

16. വാഴാനി വെള്ളം കനാൽവഴി തുറന്നുവിടുന്ന പക്ഷം അത് 4-ാം വാർഡിലെ കൃഷിയിടങ്ങളിലെ ജലദൗർലഭ്യത്തിന് പരിഹാരമാകും.

17. ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം നടപ്പിലാക്കിയാൽ കൃഷി ആകർഷകമാക്കാവുന്നതാണ്.

18. 5-ാം വാർഡിലെ നെടുപാറക്കുളം പാടശേഖരവും തണ്ണീർപാടവും വികസിപ്പിക്കുകയാണെങ്കിൽ അവിടെ ഇരുപ്പൂകൃഷി ചെയ്യാൻ സാധിക്കും.

19. 6-ാം വാർഡിലെ മുണ്ടൂർ കോൾപടവിലേക്ക് വരുന്ന കനാൽ അടാട്ട് താഴം 51-ാം തറ മുതൽ താഴ്ത്തികൊണ്ടുവരുകയാണെങ്കിൽ ചിമ്മിനി ഡാമിലെ വെള്ളം കൃഷിക്ക് എത്തിക്കാൻ സാധിക്കും.

20. പടന്ന ചാൽ മുതൽ കുരിയാപാടം ചിറവരെയുള്ള നിലവിലുള്ള ചാൽ താഴ്ത്തി, വീതി കൂട്ടിയാൽ അത് 6-ാം വാർഡിലെ നെൽകൃഷിക്ക് ഗുണം ചെയ്യും.

21. നെതർലാൻറ് ഗവ. സ്കീം പഴമുക്ക് സ്ക്കൂൾ ഭാഗം മുതൽ പാറപ്പുറം വരെ നടപ്പിലാക്കുകയാണെങ്കിൽ 6-ാം വാർഡിലെ 25 ഏക്കർ തെങ്ങ് കൃഷിക്ക് ഉപയോഗിക്കാം.

22. 7-ാം വാർഡിലെ ചീരാകുളം വൃത്തിയാക്കുക.

23. മുക്കിലെക്കുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്ന പക്ഷം അത് 7-ാം വാർഡിന് ഗുണകരമായിരിക്കും.

24. 8-ാം വാർഡിലെ കരിമ്പാടം മുക്കിൽക്കുളത്തിലേക്കുള്ള ചാല് 2 K.M. നീളത്തിൽ ആഴവും, വീതിയും കൂട്ടിയാൽ ഇപ്പോൾ ഒരുപ്പൂ പണിയുന്നത് ഇരുപ്പൂ ആക്കാൻ സാധിക്കും.

25. പേരാതൃക്കോവ് ചെക്ക്ഡാമിൽ നിന്നുംപമ്പു ചെയ്യുന്ന വെള്ളം നട്ടാക്ക് ഭാഗത്തേക്ക് എത്തിക്കാൻ ഞജടജ കനാലിന്റെ വശങ്ങളുടെ ഉയരം വർദ്ധിപ്പിക്കണം. ഇത് 9-ാം വാർഡിലെ കൃഷിക്ക് ഗുണം ചെയ്യും.

26. 9-ാം വാർഡിലെ തേനാരി പാലത്തിനോട് അനുബന്ധിച്ച് നിലവിലുള്ളകൈതളാവ് ചിറയിൽ നിന്ന് തേനാരിതോട് കടന്ന് പടിഞ്ഞാറെ ഭാഗത്ത് വെള്ളം എത്തിക്കുന്നതിന് ഒരു കോൺക്രീറ്റ് പാത്തി നിർമ്മിക്കുകയാണെങ്കിൽ അത് ഗുണകരമായിരിക്കും.

27. മുക്കിലകുളത്തിൽ നിന്നും വെള്ളം എടുത്ത് തോടുവഴി മൈലാകുളം വരെ ത്തിച്ചാൽ അത് 10-ാം വാർഡിലെ ജലക്ഷാമത്തിന് പരിഹാരമാകും.

28. വാഴാനി കനാലിലെ വെള്ളം ചെറിയ തോട് വഴി മൈലാംകുളത്ത് എത്തിച്ചാൽ അത് ജലസേചനം സുഗമമാക്കാൻ സഹായിക്കും.

29. അവണാവ് ചിറവെള്ളം K.L.D.C കനാൽവഴി ബന്ധിപ്പിച്ചാൽ 10-ാം വാർഡിലെ കപ്പിയൂർ മനപ്പാടത്തിലെ ജലസേചന പ്രശ്നം പരിഹരിക്കാം.

30. പാറപ്പുറം, പട്ടത്താഴം ഭാഗത്ത് കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി പ്രകാരം ജലസേചന സാധ്യതകൾ ഉണ്ട്.

# മൃഗസംരക്ഷണം

മണ്ണും, കൃഷിയും, മൃഗങ്ങളും മനുഷ്യനും പരസ്പരബന്ധിതങ്ങളായ ഒരു ഉല്പാദനപ്രക്രിയയായിരുന്നു നമ്മുടേത്. ജൈവവളം, പാൽ, ഇറച്ചി, മുട്ട എന്നിവയുടെ ഉല്പാദനം ജനതയുടെ മുഖ്യ ഉപജീവനമാർഗ്ഗങ്ങളിലൊന്നായിരുന്നു. ഭൂമിക്കും മനുഷ്യനും പോഷണം നല്കി കർഷകനോടൊപ്പം പണിചെയ്തു ദുർഘടങ്ങളായ വഴികളിലൂടെ കാലചക്രം വലിച്ചു പുരോഗതിയുടെ പാതകളിലേക്കു മനുഷ്യനെ കൊണ്ടുവന്നെത്തിച്ച മൃഗങ്ങളെ നാമിന്നു അവഗണിക്കുന്നു.

കാർഷിക മേഖലയായിരുന്ന കൈപറമ്പു പഞ്ചായത്തിൽ നാടൻ ഇനങ്ങളായ കാള, പോത്ത്,പശു,എരുമ,ആട്, കോഴി, പന്നി എന്നിവയായിരുന്നു പ്രധാന വളർത്തുമൃഗങ്ങൾ. ജൈവവളമുപയോഗിച്ചാണ് അന്ന് കൃഷി ചെയ്തിരുന്നത്. കാഷിക ഉപോല്പന്നങ്ങളായ വൈക്കോൽ, പുല്ല്, പിണ്ണാക്ക്, തവിട്, പരുത്തിക്കുരു, പുളിയരി തുടങ്ങിയവയായിരുന്ന മൃഗങ്ങൾക്ക് തീറ്റയായി നല്കിയിരുന്നത്. ധാരാളം മേച്ചിൽ സ്ഥലങ്ങളുമുണ്ടായിരുന്നു.

ആധുനിക കൃഷിസംമ്പ്രദായങ്ങൾ നിലവിൽ വന്നതോടെ കാർഷിക മേഖലയിൽ മൃഗങ്ങൾ അവഗണിക്കപ്പെട്ടുതുടങ്ങി. നുകം വെച്ച കാളകളും കലപ്പപിടിക്കുന്ന കർഷകനും പകരം ട്രാക്ടറും ട്രില്ലറും വയലുകളിൽ ചീറിപ്പാഞ്ഞു. ഗതാഗത മേഖലയിൽ മൃഗങ്ങൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. പറമ്പുകൾ തുണ്ടുകളായി തീരുകയും മേച്ചിൽ സ്ഥലങ്ങൾ കുറഞ്ഞുവരികയും ചെയ്തു. കൃഷി കുറഞ്ഞതും പുതിയ ഇനം നെൽവിത്തുകളുടെ ഉപയോഗവും കാരണം വൈക്കോൽ ലഭിക്കുന്നതിനുള്ളസാധ്യത കുറഞ്ഞുവന്നു. രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം വർദ്ധിച്ചുവന്നതോടെ മൃഗങ്ങൾക്കും രോഗങ്ങൾ വന്നു. മൃഗങ്ങളെ വളർത്തുന്ന കാര്യം പ്രയാസമായി. കന്നുകാലി വളർത്തലിൽ നിന്നും ജനങ്ങൾ പിൻതിരിയാൻ തുടങ്ങി.

പാൽ, ഇറച്ചി, മുട്ട എന്നിവക്കു വേണ്ടി മൃഗങ്ങളെ ആശ്രയിച്ചേ മതിയാകു. സങ്കര ഇനംപശുക്കളുടെ ആവിർഭാവത്തോടെ വീണ്ടും പശുവളർത്തലിൽ ജനങ്ങൾ താത്പര്യം കാട്ടിത്തുടങ്ങി. പാലുല്പാദനം കൂടി. ധാതു ലവണങ്ങൾ കൂടുതലായുള്ള തീറ്റകൾ ആവശ്യമായി വന്നു. മേച്ചിൽ സ്ഥലങ്ങൾ ഇല്ലാതായതിനാൽ വൈക്കോൽ, പുല്ല്, കാലിത്തീറ്റ എന്നിവ പുറത്തു നിന്നു വാങ്ങേണ്ടിവന്നു. തീറ്റകൾക്കു അടിക്കടി വില വർദ്ധിച്ചുകൊണ്ടേയിരുന്നു. ലാഭം കുറഞ്ഞു വന്നു.

ഭൂമി തുണ്ടുകളായതോടെ കന്നുകാലികളെ വളർത്തുന്നതിനുള്ള പാശ്ചാത്തല സൗകര്യങ്ങൾ പല കുടുംബങ്ങൾക്കും ഇല്ലാതായി. കോഴിവളർത്തൽ കുറഞ്ഞു. അഭ്യന്തര ഉല്പാദനംകുറഞ്ഞതോടെ അന്യ പ്രദേശങ്ങളിൽ നിന്നും മുട്ടയും, ഇറച്ചിയും വരാൻ തുടങ്ങി.

1996 ലെ പഞ്ചായത്തിലെ വളർത്തു മൃഗസംഖ്യ 4802 പശുക്കൾ, 120 എരുമകൾ 1220 ആടുകൾ, 2050 കോഴികൾ എന്നിങ്ങനെയാണ്. ജനപങ്കാളിത്തത്തോടെ പഞ്ചായത്തിൽ നടത്തിയ ,സർവെ പ്രകാരമുള്ള കണക്കാണിത്.

**വളർത്തുമൃഗങ്ങൾ പക്ഷികൾ**
**പഞ്ചായത്ത് സർവ്വെ, 1996**

| ഇനം | എണ്ണം |
|---|---|
| കാള | 1810 |
| പോത്ത്, എരുമ | 120 |
| ആട് | 1220 |
| താറാവ്, കോഴി | 205 |

പഞ്ചായത്തിലെ വളർത്തു മൃഗസംഖ്യയെ കുറിച്ചുള്ള കൃഷിഭവൻ രേഖ താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നു.

**അനുബന്ധം 4**
**വളർത്തുമൃഗ സംഖ്യ**

| വാർഡ് | നാടൻകാള | സങ്കരം കാള | പശു നാടൻ | പശു സങ്കരം | എരുമ | പോത്ത് | | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനമുള്ളവ | വംശവർദ്ധനമുള്ളവ | കറവ് ഉള്ളത് | ഇല്ലാത്ത | കറവ് ഉള്ളത് | ഇല്ലാത്ത | | | | |
| 1 | 6 | | 238 | 84 | 6 | 3 | | 127 | 8 | 1 |
| 2 | 4 | | 240 | 72 | 8 | 4 | | 132 | 6 | |
| 3 | 4 | | 233 | 93 | 7 | 5 | | 147 | 14 | |
| 4 | 2 | | 227 | 80 | 5 | 8 | | 123 | 12 | |
| 5 | 4 | | 225 | 82 | 6 | 10 | | 133 | 10 | |
| 6 | 8 | ഇല്ല | 231 | 79 | 8 | 11 | | 115 | 12 | |
| 7 | 2 | | 237 | 76 | 3 | 8 | | 127 | 9 | 1 |
| 8 | 6 | | 243 | 83 | 16 | 6 | | 136 | 8 | |
| 9 | 4 | | 240 | 84 | 9 | 12 | | 143 | 15 | |
| 10 | 4 | | 239 | 114 | 7 | 11 | | 153 | 10 | |
| | 44 | | 2353 | 847 | 75 | 78 | | 1336 | 104 | |

| അനുബന്ധം വളർത്തുപക്ഷി | | | | | | |
|---|---|---|---|---|---|---|
| വാർഡ് | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 80 | 270 | 243 | 2 | 8 | 8 |
| 2 | 76 | 268 | 242 | 3 | 12 | 13 |
| 3 | 90 | 330 | 430 | 4 | 20 | 6 |
| 4 | 78 | 616 | 380 | 3 | 8 | 7 |
| 5 | 63 | 373 | 376 | 5 | 15 | 12 |
| 6 | 75 | 284 | 384 | 7 | 19 | 10 |
| 7 | 54 | 360 | 385 | 2 | 12 | 13 |
| 8 | 59 | 383 | 303 | 4 | 16 | 15 |
| 9 | 67 | 414 | 260 | 3 | 7 | 20 |
| 10 | 88 | 420 | 274 | 2 | 5 | 27 |
| | 730 | 3738 | 2877 | 35 | 122 | 131 |

കൃഷിഭവൻ കണക്കനുസരിച്ച് 1990 ൽ പഞ്ചായത്തിൽ മൊത്തം 3382 കന്നുകാലികളും 1336 ആടുകളും 7633 വളർത്തു പക്ഷികളുമാണുണ്ടായിരുന്നത്.

1996 കണക്കു പ്രകാരം 1480 കന്നുകാലികളുടെ വർദ്ധന കഴിഞ്ഞ വർഷങ്ങളിലായി പഞ്ചായത്തിലുണ്ടായിട്ടുണ്ട്. ഇതിൽ 1810 കാളകളേയും 51 പോത്തുകളേയും നിലമുഴുന്നതിനും പരിമിതമായ രീതിയിൽ കാളവണ്ടിവലിക്കാനുമാണുപയോഗിക്കുന്നത്. പശു, എരുമ, ആട് എന്നവയിൽ നിന്നും 2635 ആയിരം ലിറ്റർ പാൽ ഉല്പാദനം 1996ൽ രേഖപ്പെടുത്തുന്നു. കൂടുതൽ ജൈവവളത്തിൻെറ ആവശ്യകതയാണ് ഈ വളർച്ചാനിരക്കിനു കാരണമായിട്ടുള്ളത്.

വളർത്തു പക്ഷികളുടെ എണ്ണത്തിൽ 73% കുറവാണ് കഴിഞ്ഞ 5 വർഷമായി ഉണ്ടായിട്ടുള്ളത്. ഇത് മുട്ടയുടെ ഉല്പാദനത്തെ ഗണ്യമായി ബാധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ജലസംഖ്യയുമായിതാരതമ്യപ്പെടുത്തുമ്പോൾ ഇതു വളരെ കുറവാണ്.

അത്യുല്പാദനശേഷിയുള്ള വിത്തുപയോഗിക്കുമ്പോൾ വൈക്കോലുല്പാദനം വളരെ കുറവാണ്. ഇതുമൂലം വയ്ക്കോലിൻെറ വില വളരെയധികം വർദ്ധിച്ചു. സങ്കരയിനം പശുക്കൾക്കു ധാതുലവണങ്ങൾ ധാരാളമായുള്ള കാലിതീറ്റകൾ വേണ്ടിവന്നു. തീറ്റയുടെ വിലവർദ്ധനവുകാരണം കന്നുകാലി വളർത്തലിൽ നിന്നും ആദായം കുറഞ്ഞുവന്നും കന്നുകാലിവളർത്തൽ ഇന്നൊരു പ്രതിസന്ധി നേരിടുകയാണ്.

എന്നാൽ കർഷകരുടെ ഭാഗത്തു നിന്നും ചില നല്ല പ്രവണതകൾ കണ്ടുതുടങ്ങിയിട്ടുണ്ട്.ജൈവവളത്തിൻെറ പ്രാധാന്യം ബോധ്യപ്പെട്ടിട്ടുള്ള കർഷകർ ഇപ്പോൾ കൂടുതൽ വയ്ക്കോൽ ഉല്പാദിപ്പിക്കുന്നതിനു വേണ്ടി മുണ്ടകൻ നിലങ്ങളിൽ പഴയയിനം വിത്തുകളാണുപയോഗിക്കുന്നത്. പുഞ്ചനിലങ്ങളിൽ മാത്രമേ അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിക്കുന്നുള്ളൂ. എങ്കിൽക്കൂടി കാർഷിക മേഖലയിലെ തകർച്ച മൃഗപരിപാലന രംഗത്തെ തകർച്ചയിലേക്കെത്തിക്കുകയാണ്.

ഈ രംഗത്ത് പ്രാദേശികമായിതന്നെ പരിഹാരങ്ങൾ കണ്ടെത്താനാവും. കാർഷിക മേഖലയിലെ ഉല്പാദനവർദ്ധനവാണിതിലൊന്ന്. കന്നുകാലി വളർത്തലിനെ പ്രതിസന്ധിയിലെത്തിച്ചത് കാലിത്തീറ്റകളുടെ വിലവർദ്ധനവാണ്. കാലിത്തീറ്റ ആഭ്യന്തരമായി ഉല്പാദിപ്പിക്കാനാവശ്യമായ പ്രാദേശിക വസ്തുക്കൾ പഞ്ചായത്തിൽ ലഭ്യമാണ്. കാലിത്തീറ്റ ഉല്പാദനത്തിനുള്ള ചെറുകിട വ്യവസായ യൂണിറ്റുകളാരംഭിച്ചാൽ ആഭ്യന്തര വിപണി തന്നെ ലഭിക്കുന്നതാണ്.

കാലിത്തീറ്റയുടെ നിർമ്മാണത്തിനാവശ്യമായ തേങ്ങാപിണ്ണാക്ക്, എള്ളിൻ പിണ്ണാക്ക്, തവിട്, പുളിങ്കുരു, പരുത്തിക്കുരു എന്നിവ കാർഷികരംഗത്തെ സമഗ്രമായ ആസൂത്രണത്തിലൂടെ പഞ്ചായത്തിൽ തന്നെ ഉല്പാദിപ്പിക്കുവാൻ കഴിയും. കൊപ്രാ ആട്ടൽ യൂണിറ്റ്, നെല്ലുകുത്തുയൂണിറ്റ് തുടങ്ങിയ അനുബന്ധ ചെറുകിട വ്യവസായ യൂണിറ്റുകൾക്കു സാദ്ധ്യതകളേറെയുണ്ടാക്കുവാൻ കഴിയും. ഇതു പ്രാദേശിക വിഭവങ്ങളുപയോഗിച്ചു കാർഷികാനുബന്ധവ്യവസായ യൂണിറ്റുകൾ പ്രാദേശികാവശ്യങ്ങൾക്കനുസൃതമായി വളർത്തുവാൻ സഹായിക്കും.

കന്നുകാലി വികസന പരിപാടികൾക്കനുസൃതമായി കാർഷികരംഗത്തും ചില പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. അതിലൊന്ന് തീറ്റപ്പുൽ കൃഷിയാണ്. ശാമപ്ലാന, ശുഭാബ്ബുൾ എന്നീ ലഗുമിനസ് ഇനത്തിൽപ്പെട്ട പുൽകൃഷിയാണ് പ്രോത്സാഹിപ്പിക്കേണ്ടത്. ഈ ഇനത്തിൽപ്പെട്ട പുൽവർഗ്ഗങ്ങൾ മണ്ണിൽ നൈട്രജൻ ഉറപ്പിക്കുകയും അതുവഴി മണ്ണിൻെറ ഫലപുഷ്ടി വർദ്ധിപ്പിക്കുകയും ചെയ്യും. അതിരുകൾ തോറും പുല്ലുകൾ നടാൻ കഴിയും. കന്നുകാലികൾക്ക് ഏറെ പ്രിയപ്പെട്ട തീറ്റപ്പുല്ലാണ് ലഗുമിനസ് ഇനത്തിൽപ്പെട്ടവ.

എള്ളുകൃഷി പ്രോത്സാഹിപ്പിക്കുകയാണ് മറ്റൊരു പ്രവർത്തനം. കാലിത്തീറ്റയുൽപാനത്തിനായുള്ള പ്രധാന ഘടകമാണ് എള്ള്. കൈപറമ്പ് പഞ്ചായത്തിൽ എള്ളുകൃഷി ലാഭകരമായി നടത്താനാവുമെ

ന്നതാണ് കർഷകരുടെ അഭിപ്രായം. നെല്ലുല്പാദന വർദ്ധനവിലൂടെ ആവശ്യമായ തവിടു ആഭ്യന്തരമായി ലഭ്യമാക്കേണ്ടതുണ്ട്.

1996ലെ സർവെ പ്രകാരം 2050 വളർത്തുപക്ഷികളാണു പഞ്ചായത്തിലുള്ളത്. 1990ലെ കണക്കുകളുമായി തട്ടിച്ചുനോക്കുമ്പോൾ 73% കുറവാണനുഭവപ്പെടുന്നത്. കോഴി വളർത്തലിനാവശ്യമായ സമഗ്രമായ ഒരു പദ്ധതി ആവിഷ്ക്കരിക്കേണ്ടതുണ്ട്. മുട്ടയുടേയും ഇറച്ചിയുടേയും ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിയണം. അതിന് പ്രാദേശിക വിപണന സാദ്ധ്യതകൾ വളരെയേറെയാണ്.

ആടുവളർത്തൽ കുറഞ്ഞുവരുന്നതായി കാണാം. കന്നുകാലിവികസനവകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികളിലൂടെ ഈ രംഗത്ത് വളർച്ച കൈവരിക്കാനാവും. പന്നിവളർത്തലിനനുകൂലമായ സാഹചര്യങ്ങളാണിവിടെയുള്ളത്. ഉപയോഗശൂന്യമായ ഹോട്ടൽവേസ്റ്റ്, ബ്ലഡ്മീൽ, ചക്ക എന്നിവ ഉപയോഗിച്ച് ലാഭകരമായി പന്നികളെ കൃഷിചെയ്യാം.

പഞ്ചായത്തിൽ സ്വന്തമായി ആധുനികരീതിയിലുള്ള ഒരു കശാപ്പുശാല നിർമ്മിച്ചു പരിശീലനം കൊടുത്ത അറവുകാരെ ഉപയോഗിച്ച് ശുദ്ധമായ മാംസ വിതരണം നടത്തി പശുവളർത്തലിൽ നിന്നും ആദായം വർദ്ധിപ്പിക്കാനാവും. തോലുസംസ്ക്കരിച്ച് ചെരിപ്പ്, ബാഗ് തുടങ്ങിയ ഉല്പന്നങ്ങളുണ്ടാക്കാം. എല്ല്, ചോര, ആന്തരികാവയവങ്ങൾ എന്നിവ സംസ്ക്കരിച്ച് വിവിധ ഉല്പന്നങ്ങളുണ്ടാക്കാം.

മൃഗസംരക്ഷണ രംഗത്തും അനുബന്ധമേഖലകളിലുമായി ഒട്ടേറെ വ്യവസായ സംരംഭങ്ങൾക്ക് സാദ്ധ്യതകളുണ്ട്. വിദ്യാഭ്യാസം ലഭിച്ച തൊഴിലില്ലാത്തവരുടെ എണ്ണം 2473 ആണ്. എഞ്ചിനിയറിംഗ് ബിരുദധാരികൾ ഉൾപ്പെടെ സാങ്കേതിക ബിരുദവും ബിരുദാനന്തരബിരുദവും നേടിയ 610 തൊഴിൽ രഹിതരുള്ള ഈ പഞ്ചായത്തിൽ പ്രാദേശികതല തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു വളരെയേറെ ശ്രദ്ധിക്കേണ്ടതുണ്ട്.

ഈ മേഖലകളിൽ വിശദമായ പഠനങ്ങൾ നടത്തേണ്ടിയിരിക്കുന്നു. പഞ്ചായത്തിലുല്പാദിപ്പിക്കുന്ന പാൽ, മുട്ട, മാംസം, എന്നിവയെക്കുറിച്ചു സമഗ്രമായ പഠനം വേണം. പ്രാഥമിക മേഖലയെ പുനർക്രമീകരണം ചെയ്യുന്നതിനാവശ്യമായ പഠനങ്ങളും നടക്കേണ്ടതുണ്ട്. അതിനനുസൃതമായി നടത്താവുന്ന ചെറുകിട വ്യവസായ രംഗത്തെ സാദ്ധ്യതകളും പഠനവിഷയമാക്കേണ്ടതുണ്ട്. പ്രാദേശിക വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് സമഗ്രമായ വികസനപദ്ധതികളാവിഷ്ക്കരിച്ച് സാമൂഹ്യസാമ്പത്തിക മേഖലയെ മെച്ചപ്പെടുത്തുവാനുള്ള സാദ്ധ്യതകളേറെയുണ്ട് കൈപറമ്പിൽ.

# വ്യവസായം

തൃശൂർ ജില്ലയിൽ 30തോളം ചെറിയതും വലിയതുമായ വ്യവസായങ്ങൾ ഉണ്ടെങ്കിലും മീഡിയം തരത്തിലുള്ള ചില കമ്പനികൾ മാറ്റി നിറുത്തിയാൽ കയ്പറമ്പ് പഞ്ചായത്തിൽ ഉല്പാദന മേഖലയിൽ പറയത്തക്ക വ്യവസായങ്ങൾ ഒന്നും തന്നെയില്ല. പരമ്പരാഗതമായ വ്യവസായങ്ങൾ കൊട്ടനെയ്ത്ത്, പായ നെയ്ത്ത് എന്നിവയായിരുന്നു കയ്പറമ്പ് പഞ്ചായത്തിന്റെ വ്യവസായ മേഖല എന്ന് പറയുന്നത് വിവിധ തരത്തിലുള്ള വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന അങ്ങിങ്ങായി കിടക്കുന്ന ചെറുകിട വ്യവസായങ്ങൾ ആണ്. പ്രധാന വ്യവസായം വൈരക്കൽ മേഖലയിൽ ആണ്. ഏകദേശം 25 വർഷം മുൻപാണ് ഈ വ്യവസായം പഞ്ചായത്തിൽ വരുന്നത്. അതിന് ശേഷം കേരളത്തിലെ വൈരക്കൽ വ്യവസായത്തിൽ ഏറ്റവും അധികം പങ്കുവഹിച്ച പഞ്ചായത്താണിത്. ഈ പഞ്ചായത്തിലെ പുത്തൂർ, കയ്പറമ്പ്, മുണ്ടൂർ, പേരാമംഗലം പ്രദേശങ്ങളിലാണ് ഈ വ്യവസായം പുഷ്ടിപ്പെട്ടത്. ഏകദേശം 3 കോടിയോളം രൂപ വരുമാനം ഉണ്ടാകുന്ന ഈ വ്യവസായം പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. ഈ വ്യവസായത്തിനുള്ള പ്രത്യേകത എന്തെന്നാൽ ബോംബെയിൽനിന്നും ഇതിന്റെ അസംസ്കൃത വസ്തുക്കൊണ്ടുവന്നു ഇവിടെയുള്ള ചെറുകിട മുതലാളിമാർ സംസ്കരിച്ച് തിരിച്ച് കയറ്റി അയക്കുന്നു. ഇതിന്റെ യഥാർത്ഥലാഭം കൊയ്യുന്നതും ബോംബെയിലും മററുമുള്ള വൻകിടമുതലാളിമാരാണ്. കാലാകാലങ്ങളിൽ തൊഴിലാളികൾക്കുള്ള കൂലിപ്രശ്നവും, ബോണസ് പ്രശ്നവും കാരണം ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ട്. ഈ മേഖലയിൽ മുതലാളിമാർ സ്ഥിരം തൊഴിലാളികൾ എന്ന് അംഗീകരിക്കുന്നവർ കുറവാണ്. ഈ പഞ്ചായത്തിന്റെ വികസനത്തിൽ മുഖ്യ പങ്ക് വഹിക്കുന്ന ഈ വ്യവസായത്തിനേൽക്കുന്ന ചെറിയ മാറ്റം പോലും ഈ പഞ്ചായത്തിന്റെ മുഖഛായ മാറ്റാൻ പോകുന്നതാകുന്നു. എന്നാൽ ഈയിടെയായി ഈ മേഖല ദശാസന്ധിയിലാണ്. ഈ സ്ഥിതി മാറുന്നതിന് സർക്കാർ ഭാഗത്ത്നിന്നും നല്ല നീക്കങ്ങൾ ഉണ്ടാകേണ്ടതാണ്. അതിനാൽ ഈ വ്യവസായത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തു സർക്കാർ നിയന്ത്രണത്തിൽ വിദേശത്ത് നിന്നും കൊണ്ടുവരാനും, ഈ വ്യവസായം നിലനിർത്താനും ശ്രമിക്കേണ്ടതാണ്. പ്രധാനമായും കണ്ണും, കയ്യും ഉപയോഗിച്ച് ചെയ്യേണ്ട ജോലിയായതിനാൽ മധ്യപ്രായത്തിന് മുകളിൽ ജോലി ഉപേക്ഷിക്കേണ്ടി വരുന്ന തൊഴിലാളികളെ പുനഃരധിവസിപ്പിക്കുന്നതിന് വേണ്ടി വ്യവസായ യൂണിറ്റുകളോ സ്വയം തൊഴിൽ സംരംഭങ്ങളോ കൂടുതൽ നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്. ഇതിന് മുൻപ് ഈ പഞ്ചായത്തിൽ നിലവിലിരുന്ന "ഇമിറ്റേഷൻ ഡയമണ്ട് പോളിഷിങ്ങ്" ഇപ്പോൾ പേരാമംഗലത്ത് ഒരു സഹകരണ സംഘത്തിൽ മാത്രം ഒതുങ്ങി നിൽക്കുകയാണ്. പാവങ്ങളുടെ വൈരക്കൽ ആയ ഇമിറ്റേഷൻ ഡയമണ്ട് ഇപ്പോൾ വളരെ കുറഞ്ഞ തോതിൽ മാത്രമേ സംസ്കരിക്കുന്നുള്ളൂ. ഈ തൊഴിൽ മേഖല കുറച്ച് കൂടി മെച്ചപ്പെടുത്താൻ ശ്രമിച്ചാൽ നല്ലതാണ്.

വൈരക്കൽ വ്യവസായത്തെ കൂടാതെ പ്രധാന വ്യവസായങ്ങളിൽ ഉൾപ്പെടുത്താവുന്നത്, പേരാമംഗലത്ത് പ്രവർത്തിക്കുന്ന 'ഫോസ്റ്റർ ഫുഡ്സ്' എന്ന ബിസ്കറ്റ് നിർമ്മാണ ശാലയും, ഹോളോബ്രിക്സ് ഉല്പാദന യൂണിറ്റുമാണ്. ഇത് കൂടാതെ രജിസ്റ്റർ ചെയ്ത 66 ചെറുകിട വ്യവസായ യൂണിറ്റുകളിൽ എണ്ണ, ധാന്യങ്ങൾ പൊടിക്കുന്ന യൂണിറ്റുകൾ, പ്ലാസ്റ്റിക്, റബ്ബർ, ടയർ റിസോളിങ്ങ്, ബസ്സ് ബോഡി നിർമ്മാണം, പാവനിർമ്മാണം, ഇലക്ട്രോ പ്ലയിറ്റിംഗ്, ആസ്പത്രി ഉപകരണ നിർമ്മാണം, ബേക്കറി ഉൽപാദനം, പ്രിൻറിംഗ് ഫർണിച്ചർ നിർമ്മാണം, എൻജിനീയറിംഗ് യൂണിറ്റുകൾ എന്നിവയാണ്.

കയ്പറമ്പ് പഞ്ചായത്തിൽ കളിമണ്ണ് ഉപയോഗിച്ചുള്ള വ്യവസായങ്ങളും നിലവിലുണ്ട്. ഏകദേശം അഞ്ചോളം ഓട്ട് കമ്പനികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ധാരാളം യുവതീയുവാക്കൾ അവിടെ ജോലി ചെയ്യുന്നു. കുടിൽ വ്യവസായാടിസ്ഥാനത്തിൽ ഹോളോബ്രിക്സ് യൂണിറ്റുകളും നടത്തുന്നുണ്ട്. ഈ പഞ്ചായത്തിലെ ഒരു വിഭാഗം യുവതികളും, വീട്ടമ്മമാരും ബീഡി തൊഴിൽ മേഖലയിൽ ചെറിയ ചെറിയ യൂണിറ്റുകൾ തുടങ്ങുകയാണെങ്കിൽ ഈ പഞ്ചായത്തിലെ തൊഴിലില്ലായ്മ ഒരു പരിധി വരെ കുറയ്ക്കാവുന്നതാണ്.

പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായം കയ്പറമ്പ് പഞ്ചായത്തിലെ പേരാമംഗലം എന്ന സ്ഥലത്ത് മാത്രമാണ് ഉള്ളത്. ഇവിടെ പെൺകുട്ടികൾ മാത്രമാണ് ജോലിചെയ്യുന്നത്. മുൻകാലങ്ങളിൽ ഇവിടെ വളരെ പേർ ജോലി ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ അത് പകുതിയിലധികം കുറഞ്ഞിട്ടുണ്ട്. താരതമ്യേന കുറഞ്ഞ കൂലി നിരക്കാണ് ഈ മേഖലയിൽ

ഇപ്പോൾ നിലനിൽക്കുന്നത്. അത്കൊണ്ട്തന്നെ കൂടുതൽ തൊഴിലാളികളെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ കഴിയുന്നില്ല. ഈ പഞ്ചായത്തിൽ ആകെയുള്ള മൂന്ന് തടി അടിസ്ഥാനമാക്കിയുള്ള വ്യവസായ യൂണിറ്റുകൾ ഉണ്ട്. ഇവ മൂന്നും സ്വകാര്യമേഖലയിലാണ്. ഈ യൂണിറ്റുകൾ നേരിടുന്ന പ്രശ്നം ഗുണനിലവാരം ഉള്ള തടികളുടെ ദൗർലഭ്യവും, സ്റ്റീൽ ഫർണിച്ചറുകളുടെ കടന്നുകയറ്റവുമാണ്. അതിനാൽ ഫർണിച്ചർ വ്യവസായം വളരെയധികം പ്രതിസന്ധി നേരിടുകയാണ്.

ഓടുനിർമ്മാണത്തോടനുബന്ധിച്ച് കളിമണ്ണുകൊണ്ട് കളികോപ്പുകളും മറ്റു അലങ്കാര വസ്തുക്കളും നിർമ്മിക്കാനുള്ള ഒരു യൂണിറ്റ് തുടങ്ങാനുള്ള സാദ്ധ്യതയുണ്ട്.

## ഓടു വ്യവസായം

കേരളത്തിൽ ഓട് വ്യവസായം കേന്ദ്രീകരിച്ചിരിക്കുന്നത് തൃശൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിലാണ്. കയ്പറമ്പ് പഞ്ചായത്തിന്റെ പ്രാതിനിധ്യം ഈ കാര്യത്തിൽ കുറവാണെങ്കിലും വിരലിൽ എണ്ണാവുന്ന ഓട്ടുകമ്പനികളെങ്കിലും ഇവിടെ ഇപ്പോൾ നിലവിലുണ്ട്. ഈ കമ്പനികൾ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഉത്പാദനം നടത്തുന്നവയാണ്. ഇതിൽ പ്രധാനപ്പെട്ട ഒരു കമ്പനിയാണ് പേരാമംഗലത്ത്, പഞ്ചായത്തിന്റെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന 'കേപ് ഇന്ത്യ ടൈൽസ്'

മുൻകാലങ്ങളിൽ നമ്മൾ ഓട് നിർമ്മിച്ചിരുന്നത് വീടുമേയുന്നതിനും മറ്റും വേണ്ടിയായിരുന്നു. കോൺക്രീറ്റ് കെട്ടിടങ്ങളുടെ ആഗമനത്തോടെ അത്തരം ഓടുകൾക്ക് പ്രചാരം കുറയുകയും, തത്ഫലമായി അതിന്റെ ഉത്പാദനം കുറയുകയും ചെയ്തു. ഇത്തരം മേച്ചിൽ ഓടുകളുടെ സ്ഥാനത്ത് വീടുകളുടെ തട്ടുകളും മറ്റും അലങ്കരിക്കുന്നതിനുള്ള ഓടുകൾ നിർമ്മിക്കാൻ തുടങ്ങി. വീടിന്റെ ചുമർ നിർമ്മിക്കുന്നതിനാവശ്യമായ ഇഷ്ടികയും കമ്പനികളിൽ നിർമ്മിക്കാൻ തുടങ്ങി. ആവശ്യങ്ങൾ ഏറിയതനുസരിച്ച് ഈ വ്യവസായം അഭിവൃദ്ധിപ്പെടാനും തുടങ്ങിയിട്ടുണ്ട്.

കയ്പറമ്പ് പഞ്ചായത്തിലെ കളിമൺ വ്യവസായത്തെക്കുറിച്ച് വിശകലനം ചെയ്യുമ്പോൾ നമുക്ക് കണക്കിലെടുക്കേണ്ടത് ഈ പ്രദേശത്ത് പ്രവർത്തിക്കുന്ന നാല് ഓട്ടു കമ്പനികളുടെ കാര്യമാണ്. ഈ കമ്പനികൾ പേരാമംഗലം, പെനിങ്ങന്നൂർ, ആറം പള്ളി എന്നീ ഭാഗങ്ങളിലായി സ്ഥിതി ചെയ്യുന്നു. ഈ കമ്പനികളിലെല്ലാംതന്നെ പ്രധാനമായും നിർമ്മിച്ചുവരുന്നത് അലങ്കാര ഇഷ്ടികകളാണ് (ഡെക്കറേഷൻ ടൈൽസ്) ഇതിനുവേണ്ട അസംസ്കൃത വസ്തുവായ കളിമണ്ണ് കൊണ്ട്വരുന്നത് മറ്റു പ്രദേശങ്ങളിൽനിന്നുമാണ്. പഴയ രീതിയിൽനിന്നും വ്യത്യസ്തമായി നൂതന യന്ത്രസാമഗ്രികളും മറ്റും ഉപയോഗിച്ചാണ് ഇവിടെ നിർമ്മാണ പ്രക്രിയ നടക്കുന്നത്.

ഈ പഞ്ചായത്തിലെ നാലു ഓട്ടുകമ്പനികളിലായി ഏകദേശം 250ഓളം പേർ തൊഴിൽ ചെയ്യുന്നുണ്ട്. സാമാന്യം ഭേദപ്പെട്ട കൂലിയും, ആനുകൂല്യങ്ങളും ഇവർക്കു ലഭിക്കുന്നുണ്ട് എങ്കിലും, അദ്ധ്വാനത്തിനനുസരണമായി വരുമാനം ലഭിക്കുന്നില്ല എന്ന പരാതിയും തൊഴിലാളികൾ ഉയർത്തിക്കാട്ടുന്നുണ്ട്.

അസംസ്കൃത വസ്തുവിന്റെ ദൗർലഭ്യവും കഴിഞ്ഞകാലങ്ങളിൽ വൈദ്യുതി ഉപഭോഗത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും ഈ വ്യവസായത്തിന്റെ വേഗത്തെ ദോഷകരമായി ബാധിച്ചു.

ഈ പ്രദേശത്തെ കമ്പനികളിൽനിന്നും അന്യസംസ്ഥാനങ്ങളിലേക്കുപോലും അലങ്കാര ഇഷ്ടികകളും, ഓടും കൊണ്ടുപോകുന്നുണ്ട് എന്നാണ് അറിയാൻ കഴിയുന്നത്. ഏറെ മുതൽ മുടക്കും, ബുദ്ധിമുട്ടുകളും തരണം ചെയ്യേണ്ടതുണ്ടെങ്കിലും ലാഭകരമായി ഈ വ്യവസായം കൊണ്ടുപോകാൻ സാധിക്കും എന്ന വിശ്വാസം സംരഭകർക്കുണ്ട്. കുറേപേർക്ക് ഇങ്ങനെയുള്ള വ്യവസായങ്ങളുടെ കീഴിൽ സ്ഥിരമായി തൊഴിൽ ലഭ്യമാകും എന്നതാണ് ഏറ്റവും വലിയ അനുഗ്രഹം.

## സ്വർണ്ണം സ്വരൂപിക്കൽ

കൂലിപണിക്കായി ആന്ധ്ര, തമിഴ്നാട് മറ്റുസംസ്ഥാനങ്ങളിൽനിന്ന് ഇവിടെ വന്ന് താമസിക്കുന്ന പണിക്കാരുണ്ട്. അവരിൽ അത്യപൂർവ്വമായി തൊഴിൽ ചെയ്യുന്ന ഒരു വിഭാഗം തമിഴ്നാട്ടുകാർ ഇവിടെ വസിക്കുന്നുണ്ട്. ഇവരുടെ സ്വദേശം സേലത്തിനടുത്തുള്ള നാമക്കൽ പ്രദേശമാണ്. ഇവർ ബോയർ ജാതിയിൽപ്പെട്ടവരാണ്. ഇവർ കയ്പറമ്പ് പഞ്ചായത്തിൽ പത്തോളം കുടുംബങ്ങളിലായി പേരാമംഗലം കിഴക്ക് ഭാഗത്ത് വാടകയ്ക്ക് 5 കൊല്ലത്തോളമായി താമസിക്കുന്നു. ഇവർ മണ്ണരിച്ച് സ്വർണ്ണം സ്വരൂപിച്ച് സ്വജീവിതം നയിക്കുന്നവരാണ്. ജന്മ ദേശത്തിനെക്കാൾ ഏറെ കൂലിയുള്ള കേരളത്തിൽ അവർക്ക് ദിനംപ്രതി മോശമില്ലാത്ത വരുമാനമുണ്ടാക്കാൻ കഴിയുന്നു. തൃശൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി പരമ്പരാഗത രീതിയിൽനിന്നും വ്യത്യസ്തമായി എല്ലാ ജാതിക്കാരും ഇപ്പോൾ സ്വർണ്ണപണിയിൽ ഏർപ്പെട്ടിരിക്കുകയാണ്. അത്കൊണ്ട് തന്നെ സ്വർണ്ണപണി നടത്തുന്ന പുരക്ക് ചുറ്റുനിന്നും സ്വർണ്ണത്തിന്റെ അംശം കലർന്ന മണ്ണ് ലഭിക്കാൻ സാധ്യതയുണ്ട്. അവിടങ്ങളിൽ നിന്നും മണ്ണ് ശേഖരിച്ച് താമസസ്ഥലത്ത്കൊണ്ട്വന്ന് അരിച്ച് സ്വർണ്ണം കണ്ടെത്തുന്നു. കുറച്ച് കഠിനാധ്വാനം ഉണ്ടെങ്കിലും പ്രതിദിനം പ്രായഭേദമന്യേ ഓരോരുത്തർക്കും 50 രൂപയോളം സമ്പാദിക്കാൻ കഴിയുന്നുണ്ട്. ഇതിൽ നിന്നും കിട്ടുന്ന വരുമാനത്തിൽ അവർ സംതൃപ്തിയോടെ സുഖജീവതം നയിക്കുന്നു.

**കയ്പറമ്പ് പഞ്ചായത്തിലെ ചെറുകിട വ്യവസായങ്ങളുടെ എണ്ണം**

| നമ്പർ | വിഭാഗം | യൂണിറ്റുകളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | വൈരക്കൽ കട്ടിങ്ങ് ആൻറ് പോളിഷിങ്ങ് | 45 | 2238 |
| 2 | അരിപൊടിക്കൽ | 22 | 48 |
| 3 | വൈദ്യുതോപകരണങ്ങളുടെ വിൽപ്പന കേന്ദ്രം | 12 | 28 |
| 4 | ഹോളോബ്രിക്സ് യൂണിറ്റുകൾ | 5 | 25 |
| 5 | എഞ്ചിനീയറിങ്ങ് വർക്സ് | 10 | 33 |
| 6 | ഗ്രോസ്സറി വർക്സ് | 54 | 122 |
| 7 | പ്ലാസ്റ്റിക് സാധന സാമഗ്രികൾ | 4 | 52 |
| 8 | ചായക്കടകൾ | 47 | 249 |
| 9 | സ്റ്റേഷനറി കടകൾ | 27 | 59 |
| 10 | ഹാർഡ്‌വെയർ | 22 | 44 |
| 11 | തുണിക്കടകൾ | 13 | 30 |
| 12 | ഫർണിച്ചർ കടകൾ | 5 | 18 |
| 13 | സ്വർണ്ണാഭരണം | 3 | 10 |
| 14 | ടൈലറിങ്ങ് | 23 | 69 |
| 15 | അറവുശാലകൾ | 7 | 12 |
| 16 | ബേക്കറി, കൂൾബാർ | 7 | 12 |
| 17 | അലോപ്പതി മരുന്നുശാലകൾ | 7 | 19 |
| 18 | ആയുർവ്വേദ മരുന്നുശാലകൾ | 6 | 12 |
| 19 | ഓട്ടുകമ്പനികൾ | 4 | 248 |
| 20 | റബ്ബർ ഉല്പന്ന സ്ഥാപനം | 1 | 10 |
| 21 | മറ്റുള്ളവ | 14 | 126 |
| | ആകെ | 348 | 3464 |

## പ്രശ്നങ്ങളും സാധ്യതകളും

1. ഈ പഞ്ചായത്തിലെ മുഖ്യവ്യവസായമായ വൈരക്കൽ വ്യവസായം വളരെ പ്രതിസന്ധികൾ അനുഭവിക്കുന്നുണ്ട്. തൊഴിലാളികൾക്ക് ന്യായമായ വേതനമോ ബോണസോ ലഭിക്കുന്നില്ല എന്നു പരാതിയുണ്ട്. ഗവൺമെൻറ് നേരിട്ട് ഈ വ്യവസായത്തെ പുനരുദ്ധരിക്കാൻ വേണ്ട നടപടികൾ കൈകൊള്ളണം.

ഇമിറ്റേഷൻ ഡൈമണ്ട് പോളിഷിങ്ങ് ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനം പുനരുദ്ധരിക്കണം.

3. ബീഡി വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം പുനരുദ്ധരിക്കണം.

4. പൊതുജനങ്ങളുടെ എതിർപ്പ് പരിഗണിക്കാതെ ജനജീവിതം ദുഃസഹമാക്കിതീർക്കുന്നതും പരിസരമലിനീകരണത്തിന് സാദ്ധ്യത ഏറെയുള്ളതുമായ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കാൻ ശ്രമം നടക്കുന്നുണ്ട്.

5. കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കണം. ഭക്ഷ്യവസ്തുക്കളുടെയും കരകൗശല വസ്തുക്കളുടെയും നിർമ്മാണം പ്രോത്സാഹിപ്പിക്കണം.

6. സഹകരണാടിസ്ഥാനത്തിൽ ഖാദി ബോർഡിൻെറ നെയ്ത്തു ശാലകൾ സ്ഥാപിക്കണം.

7. സ്വയം തൊഴിൽ പദ്ധതികൾക്ക് മുൻതൂക്കം കൊടുക്കണം.

8. വ്യവസായ യൂണിറ്റുകൾക്ക് വൈദ്യുതി കണക്ഷൻ പെട്ടെന്ന് ലഭ്യമാക്കാൻ ശ്രമിക്കണം.

# ഊർജ്ജം

വ്യാവസായിക വളർച്ച ആരംഭിക്കുന്നതിന് മുൻമ്പ് പ്രകൃതിദത്തമായ ഊർജ്ജസ്രോതസ്സുകളെ ആശ്രയിച്ചാണ് മനുഷ്യൻ ജീവിച്ചിരുന്നത്. ചില കവലകളിൽ പാനീസ് വിളക്കും, വിളക്കുമാടവും ഉണ്ടായിരുന്നെങ്കിലും പന്തം, ചൂട്ടുകൾ എന്നിവയാൽ രാത്രി കാലങ്ങളിൽ ഉപയോഗിച്ചിരുന്നത്. വിറകിനു പുറമെ പാചകത്തിന് ഉണക്കിയ ചാണകവും, ജലസേചനത്തിനും നിലം ഉഴുന്നതിനും മൃഗങ്ങളെയും ഉപയോഗിച്ചിരുന്നു.

പ്രധാനപ്പെട്ട ഊർജ്ജമായ വൈദ്യുതി വാണിജ്യം, കൃഷി, ഗാർഹികാവശ്യങ്ങൾ എന്നിവയ്ക്കായി ഉപയോഗിക്കുന്നു. പഞ്ചായത്തിലെ ഏഴ് ഹരിജൻ കോളനികളടക്കം 78.80% വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. വ്യവസായ മേഖലയിലെ കൂടുതൽ ഉപഭോഗ്താക്കളും ലോ - ടെൻഷൻ വിഭാഗത്തിൽപ്പെട്ടവരാണെങ്കിലും ഹൈ-ടെൻഷൻ വിഭാഗത്തിൽപ്പെട്ടവർ 15 പേരുണ്ട്. ഓടു വ്യവസായത്തിന് പ്രധാനമായി ഉപയോഗിക്കുന്നത് വിറകിൽനിന്നു കിട്ടുന്ന ഊർജ്ജമാണ്. കൽക്കരി ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ഒന്നും തന്നെ ഇല്ല. ഏററവും കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നത് വൈരക്കൽ വ്യവസായ മേഖലയിലാണ്.

കൃഷിയാവശ്യത്തിനും, കുടിവെള്ളത്തിനുമായി 1500-ഓളം പമ്പുസെററുകൾ പ്രവർത്തിപ്പിക്കുന്നു. ഇതിൽ ഭൂരിഭാഗവും വൈദ്യുതി ഉപയോഗിച്ചും, ബാക്കിയുള്ളവ എണ്ണ കൊണ്ടും പ്രവർത്തിപ്പിക്കുന്നു.

വൈദ്യുതിയുടെ ഗാർഹിക ഉപഭോഗത്തിൻെറ ഏറിയ പങ്കും ഗൃഹോപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും, വെളിച്ചത്തിനും വേണ്ടിയാണ്. പാചകാവശ്യത്തിന് കൂടുതലായി വിറകും, മണ്ണെണ്ണയും, വാതകവും ഉപയോഗിക്കുന്നു.

ഒരു വർഷത്തിൽ വീടുകളിൽ ഉപയോഗിക്കുന്ന ശരാശരി ഊർജ്ജത്തിൻെറ അളവ്:-

വിറക് - 4800 ടൺ

കാർഷീക അവശിഷ്ടങ്ങൾ - 8400 ടൺ

മണ്ണെണ്ണ - 72000 ലിററർ

പാചക വാതകം - 12,000 സിലിണ്ടർ

ഇന്ന് വേണ്ടത്ര വിറകും എണ്ണയും ലഭ്യമല്ല. വില ക്രമാധീതമായി വർദ്ധിച്ചിരിക്കുന്നു. പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിച്ചുകൊണ്ട് വിറകിൻെറ അമിത ഉപയോഗം കുറയ്ക്കാം. പ്രവർത്തന സജ്ജമായ മീററുകളും, ട്രാൻസ്ഫോർമറുകളും ഉപയോഗിക്കുകയാണെങ്കിൽ വൈദ്യുതിയുടെ നഷ്ടപ്പെടുന്നത്. ഒഴിവാക്കാം. പ്രേഷണ വിതരണ സമ്പ്രദായത്തിലുണ്ടാകുന്ന അപാകതകളും, പ്രതിബന്ധങ്ങളും നീക്കണം.

**വൈദ്യുതിയുടെ ഉപഭോഗ വിവരം:-**

| മൊത്തം വീടുകളുടെ എണ്ണം | വൈദ്യുതീകരിച്ച വീടുകൾ | സൗജന്യമായി വൈദ്യുതി ലഭിച്ചരുടെ എണ്ണം | തെരുവു വിളക്കുകൾ |
|---|---|---|---|
| 4910 | 3869 | 430 | 690 |

**പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ എണ്ണം**

| നമ്പർ | സ്ഥലം | എണ്ണം |
|---|---|---|
| 1. | പുത്തൂർ | 3 |
| 2. | എടക്കളത്തൂർ | 1 |
| 3. | കയ്പറമ്പ് | 4 |
| 4. | ആണ്ടപറമ്പ് | 4 |
| 5. | ആറംപിള്ളി | 4 |
| 6. | പഴമുക്ക് | 1 |
| 7. | പെരിങ്ങന്നൂർ | 1 |
| 8. | മുണ്ടൂർ | 3 |
| 9. | വേളക്കോട് | 3 |
| 10. | കിരാലൂർ | 6 |
| 11. | പേരാമംഗലം പോലീസ് സ്റേറഷൻ | 4 |
| 12. | അവങ്ങവ് റോഡ് | 1 |
| 13. | പെനിങ്ങന്നൂർ | 3 |
| 14. | മനപ്പടി | 1 |

* ഇലക്ട്രിസിററ് സെക്ഷൻ ഓഫീസ് കണക്കുകൾ.

IREP പ്രോജക്ററ് ഓഫീസ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ANERT ൻെറ സൗരോർജത്തിൽ പ്രവർത്തിക്കുന്ന മോട്ടോറുകളും, വാട്ടർ ഹീററുകളും, കുക്കറുകളും ചില വീടുകളിൽ ഉപയോഗിച്ചു വരുന്നു. പുകയില്ലാത്ത അടുപ്പുകൾ 600 വീടുകളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഉപകരണങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ ഊർജ്ജത്തിൻെറ ഭീമമായ നഷ്ടം ഒരു പരിധിവരെ കുറയ്ക്കാൻ കഴിയും.

‘അനെർട്ടിൽ’ നിന്നും വിതരണം
ചെയ്ത ഉപകരണങ്ങളുടെ എണ്ണം.:-

| നമ്പർ | ഉപകരണം | എണ്ണം |
|---|---|---|
| 1. | പുകയില്ലാത്ത അടുപ്പ് | 600 |
| 2. | മണ്ണെണ്ണ അടുപ്പ് | 584 |
| 3. | പ്രഷർ കുക്കർ | 352 |
| 4. | CFL with ഇലക്ട്രോണിക് ചോക്ക് | 132 |
| 5. | സൗരോർജ്ജ വിളക്കുകൾ | 36 |
| 6. | കൊണ്ടു നടക്കാവുന്ന അടുപ്പ് | 520 |
| 7. | കമ്മ്യൂണിററി അടുപ്പ് | 8 |

(അനർട്ടിൻെറ രജിസ്ററിൽ നിന്ന്)

### പ്രശ്നങ്ങളും സാധ്യതകളും:-

1. ആവശ്യമായ സ്ഥലങ്ങളിൽ സ്ട്രീററ് ലൈററുകൾ സ്ഥാപിക്കണം
2. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനോടൊപ്പം, കണക്ഷൻ ലഭിക്കാത്തവർക്ക് അത് നൽകാൻ വേണ്ട നടപടികൾ വേണം.
3. സൗരോർജ്ജ മോട്ടോറുകൾ സ്ഥാപിക്കുകയാണെങ്കിൽ വൈദ്യുതിയുടെ ഉപഭോഗം കുറക്കാം.
4. വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് പ്രാദേശിക സൗകര്യങ്ങൾ ഉണ്ടാക്കുക.
5. ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കുക.
6. ‘അനർട്ടി’ നെകുറിച്ച് ബോധവൽക്കരണം നൽകുകയാണെങ്കിൽ അത് കൂടുതൽ ഉപകാരപ്രദമായിരിക്കും.

# വാർത്താവിനിമയം

ഈ നൂറ്റാണ്ടിൻെറ ആദ്യപകുതി വരെ വാർത്താവിനിമയം പ്രധാനമായും നടന്നിരുന്നത് 'അഞ്ചലോട്ടം' വഴിയായിരുന്നു. ഈ അഞ്ചലോട്ടക്കാരുടെ പോക്ക് ഒരു കയ്യിൽ ഓലക്കുടയും മറുകയ്യിൽ മണികെട്ടിയ വടിയുമായിട്ടായിരുന്നു. സന്ദേശമെത്തിക്കുന്നതിനു വേണ്ടി നിർത്താതെയുള്ള ഓട്ടം ഗ്രാമീണ ജനത അത്ഭുതത്തോടും ആകാംക്ഷയോടും കൂടി നോക്കി നിന്നിരുന്നു. കാലപ്രവാഹത്തിൽ അഞ്ചലാഫീസുകൾ പോസ്റ്റോഫീസുകളായി മാറിയതിനാൽ 'അഞ്ചലോട്ടക്കാരൻ' ചരിത്രത്തിൽ കഥാവശേഷനായി. വർത്തമാനപത്രങ്ങളുടെ ആഗമനം മറ്റൊരു വഴിത്തിരിവാണ്. ആദ്യഘട്ടങ്ങളിൽ തൃശ്ശൂരിൽ നിന്നും പത്രം വാങ്ങി ഇവിടെ കൊണ്ടുവന്ന് വായിക്കുമായിരുന്നു. പത്രവായന സാർവ്വത്രികമായ' തോടുകൂടി സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളെക്കുറിച്ചും മറ്റുദേശീയ പ്രക്ഷോഭങ്ങളെക്കുറിച്ചും ജനങ്ങൾ അറിയാൻ ഇടയായി. അവർ ദേശീയ പ്രസ്ഥാനങ്ങളിൽ ആകൃഷ്ടരാകുകയും ബ്രിട്ടീഷ് സാമ്രാജ്യശക്തികൾക്കെതിരെ അണിനിരക്കുന്നതിനുവേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തു. ആകാശവാണി നിലയവും വാർത്തകൾ അറിയിക്കുന്നതിൽ നല്ല പങ്ക് വഹിച്ചിട്ടുണ്ട്. ആദ്യമായി മുണ്ടൂരിലാണ് ഒരു പോസ്റ്റോഫീസ് നിലവിൽ വന്നത്. പഞ്ചായത്തിലെ ജനങ്ങൾക്ക് കത്തുകൾ എത്തിക്കുന്നതിൽ ഈ സ്ഥാപനം സ്തുത്യർഹമായ പങ്കുവഹിച്ചിട്ടുണ്ട്. പിന്നീട് ഈ സ്ഥാപനം സബ്പോസ്റ്റോഫീസായി ഉയർത്തപ്പെട്ടു. അതിനുശേഷം പേരാമംഗലം, കൈപ്പറമ്പ് എന്നീ സ്ഥലങ്ങളിൽ ഓരോ പോസ്റ്റോഫീസുകൾ നിലവിൽ വന്നു. പുറ്റേക്കരയിൽ E.D. പോസ്റ്റോഫീസാണ് നിലവിലുള്ളത്. പോസ്റ്റോഫീസിൻെറ പ്രവർത്തനങ്ങൾ പൊതുവെ തൃപ്തികരമാണ്. വർത്തമാനപത്രങ്ങൾ സാർവ്വത്രികമായതോടെ ജനങ്ങളുടെ വിജ്ഞാന സമ്പാദനത്തിനു ആക്കംകൂടി. ഇന്ന് ചില വർത്തമാനപത്രങ്ങൾ പത്രധർമ്മത്തിൽ നിന്നും വ്യതിചലിക്കുന്നതായും മനസ്സിലാക്കാൻ കഴിയുന്നു. തൽപരകക്ഷികളുടെ സ്വാർത്ഥതാൽപര്യത്തിനുവേണ്ടി പത്രപ്രവർത്തനം ദുരുപയോഗപ്പെടുത്തുന്ന രീതിക്ക് മാറ്റം വരുത്തേണ്ടതുണ്ട്. ആധുനിക വാർത്താവിനിമയ സംവിധാനമായ ടെലിവിഷൻെറ അതിപ്രസരം ഈ പഞ്ചായത്തിലും നിലവിലുണ്ട്. ജനങ്ങൾക്ക് ഉപകാരപ്രദവും വിജ്ഞാനപ്രദവും സന്തോഷപ്രദവുമായ കാര്യങ്ങളാണ് സംപ്രേക്ഷണം ചെയ്യേണ്ടത്. എന്നാൽ പലപ്പോഴും ജനങ്ങളെ വശീകരിക്കുന്ന രീതിയിലും തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുമുള്ള അപകടകരമായ പരസ്യപ്രചരണം നടത്തുന്നത് ഒഴിവാക്കേണ്ടത് ആവശ്യമാണ്. ഈ പഞ്ചായത്തിലെ മുണ്ടൂരിൽ ഒരു ടെലിഫോൺ എക്സ്ചേഞ്ച് പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിലാകെ 200 ടെലിഫോണുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഓരോ സെൻററുകളിലും STD, ISD ബൂത്തുകളും പ്രവർത്തിക്കുന്നുണ്ട്. ആകെ 13 എണ്ണം നിലവിലുണ്ട്. ഈ പഞ്ചായത്തിൽ ഏകദേശം 1000 ഓളം വീടുകളിൽ വർത്തമാനപത്രങ്ങൾ നിലവിലുണ്ട്.

**പ്രശ്നങ്ങളും, സാധ്യതകളും**

1. എല്ലാ വാർഡിലും പ്രധാനകേന്ദ്രങ്ങളിൽ തപാൽ ബോക്സും ടെലിഫോൺബൂത്തും സ്ഥാപിക്കുക.
2. തകരാറിലായ T.V, റേഡിയോ സെറ്റുകൾ നന്നാക്കാൻ വേണ്ട നടപടികൾ എടുക്കുക.
3. പത്രപ്രവർത്തന രംഗത്ത് ഇന്ന് നിലനിൽക്കുന്ന നുണപ്രചരണത്തിന് പരിഹാരം കാണുക.
4. ജനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ജനകീയ പത്രസ്ഥാപനത്തിന് രൂപം നൽകുക.

## മാർക്കറ്റ്

ഈ പഞ്ചായത്തിൽ ഒരു മാർക്കറ്റ് ഉണ്ടാക്കണം. ഈ പഞ്ചായത്തിൽ ഇന്ന് മാർക്കറ്റ് നിലവിലില്ല. ഇവിടത്തെ കർഷകർ കൃഷിചെയ്തുണ്ടാക്കുന്ന കാർഷിക ഉൽപന്നങ്ങൾക്കും മറ്റു വിളകൾക്കും ന്യായമായ വില ലഭിക്കുന്നതിന് ഒരു വിൽപ്പനചന്ത ഈ പഞ്ചായത്തിൽ അത്യന്താപേക്ഷിതമാണ്. കൂടാതെ അതാതു ഭാഗങ്ങളിലെ ജനങ്ങൾക്ക് ഉപയുക്തമാകാവുന്ന രീതിയിൽ അതാതു ഭാഗങ്ങളിൽ ഓരോ ചെറുമാർക്കറ്റുകളും ആവശ്യമാണ്. മാവേലി സ്റ്റോറുകൾ മുഖാന്തിരം ലഭിക്കുന്ന വിഭവങ്ങൾ ശരിയായ രീതിയിൽ ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിന് അതാതു ഭാഗങ്ങളിൽ ഓരോ മാവേലിസ്റ്റോറുകൾ സ്ഥാപിക്കണം. സഹകരണ അടിസ്ഥാനത്തിലാണ് മാർക്കറ്റ് ആരംഭിക്കുന്നത് എങ്കിൽ അത് കുറച്ചുകൂടി നന്നായിരിക്കും. ഈ പഞ്ചായത്തിലെ പല ഭാഗങ്ങളിലും മീൻ ചന്തകൾ ഇല്ല. ഇവിടെ നിന്നും ലഭിക്കുന്ന മത്സ്യം ഈ പഞ്ചായത്തിൽ തന്നെ വിറ്റഴിക്കുന്നതിന് മത്സ്യ ചന്തകൾ ആരംഭിക്കണം. മുൻപ് പേരാമംഗലം സെൻററിൽ ഒരു മാർക്കറ്റ് നിലവിലുണ്ടായിരുന്നു. അത് കാലക്രമേണ നിലച്ചുപോയി. ജനങ്ങൾക്ക് ന്യായമായ വിലയിൽ സാധനങ്ങൾ ലഭ്യമാക്കുന്നതിന് ഈ മാർക്കറ്റ് വളരെയധികം സഹായകമായിരുന്നു. പക്ഷെ കൂണുകൾപോലെ നാട്ടിലെമ്പാടും Super Market കളും Consumer Store കളും വന്നതോടെ പഴയ ഇത്തരം Market കൾക്കു വിലയില്ലാതായി അതുകൊണ്ടുതന്നെ കരിഞ്ചന്തക്കാരും, പൂഴ്ത്തിവെപ്പുകാരും ഇപ്പോൾ ലാഭം കൊയ്യുന്നു. ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന കാർഷിക ഉൽപന്നങ്ങളും മറ്റു വിളകളും തൃശ്ശൂരിലുള്ള Market ൽ കൊണ്ടുപോയി വിൽക്കേണ്ടതായ സ്ഥിതിവന്നു ചേർന്നിരിക്കുന്നു. എന്നാൽ ഇവിടുത്തെ കടകളിൽ തൃശ്ശൂരിൽ നിന്നും വാങ്ങിക്കൊണ്ടുവന്ന് വിറ്റഴിക്കപ്പെടുന്ന ഉൽപന്നങ്ങൾക്ക് നാം അധികവില നൽകേണ്ടിവരുന്നു. ഈ പഞ്ചായത്തിൽ തന്നെ ഉൽപ്പാദിപ്പിച്ച് ഈ പഞ്ചായത്തിൽ തന്നെ ഉപഭോഗം നടത്തുകയാണെങ്കിൽ ഇടനിലക്കാരനു കിട്ടുന്ന അധികലാഭം ഇവിടുത്തെ കർഷകനും ഉപഭോക്താവിനും പങ്കിട്ടെടുക്കാം. അതിന് സഹകരണ അടിസ്ഥാനത്തിൽ ഒരു പൊതുമാർക്കറ്റും എല്ലാ സെൻററുകളിലും ചെറുമാർക്കറ്റുകളും സ്ഥാപിക്കുകയാണെങ്കിൽ വളരെനന്നായിരിക്കും. മാർക്കറ്റുകൾ സ്ഥാപിക്കുമ്പോൾ സെൻററിൽ നിന്നും കുറച്ച് മാറ്റി സ്ഥാപിക്കണം. കൂടാതെ മാർക്കറ്റിൽ അവശേഷിക്കുന്ന ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കണം.

# ഗതാഗതം

ഈ പഞ്ചായത്തിൽക്കൂടി പോകുന്ന തൃശ്ശൂർ കുന്നംകുളം ഹൈവേ ജില്ലാ ആസ്ഥാനമായ തൃശ്ശൂർ നഗരവുമായി പഞ്ചായത്തിനെ ബന്ധിപ്പിച്ചിരിക്കുന്നു. ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന ഹൈവേക്ക് ഏകദേശം 5 k.m. നീളമുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ 8½ മീറ്റർ ടാർചെയ്ത റോഡുകളുണ്ട്. ഇതുകൂടാതെ പഞ്ചായത്തിന്റെ കീഴിൽ 86k.m. റോഡ് ഉണ്ട്. ഇതിൽ 22k.m. ടാർ ചെയ്തതും 2k.m. മെറ്റൽ ചെയ്തതും 62k.m. മൺറോഡുകളുമാണ്. പഞ്ചായത്തിൽ റോഡുകളുടെ നീളത്തിന്റെ സാന്ദ്രത 1000 പേർക്ക് 3.84k.m. ആണ്. ജില്ലാ തലത്തിൽ 3.28 km ആണ് റോഡുകളുടെ നീളത്തിന്റെ സാന്ദ്രത. സ്വകാര്യബസ്സുകളും, K.S.R.T.C ബസ്സുകളും ഈ പഞ്ചായത്തിൽ കുടി നല്ലൊരു ശതമാനം സർവ്വീസ് നടത്തി വിവിധ ഭാഗങ്ങളെ ബന്ധിപ്പിക്കുന്നു. ഉദ്ദേശം 25ഓളം വരുന്ന സ്വകാര്യ ബസ്സുകൾ മുണ്ടൂരിനേയും മെഡിക്കൽ കോളേജിനേയും തമ്മിൽ ബന്ധിപ്പിക്കുന്നു. എന്നാൽ പഞ്ചായത്തിന്റെ ഉൾഭാഗങ്ങളിൽ വേണ്ടത്ര ബസ്സ് സർവ്വീസുകളില്ല. ഒരിക്കൽ ടാറിങ്ങ് കഴിഞ്ഞ റോഡുകൾ പിന്നീട് അറ്റകുറ്റ പണികൾ നടത്തുന്നതിന് സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം പഞ്ചായത്തിന് സാധിക്കാതെ വരുന്നു. മഴക്കാലമായാൽ ഈ പഞ്ചായത്തിലെ പല റോഡുകളും ഗതാഗത യോഗ്യമല്ല. ശരിയായ ഓവുചാലുകൾ ഇല്ലാത്തതും എടുത്ത ഓവുചാലുകൾ അടയുന്നതും ഇതിന് കാരണമാണ്. കൂടാതെ ചിലയിടങ്ങളിൽ രണ്ടരികിലുമുള്ള പറമ്പുകളേക്കാൾ താഴ്ന്ന് റോഡ് സ്ഥിതിചെയ്യുന്നതുമൂലം മഴക്കാലത്ത് അത്തരം റോഡുകൾ വെള്ളം ഒലിച്ചുപോകാതെ ഗതാഗതയോഗ്യമല്ലാതായി തീരുന്നു. ഇന്നും പല സ്ഥലങ്ങളിലും വേണ്ടത്ര രീതിയിലുള്ള റോഡുകൾ നിലവിലില്ല. ചെറിയ നടവഴികളായി മാത്രം സ്ഥിചെയ്യുന്ന വീതിയുള്ള റോഡുകളാക്കി മാറ്റുന്ന പ്രക്രിയ ഈ പഞ്ചായത്തിൽ ആരംഭിച്ചിരിക്കുന്നു. ഈ പഞ്ചായത്തിലെ സെൻററുകളിൽ ഓട്ടോറിക്ഷകൾക്കും ടാക,ഇകാറുകൾക്കും പാർക്കു ചെയ്യുന്നതിന് ആവശ്യമായ ടാക്സിസ്റ്റാൻറുകളില്ല. അതുകൊണ്ടുതന്നെ ഇവിടുത്തെ സെൻററുകളിൽ അമിതമായ തിരക്ക് അനുഭവപ്പെടുന്നു. അതുപോലെതന്നെ നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഹെവിവെഹിക്കിൾസിന്റെ ഒരു വർക്ക്ഷോപ്പ് പോലും ഈ കയ്പറമ്പ് പഞ്ചായത്തിൽ ഇല്ല. മേൽപ്പറഞ്ഞ കാര്യങ്ങളിലെല്ലാം ശ്രദ്ധ ഊന്നി കയ്പറമ്പ് പഞ്ചായത്തിന്റെ മേലധികാരികൾ പ്രവർത്തിപ്പിക്കുവാൻ മുൻകയ്യെടുക്കണം. അതുപോലെതന്നെ ഈ പഞ്ചായത്തിലെ ജനങ്ങളും സഹകരിക്കണം.

കയ്പറമ്പ് പഞ്ചായത്തിൽപ്പെട്ട പല ഉൾഭാഗത്തേയ്ക്കും ഇന്ന് ബസ്സ് സർവ്വീസ് ഇല്ല. ഉദാഹരണമായി പുറ്റേക്കര ഭാഗത്തുനിന്നും വടക്കാഞ്ചേരിയിലേക്ക് പോകാൻ എളുപ്പവഴികൾ ഉണ്ട്. എന്നാൽ അതിൽ കൂടി ബസ്സ് സർവ്വീസ് നടത്താൻ റോഡ് സഞ്ചാരയോഗ്യമല്ലാത്തതാണ് മുഖ്യകാരണം. ഒരു കിലോമീറ്റർ സഞ്ചരിക്കാൻ ആർ. ടി.ഒ. അനുവദിച്ചിട്ടുള്ള സമയം രണ്ടുമിനിറ്റാണ്. ഈ സമയം കൊണ്ട് നിർദ്ദിഷ്ടസ്ഥലങ്ങളിൽ എത്തിച്ചേരാൻ കഴിയില്ല. ആർ.ടി.ഒ. സമയം കൂട്ടിത്തന്നാൽപ്പോലും ഒരു ദിവസം വളരെ കുറച്ചം കിലോമീറ്റർ മാത്രമെ സർവ്വീസ് നടത്താൻ കഴിയുകയുള്ളു. അങ്ങിനെ വരുമ്പോൾ 3 മാസത്തേക്ക് 17880/- രൂപ ടാക്സ് അടച്ച് ഒരു ബസ്സ് സർവ്വീസ് നടത്താൻ കഴിയുകയില്ല. അതുപോലെ തന്നെ ഉൾഭാഗത്തുക്കൂടി സർവ്വീസ് നടത്തുമ്പോൾ മെയിൻറൻസ് കൂടും. തൃശ്ശൂർ-കുന്ദംകുളം മേഖലയിൽ തന്നെ ഇന്ന് ബസ്സ് സർവ്വീസ് നടത്താൻ വളരെയധികം ബുദ്ധിമുട്ടാണ്. ഇതിന്റെ മുഖ്യകാരണം റോഡിന്റെ ശോചനീയാവസ്ഥയാണ്. ഇന്ന് ഒരു ടയർ കിട്ടണമെങ്കിൽ 800രൂപ വേണം. അതുപോലെ തന്നെ തീപിടിച്ച വിലയാണ് സ്പെയർപാർട്ട്സിന്. ഇന്ന് ആർ.ടി.ഒയിൽ നിന്ന് യഥേഷ്ടം പെർമിറ്റ് നൽകുന്നതുകൊണ്ട് വാഹനങ്ങൾ വർദ്ധിച്ചു. എല്ലാ ജില്ലയിൽ നിന്നും ഇഷ്ടപ്രകാരം ലിമിറ്റഡ്സ്റ്റോപ്പ് ബസ്സുകളും, ഫാസ്റ്റ് പാസഞ്ചറുകളും സർവ്വീസ് നടത്തുന്നുണ്ട്. അതുകൊണ്ട് എല്ലാ റൂട്ടുകളിലും മത്സര ഓട്ടവും അപകടവും സംഭവിക്കുന്നു.

ഇതിനെല്ലാം പരിഹാരം കാണണമെങ്കിൽ കേന്ദ്ര ഗവൺമെൻറ് നിയമത്തിന് ഭേദഗതിവരുത്തണം. എന്നാൽ മാത്രമേ പെർമിറ്റിന്റെ വർദ്ധനവിന് നിയന്ത്രണം വരുത്താൻ കഴിയുകയുള്ളൂ.

വിദ്യാർത്ഥികൾ എല്ലാ ബസ്സിലും കയറി യാത്ര ചെയ്യുന്ന സ്ഥിതി വിശേഷം ഉണ്ടാകണം. അത് ഓർഡിനറി ആയാലും, ലിമിറ്റഡ് സ്റ്റോപ്പ് ബസ്സായാലും. തൊഴിലാളികളും, വിദ്യാർത്ഥികളും തമ്മിലുള്ള അഭിപ്രായ ഭിന്നത ഒഴിവാക്കി സമാധാന അന്തരീക്ഷം നിലനിർത്തണം. അപകടം സംഭവിച്ച രോഗിയെ ആശുപത്രിയിൽ എത്തിക്കുവാൻ ഗവൺമെൻറ് വാഹനങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണ്.

## പ്രശ്നങ്ങൾ, സാധ്യതകൾ

ഒന്നാംവാർഡിലെ കോരകുളം-ചീരോത്ത് ബണ്ട്റോഡ് വീതികൂട്ടുക. പുത്തൂർക്കുളം റോഡ് നിർമ്മിക്കുക.

രണ്ടാം വാർഡിൽ ഉൾപ്പെട്ട ചെല്ലാശ്ശേരി പാടം റോഡ് സൈഡ് കെട്ടുക, കൈപറമ്പ് സെൻററിൽ നിന്നും മഹാത്മാഗന്ധി വഴി കൊള്ളന്നൂര് കോളനിയിലേക്ക് റോഡ്വെട്ടുകയും കൈപ്പറമ്പ് - കുറുമാൽ - ആറമ്പിള്ളി റോഡ്, കുപ്പാടി ഹരിജൻ കോളനി റോഡ്, കൈപ്പറമ്പ് - അരങ്ങാശ്ശേറി റോഡ്, കൈപ്പറമ്പ് - മുള്ളൻ നട റോഡ്, കൈപ്പറമ്പ് - വാഴാനി കനാൽ ബണ്ട് റോഡ് എന്നിവ അറ്റകുറ്റപണികൾ ചെയ്ത് ഗതാഗതസൗകര്യം ഏർപ്പെടുത്തേണ്ടതാണ്. 3-ാം വാർഡിലെ ഗ്രാമസഭയിൽ ഉയർന്നുവന്നത് പുത്തൻ കോളനി (സെൻറ് ജോസഫ് നഗർ) റോഡ് ടാർ ചെയ്യണമെന്നും, പുറ്റേക്കര - നെടുവികുളം - മെഡിക്കൽ കോളേജ് റോഡ്, അയിനിപ്പാറ ആറുമ്പിള്ളി റോഡ്, ആറുംപുള്ളി കുരിശുപള്ളി വേലൂർ റോഡ്, പുല്ലാറ - തോടിന് മേൽപാലം പണിയണമെന്നുമുള്ള നിർദ്ദേശങ്ങളാണ്. നാലാം വാർഡിൽ ഉൾപ്പെട്ട മുണ്ടൂർ കൃഷിഭവൻ ശങ്കരകണ്ടം റോഡ്, മുണ്ടൂർ കിഴക്കും മുറി-മൈലാംകുളം റോഡ്, മുണ്ടൂർ ഗ്രൗണ്ട് റോഡ്, മുണ്ടൂർ - ശിവക്ഷേത്രം - അവണാവ് റോഡ് എന്നിവ പണിയേണ്ടതാണ്. അഞ്ചാം വാർഡിലെ ആണ്ടപറമ്പ് പോന്നോർ റോഡ്, ആണ്ടപറമ്പ് മീൻ ചന്ത റോഡ്, ആണ്ടപറമ്പ് പുത്തൂർ റോഡ്, പുറ്റേക്കര നടുവിൽ സെൻറർ റോഡ്, ആണ്ടപറമ്പ് - വടക്കുമുറി - കൈപ്പറമ്പ് റോഡ് എന്നീ മുഖ്യറോഡുകൾ വെട്ടേണ്ടതാണ്.

ആറാംവാർഡിൽപ്പെടുന്ന പെരിങ്ങന്നൂർ-മണ്ണാൻ കോളനി റോഡ്, കൊമ്പൻെറ താഴം മുതൽ പോന്നോർ പുളിഞ്ചേരിപട്ടില വളപ്പിലെ വീടുവരെയുള്ള റോഡ് ടാർ ചെയ്യേണ്ടതും, മുണ്ടൂർപള്ളി - പാറേക്കാട്ട് വഴി പോന്നോർ ബന്ധിപ്പിക്കുന്ന റോഡ്, പോപ്പ് നഗർ ഹൗസിങ്ങ് കോളനി റോഡ് വെട്ടേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ഏഴാംവാർഡിൽ കിടക്കുന്ന അവണാവ് - പേരാമംഗലം റോഡ്, ആറ്റുവളപ്പിൽ - ഹരിജൻ കോളനി റോഡ് പണിയണമെന്ന് ഗ്രാമസഭയിൽ ചർച്ചയുണ്ടായി. എട്ടാംവാർഡിലെ കണ്ണികുളം റോഡ്, പോലീസ് സ്റ്റേഷൻ മുൻവശത്തുകൂടി പള്ളിവരെയുള്ള റോഡ്, മണ്ണാംകുളം ഞാൽവഴി പോകുന്ന റോഡ്, അകംമ്പാടം - ഹൈസ്കൂൾ പേരാമംഗലം റോഡ്, ലക്ഷംവീട് കോളനി റോഡ്, മുക്കിലകുളം റോഡ്, മേൽ മുണ്ടയൂർ റോഡ് എന്നിവ പണിതീർക്കണമെന്ന് ആവശ്യം. ഗ്രാമസഭയിൽ പൊന്തിവന്നു. 9-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന തേനാരി - പാലം റിങ്ങ്റോഡ്, പേരാതൃക്കോവിൽ റോഡ്, തെച്ചിക്കോട്ടുകാവ് - തേനാരി പാലം റോഡ്, കിഴൂട്ട് വളപ്പിൽ കോളനി റോഡ്, പേരാതൃക്കോവിൽ - കോളങ്ങാട്ടുകര ബണ്ട് റോഡ് എന്നിവ വെട്ടേണ്ടതാണ്. 10-ാം വാർഡിലെ അവണാവ് - പേരാമംഗലം റോഡ്, മൈലാംകുളം റോഡ്, പാറപ്പുറം വരടിയം റോഡ്, ശിവനട റോഡ്, കുന്നംപുള്ളി - തെച്ചിക്കോട്ട്കാവ് റോഡ്, സെൻസെബിൽ സ്ക്കൂൾ റോഡ്, കുന്നംകുമരത്ത് റോഡ് എന്നിവ നിർമ്മിക്കേണ്ടതാണെന്നും ഗ്രാമസഭയിൽ ഉയർന്നുവന്നു.

# വിദ്യാഭ്യാസം

**ഔ**പചാരിക വിദ്യാഭ്യാസ രംഗത്ത് കൈപറമ്പ് പഞ്ചായത്തിൽ 20-ാം നൂറ്റാണ്ടിൻെറ ആദ്യഘട്ടത്തിൽ പറയത്തക്ക സ്ഥാപനങ്ങൾ ഒന്നും നിലനിന്നിരുന്നില്ല. എന്നാൽ സമൂഹത്തിലെ ബ്രാഹ്മണ ജന്മി നാടുവാഴി കുടുംബങ്ങളിൽ എഴുത്താശ്ശാന്മാരെ വരുത്തി വീടുകളിൽ വിദ്യാഭ്യാസം നൽകിയിരുന്നു. അതുതന്നെ കേവലം അക്ഷര ജ്ഞാനം നൽകുക എന്നതിൽ ഒതുങ്ങിയിരുന്നു. ഇതിന് നിയുക്തരായ എഴുത്താശ്ശാൻമാർക്ക് കാലാകാലങ്ങളിൽ അവകാശങ്ങളും പാരിതോഷികങ്ങളും നൽകിയിരുന്നു. ഇതിന് പുറമേ ബ്രാഹ്മണ കുടുംബങ്ങളിൽ വേദാധ്യാപനം പാരമ്പര്യമായി നടത്തിയിരുന്നു. അതിന് വേണ്ടി പ്രത്യേകം വേദപാഠശാലകളും ഉണ്ടായിരുന്നു. ഈ പഞ്ചായത്തിൽപ്പെട്ട മുണ്ടയൂർതുടങ്ങിയ മനകളിലെ മുൻതലമുറയിലെ നമ്പൂതിരിമാർ ബ്രാഹ്മണ സമൂഹത്തിൽ അവർക്ക് ഉന്നത സ്ഥാനവും നൽകപ്പെട്ടിരുന്നു.

ഈ സ്ഥിതിയ്ക്ക് മാറ്റം വന്നത് 1908-ാം മാണ്ടിൽ പുറ്റേക്കരയിൽ സ്ഥാപിക്കപ്പെട്ട സെൻെറ് മേരീസ് എന്ന പ്രൈമറി വിദ്യാലയത്തിൻെറ ആരംഭത്തോടെ ആണ്. ഇതിൻെറ സ്ഥാപനത്തിന് നേതൃത്വം നൽകിയത് അന്ന് കേരളത്തിൽ ഉടനീളം പ്രവർത്തിച്ചിരുന്ന കൃസ്ത്യൻ മിഷനറിമാരാണ്.

ആദ്യഘട്ടത്തിൽ ലോവർ പ്രൈമറി ക്ലാസ്സുകൾ മാത്രമേ അവിടെ നിലനിന്നിരുന്നുള്ളു. ഈ സ്ക്കൂളിൽ കൂടിയാണ് ഈ പഞ്ചായത്തിലെ സാധാരണ ജനങ്ങൾക്ക് പ്രൈമറി വിദ്യാഭ്യാസം ലഭിച്ചിരുന്നത്. പിന്നീട് രൂപം കൊണ്ട സെൻെറ്. ജോർജസ് U.P. School ആണ് രണ്ടാമത്തെ സ്ഥാപനം. പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനത്തിന് ശേഷം ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് ഈ പ്രദേശത്തുകാർ അവലംബിച്ചിരുന്നത് ഏകദേശം 7, 8 കിലോമീറ്ററുകൾക്ക് അകലെയുള്ള പുറനാട്ടുകര ശ്രീരാമകൃഷ്ണ മിഷൻ ഹൈസ്ക്കൂളിനേയും, വേലൂർ ഗവൺമെൻറ് ഹൈസ്ക്കൂളിനേയുമായിരുന്നു. മേൽപറഞ്ഞ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമേ പേരാമംഗലത്ത് കപ്പിയൂർ മനക്കാരുടെ മേൽനോട്ടത്തിൽ സ്ഥാപിക്കപ്പെട്ട ശ്രീദുർഗ്ഗാവിലാസം L.P. School മാത്രമേ സ്വാതന്ത്ര്യലബ്ധിക്ക് മുൻപ് ഇവിടെ പ്രവർത്തിച്ചിരുന്നുള്ളൂ. ഇന്ന് രാഷ്ട്രത്തിൻെറ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിച്ച് വരുന്ന പലരും അടിസ്ഥാനവിദ്യാഭ്യാസം നേടിയത് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നാണ്.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ സ്ഥാപിക്കപ്പെട്ടതാണ് ഇതിൽ പരാമർശിക്കുന്ന മറ്റു വിദ്യാലയങ്ങൾ. ഇവയിൽ സെൻെറ് ജോർജസ് ഹൈസ്ക്കൂളും, പേരാമംഗലം ശ്രീദുർഗ്ഗാഹൈസ്ക്കൂളും 1970കളിൽ സ്വകാര്യമേഖലയിൽ സ്ഥാപിക്കപ്പെട്ടു. ഒരു പരിധിവരെ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് ഈ പ്രദേശത്തുകാർക്ക് സേവനം നൽകിക്കൊണ്ട് ഈ സ്ഥാപനങ്ങൾ ഇപ്പോഴും പ്രവർത്തിച്ച് വരുന്നു.

ഇക്കാരണത്താൽ വിദൂരസ്ഥങ്ങളായ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ട ഗതികേട് ഇവിടുത്തെ വിദ്യാർത്ഥികൾക്ക് വന്ന് ചേർന്നിരിക്കുന്നു.

ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് ശേഷം തുടർവിദ്യാഭ്യാസം ലഭിക്കുന്നതിന് ഇപ്പോൾ ഇവിടെ യാതൊരു സാധ്യതയും ഇല്ല. ശാസ്ത്രസാങ്കേതിക രംഗം അതിനനുസൃതമായ വളർന്ന്കൊണ്ടിരിക്കുന്ന ഇക്കാലത്ത് അതിനുസൃതമായ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടാകേണ്ടത് ആവശ്യമാണ്.

മുൻകാലങ്ങളിൽ പ്രൈമറി വിദ്യാലയങ്ങളെ ആശ്രയിച്ചിരുന്നവരിൽ പലരും അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളെ ആശ്രയിക്കുന്നു. കൂണുകൾ പോലെ മുളച്ച് പൊങ്ങുന്ന ഇത്തരം വിദ്യാലയങ്ങൾ ജനങ്ങളുടെ ആകർഷണ കേന്ദ്രമായിമാറിയത് നിലവിലുള്ള ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പ്രവേശനത്തെ സാരമായി ബാധിച്ചിരിക്കുന്നു.

ഈ പഞ്ചായത്തിൽപ്പെട്ട 4417 വിദ്യാർത്ഥികൾ വിവിധ തലങ്ങളിൽ അദ്ധ്യയനം നടത്തുന്നു. ഇതിൽ 3073 പേർ സ്ക്കൂൾ തലത്തിലും, മറ്റുള്ളവർ ഉയർന്ന തലത്തിലുമാണ് അദ്ധ്യയനം നടത്തുന്നത്.

വിദ്യാഭ്യാസ യോഗ്യത ആധാരമാക്കി തൊഴിലില്ലാത്തവരുടെ പട്ടിക ചേർത്തിട്ടുള്ളത് അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ പ്രശ്നം എടുത്തുകാണിക്കുന്നു. സാങ്കേതിക വൈദഗ്ധ്യമുള്ള 22 എഞ്ചിനിയറിങ് ബിരുദധാരികളും 198 ITI സർട്ടിഫിക്കറ്റുള്ളവരും ഇതിൽ പെടുന്നു. ആയതിൽ 10 എഞ്ചിനിയറിങ് ബിരുദധാരികളും 71 സാങ്കേതിക ജ്ഞാനമുള്ളവരും വനിതകളാണെന്നുള്ളതും പ്രസ്താവ്യമാണ്. 22 എഞ്ചിനിയറിങ് ബിരുദമുള്ള തൊഴിൽ രഹിതർ പഞ്ചായത്തിലുള്ളപ്പോൾ 14 വിദ്യാർത്ഥികൾ പ്രസ്തുത കോഴ്സിനു പഠിക്കുന്നുണ്ട്. 22 പേർ മെഡിസിനും, 350 പേർ മറ്റുസാങ്കേതിക വിഭാഗങ്ങളിലും അദ്ധ്യയനം നടത്തിവരുന്നു. ജനസംഖ്യയുടെ 17.9% വിദ്യാർത്ഥികളാണ്.

## വിദ്യാർത്ഥികളുടെ തരം തിരിവ് (വിദ്യാഭ്യാത്തിലധിഷ്ഠിതമായി)

| വിദ്യാഭ്യാസത്തിൻെറ തോത് | ആൺ | പെൺ | ആകെ |
|---|---|---|---|
| എസ്.എസ്.എൽ.സി വരെ | 1609 | 1464 | 3073 |
| പ്രീഡിഗ്രി തലം | 300 | 405 | 705 |
| ഡിഗ്രി & പോസ്റ്റ്ഗ്രാജുവേറ്റ് | 34 | 58 | 92 |
| ബി-ടെക്ക് (എഞ്ചിനീയറിങ്ങ്) | 10 | 4 | 14 |
| എം.ബി.ബി.എസ് | 12 | 10 | 22 |
| എം.ബി.എ ഗവേഷണം (എം.ബി.എ റിസർച്ച്) | 38 | 44 | 82 |
| സാങ്കേതിക വിദ്യാഭ്യാസം | 91 | 55 | 146 |
| തുന്നൽ വേല | – | 10 | 70 |
| കല്ലാശ്ശാരിപ്പണി പരിശീലനം | 18 | – | 18 |
| കരകൗശല പരിശീലനം | 99 | – | 99 |
| കല്ലൊര (വൈരക്കൽ) പരിശീലനം | 65 | 31 | 96 |
| ആകെ | 2276 | 2141 | 4417 |

## തൊഴിൽ രഹിതരുടെ എണ്ണം (വിദ്യാഭ്യാസയോഗ്യതയിലധിഷ്ഠിതമായി)

| വിദ്യാഭ്യാസത്തിൻെറ തോത് | ആൺ | പെൺ | ആകെ |
|---|---|---|---|
| എസ്.എസ്.എൽ.സിക്ക് താഴെ (നിരക്ഷരർ ഉൾപ്പടെ) | 103 | 142 | 245 |
| എസ്.എസ്.എൽ.സി | 246 | 323 | 569 |
| പി.ഡി.സി | 132 | 204 | 336 |
| ബിരുദധാരികൾ | 90 | 158 | 248 |
| ബിരുദാനന്തരബിരുദമുള്ളവർ | 96 | 168 | 264 |
| എഞ്ചിനീയറിംഗ് ബിരുദമുള്ളവർ | 12 | 10 | 22 |
| ഐ.ടി.ഐ സർട്ടിഫിക്കറ്റുള്ളവർ | 127 | 71 | 198 |
| ബിരുദവും എച്ച്.ഡി.സിയും ഉള്ളവർ | 8 | 21 | 29 |
| ബെഡ് പാസ്സ് ആയവർ | 16 | 24 | 40 |
| ടൈപ്പ് റൈറ്റിംഗ് ഉള്ളവർ | 76 | 127 | 203 |
| തുന്നൽ അറിയാവുന്നവർ | – | 22 | 22 |
| മറ്റുള്ളവർ | 184 | 113 | 297 |
| ആകെ | 1090 | 1383 | 2473 |

## പ്രീപ്രൈമറി വിദ്യാഭ്യാസം

ഈ പഞ്ചായത്തിൽ സർക്കാരിൻേറതായി രണ്ട് നേഴ്സറിസ്ക്കൂളുകളും സ്വകാര്യമായി 7 നേഴ്സറി സ്ക്കൂളുകളും ഇപ്പോൾ നിലവിലുണ്ട്. ഈ കെട്ടിടങ്ങളെല്ലാം തൃപ്തികരമായ നലയിലല്ല സ്ഥിതി ചെയ്യുന്നത്. ചില അംഗനവാടികളിൽ വേണ്ടത്ര കളിക്കോപ്പുകളില്ല.

നിലവിലുള്ള രണ്ട് ഹൈസ്ക്കൂളുകൾ പഞ്ചായത്തിൻെറ രണ്ട് അറ്റങ്ങളിൽ സ്ഥിതി ചെയ്യുന്നതിനാൽ അന്യപഞ്ചായത്തുകളിൽ നിന്നും കുട്ടികൾ പഠനം നടത്തുന്നതിനായി വരുന്നുണ്ട്. ഈ പഞ്ചായത്തിലെ കുട്ടികൾ നല്ലൊരു ശതമാനത്തോളം തൃശൂരിലേയും മറ്റും സ്ക്കൂളുകളിലേയ്ക്ക് പോകുന്നുമുണ്ട്. അതുകൊണ്ടുതന്നെ മുൻപ് ഉണ്ടായിരുന്നത്ര സാന്ദ്രത ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ കാൺമാനില്ല. ഇതു പരിഹരിക്കുന്നതിനുവേണ്ടി തൃശൂർ ജില്ലാപഞ്ചായത്ത് ആവിഷ്ക്കരിച്ച 'വിദ്യാജ്യോതി' പരിപാടി ഈ പഞ്ചായത്തിലും നടപ്പിൽ വരുത്തിയിട്ടുണ്ട്.

## അക്കാദമിക് നിലവാരം

വിദ്യാലയങ്ങളുടെ പഠനനിലവാരത്തെക്കുറിച്ച് വിദഗ്ധമായ പഠനങ്ങൾ നടത്തിയതിൽ നിന്നും (1996 മെയ് മാസത്തിൽ നടത്തിയ പ്രാഥമിക പഠനം) മനസ്സിലാക്കാൻ കഴിഞ്ഞതു 25% ത്തിലധികം വിദ്യാർത്ഥികളും പ്രതീക്ഷ മിനിമം നിലവാരത്തിലും താഴെയാണെന്നാണ്. പുറ്റേക്കര സെൻറ് ജോർജസ് സ്ക്കൂളിലേയും പേരാമംഗലം ശ്രീദുർഗ്ഗവിലാസം സ്ക്കൂളിലേയും S.S.L.C വിജയ ശതമാനം കുറവാണ്.

കയ്പറമ്പ് പഞ്ചായത്തിലെ വിവിധ സ്ക്കൂളുകളിലെ അധ്യാപകരുടേയും, വിദ്യാർത്ഥികളുടേയും സ്ഥിതിവിവര കണക്ക്

രണ്ടു പാരലൽ കോളേജുകളും, ആറ് ട്യൂഷൻ സെൻററുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം സ്കൂളുകളിലെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിനു വളരെ സഹായിക്കുന്നുണ്ട്. രണ്ടു കമ്പ്യൂട്ടർ സെൻററുകളും മൂന്ന് ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഇവിടുത്തെ സാങ്കേതിക സ്ഥാപനങ്ങളാണ്.

സ്വാതന്ത്ര്യ സമര പ്രവർത്തനവുമായി ബന്ധപ്പെട്ടാണ് ജനങ്ങൾ ദേശീയ പ്രസ്ഥാനത്തിൽ ആകൃഷ്ടരായത്. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടന്നിട്ടുള്ള സ്വാതന്ത്ര്യസമരപ്രവർത്തനങ്ങളിൽ ഈ ഗ്രാമത്തിൻെറ എളിയ പങ്കാളിത്തം ഉണ്ടായിട്ടുണ്ട്. വിദ്യാഭ്യാസം സാർവ്വത്രികമായതോടുകൂടി വിജ്ഞാനദാഹികളായ ജനങ്ങൾ വിവിധ പുസ്തകങ്ങൾ വായിക്കാൻ തുടങ്ങി. ഇത് നവോത്ഥാനത്തിൻെറ നാന്ദിയായിരുന്നു. ഗ്രാമീണ ജനതയുടെ വിജ്ഞാന വളർച്ചയ്ക്കുവേണ്ടിയാണ് അമ്പതു വർഷങ്ങൾക്കുമുൻപ് മുണ്ടൂർ ഗ്രാമീണ വായനശാല പ്രവർത്തനം തുടങ്ങിയത്. പുസ്തകം വാങ്ങാനും, വായിക്കാനും കഴിഞ്ഞതോടുകൂടി പഴഞ്ചൻ വ്യവസ്ഥിതിയ്ക്കു സമൂല മാറ്റം വന്നു. കയ്പറമ്പ് പഞ്ചായത്തിൻെറ പുരോഗതിയുടെ പാതയിലുള്ള ഒരു നാഴിക കല്ലാണിത്. കേരളത്തിൽ നടന്ന സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിൻെറ പ്രവർത്തനം ഇവിടേയും സുഗമമായി നടന്നു. ജനങ്ങളിൽ പുതിയൊരു അവബോധവും, ഉൾക്കാഴ്ചയും വളരുവാൻ അത് ഉപകരിച്ചു.

## പ്രശ്നങ്ങളും, സാധ്യതകളും

1. വാർഡുതോറും പ്രിപ്രൈമറി, ലോവർ പ്രൈമറി സ്കൂളുകൾ സ്ഥാപിക്കുക.

2. പഠനനിലവാരം മെച്ചപ്പെടുത്താൻ എല്ലാ സ്കൂളുകളിലും ആവശ്യമായ ഭൗതിക സാഹചര്യം ഏർപ്പെടുത്തുക.

**കയ്പറമ്പ് പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടെയും സ്ഥിതിവിവരകണക്ക്**

| നമ്പർ | സ്കൂളിൻെറ പേര് | അദ്ധ്യാപകർ | വിദ്യാർത്ഥികൾ | പി.ടി.എ |
|---|---|---|---|---|
| 1 | സെൻറ് മേരീസ് എൽ.പി. സ്കൂൾ | 16 | 701 | ഉണ്ട് |
| 2 | ശ്രീ ദുർഗ്ഗാവിലാസം സ്കൂൾ | 55 | 1500 | ഉണ്ട് |
| 3 | ദശാങ്ക സമാജം സ്കൂൾ | 9 | 241 | ഉണ്ട് |
| 4 | കൊള്ളന്നൂർ എൽ.പി. സ്കൂൾ | 4 | 71 | ഉണ്ട് |
| 5 | പഴമുക്ക് എൽ.പി. സ്കൂൾ | 7 | 193 | ഉണ്ട് |
| 6 | സൽസബീൽ സ്കൂൾ | 12 | 180 | ഉണ്ട് |
| 7 | സെൻറ് ജോർജ്ജ് സ്കൂൾ | 28 | 727 | ഉണ്ട് |

പാഠ്യേതര പ്രവർത്തനങ്ങൾ സ്ക്കൂളിൽ വെണ്ടത്ര സജീവമല്ല. യോഗ്യതയുള്ള അധ്യാപകരെ ഇതിനു നിയമിക്കുന്നുമില്ല. 'സാഹിത്യ സമാജം' പോലുള്ള പാഠ്യേതര വിഷയങ്ങളിൽ വിദ്യാർത്ഥികളെ ആകൃഷ്ടരാക്കുന്നതിന് സാധിക്കുന്നില്ല.

3. എല്ലാ സ്കൂളുകളിലും പി.ടി.എയും പഞ്ചായത്തിൻെറ കീഴിൽ വിദ്യാഭ്യാസ വികസന സമിതിയും സംഘടിപ്പിക്കുക.

**S.S.L.C വിജയശതമാനം**

| വർഷം | സെൻറ് ജോർജ്ജ് ഹൈസ്കൂൾ | | | ശ്രീ ദുർഗ്ഗാ വിലാസം ഹൈസ്കൂൾ | | |
|---|---|---|---|---|---|---|
| | മൊത്തം വിദ്യാർത്ഥികൾ | വിജയിച്ചവർ | % | മൊത്തം വിദ്യാർത്ഥികൾ | വിജയിച്ചവർ | % |
| 1991-92 | 141 | 51 | 36.17 | 189 | 58 | 30.06 |
| 1992-93 | 114 | 33 | 28.09 | 198 | 45 | 22.07 |
| 1993-94 | 111 | 23 | 20.35 | 190 | 62 | 30.05 |
| 1994-95 | 108 | 36 | 33.33 | 146 | 65 | 44.05 |
| 1995-96 | 144 | 43 | 29.08 | 121 | 52 | 42.09 |

6. അക്ഷരജ്ഞാനത്തിൻെറ കുറവു നികത്താൻ പ്രൈമറി തലത്തിൽ മാതൃഭാഷയിലൂടെ വിദ്യാഭ്യാസം നിർബന്ധമാക്കുക.

7. അനൗപചാരിക വിദ്യാഭ്യാസത്തിൻെറ അപര്യാപ്തത പരിഹരിക്കാൻ വായനശാലകൾ, സന്നദ്ധസംഘടനകൾ, ക്ലബുകൾ, ശാസ്ത്രസാഹിത്യ പരിഷത്ത് തുടങ്ങിയവയുടെ പ്രവർത്തനം ഉപയോഗപ്പെടുത്തുക.

8. കലാ-കായിക വിദ്യാഭ്യാസ രംഗത്തു വിദ്യാർത്ഥികൾക്ക് അഭിരുചിയും പ്രാവീണ്യവും നേടുന്നതിന് പഞ്ചായത്ത് തലത്തിൽ പരിശീലന കേന്ദ്രം സ്ഥാപിച്ച് പ്രവർത്തനം സജീവമാക്കുക.

# വിദ്യാലയ സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളി സ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | സെൻറ് മേരീസ് എൽ.പി. സ്കൂൾ | 1.5 ഏക്കർ | ഉണ്ട് | ഉണ്ട് | ഇല്ല | 2 | 1 | 1 | ഉണ്ട് | 0.5 ഏക്കർ | 1 |
| 2 | ശ്രീ ദുർഗ്ഗാവിലാസം സ്കൂൾ | 3.5 ഏക്കർ | ഉണ്ട് | ഉണ്ട് | ഇല്ല | 3 | 3 | 1 | ഉണ്ട് | 1.5 ഏക്കർ | 2 |
| 3 | ദശാങ്ക സമാജം എൽ.പി. സ്കൂൾ | 1.15 ഏക്കർ | ഉണ്ട് | ഉണ്ട് | ഇല്ല | 1 | 1 | 1 | ഉണ്ട് | 0.60 | |
| 4 | കൊള്ളന്നൂർ എൽ.പി. സ്കൂൾ | 17.5 | ഉണ്ട് | ഉണ്ട് | ഇല്ല | 2 | 0 | 1 | ഉണ്ട് | 0 | ഇല്ല |
| 5 | പഴമുക്ക് എൽ.പി. സ്കൂൾ | 54.9 | ഉണ്ട് | ഇല്ല | ഇല്ല | 2 | 2 | 1 | ഉണ്ട് | .25 | |
| 6 | സൽസബീൽ സെൻട്രൽ സ്കൂൾ | | ഉണ്ട് | ഉണ്ട് | ഇല്ല | 2 | 2 | 1 | ഉണ്ട് | ഉണ്ട് | 1 |
| 7 | സെൻറ് ജോർജ്ജ് ഹൈസ്കൂൾ | 2.5 ഏക്കർ | ഉണ്ട് | ഉണ്ട് | ഇല്ല | 5 | 3 | 1 | ഉണ്ട് | 2 ഏക്കർ | 1 |

# സംസ്കാരം

## സാംസ്ക്കാരിക പൈതൃകം

ഒട്ടനവധി പടയോട്ടങ്ങളുടെ ഭീതിയും കെടുതിയും അനുഭവിക്കേണ്ടി വന്ന ഈ പ്രദേശം നൂററാണ്ടുകൾക്കു മുൻപ് ചിററ് തലപ്പള്ളി തലസ്ഥാനമാക്കി നാടു വാണിരുന്ന തലപ്പിള്ളി രാജാക്കന്മാരാണ് ഭരിച്ചിരുന്നത്. പിന്നീട് നാല് താവഴികളിലൊന്നായ പുന്നത്തൂർ രാജവംശത്തിൻെറ കീഴിലായി. അതിനുശേഷം കൊച്ചി മഹാരാജാവ് അധീനതയിലാക്കി. ബ്രിട്ടീഷ് സർക്കാർ ഭരണത്തിൽ കൈകടത്തിയിരുന്നുവെങ്കിലും ഇന്ത്യ സ്വതന്ത്രമാകുന്നതുവരെ ഈ ഭരണ വ്യവസ്ഥിതി നിലനിന്നു.

ഈ നൂററാണ്ടിൻെറ ആദ്യ ദശകങ്ങളിൽ തന്നെ സ്വാതന്ത്ര്യസമരത്തിൻെറ അലയടികളും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്നെതിരായ ദേശീയ ബോധവും ഇവിടെ ഉണരാൻ തുടങ്ങി. ബ്രാഹ്മണ, സവർണ്ണ, ജന്മി, നാടുവാഴികളുടെ മേധാവിത്വത്തിന്നെതിരെ അവർണ്ണരുടെ പടയൊരുക്കം ആരംഭിച്ചിരുന്നു. ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ സ്വാന്ത്ര്യ സമര പ്രവർത്തനങ്ങളിൽ എളിയതോതിലുള്ള പങ്ക് ഈ ഗ്രാമത്തിനുമുണ്ട്.

1908 ലാണ് സെൻറ് മേരീസ് L. P. സ്ക്കൂൾ എന്ന പേരിൽ പുറേറക്കരയിൽ ഒരു എലിമെൻററി വിദ്യാലയ പ്രവർത്തനമാരംഭിച്ചത്. അവർണ്ണരുടെ വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ച ഈ സ്ഥാപനം പഞ്ചായത്തിൻെ സാംസ്ക്കാരിക വളർച്ചക്ക് ഗണ്യമായ പങ്കുവഹിച്ചു. ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന പണ്ഡിററ് ജവഹർലാൽ നെഹ്രു കൈപറമ്പിൽവെച്ച് നടത്തിയ പ്രസംഗം ഈ നാട്ടിലെ ജനങ്ങൾക്ക് ആവേശവും ശക്തിയും പകർന്നു.

രാജാക്കന്മാരും, നാടുവാഴികളും, ബ്രാഹ്മണരും ദേവസ്വങ്ങളും ഭൂമിയുടെ ഉടമകളായിരുന്നു. 1957 ൽ ഭൂ പരിഷ്ക്കരണ നിയമം നടപ്പിലാക്കിയപ്പോൾ ആ വ്യവസ്ഥിതിക്ക് തിരശ്ശീല വീണു. കുടിയാന്മാരും കുടി കിടപ്പുകാരും ഭൂമിക്ക് അവകാശികളായപ്പോൾ അവരുടെ ആത്മവിശ്വാസവും കഴിവും വളരാൻ തുടങ്ങി.

വിദ്യാഭ്യാസം സാർവ്വത്രികമായതോടു കൂടി ജീവിത നിലവാരത്തിലും, ആരോഗ്യരംഗത്തും പുരോഗതി ദൃശ്യമായി. തൃശ്ശിവപേരൂരിൽ പോയി ഉയർന്ന വിദ്യാഭ്യാസം നേടാൻ കഴിഞ്ഞതുകൊണ്ടും മേൽകാണിച്ച സംഭവ വികാസങ്ങളുടെ ഫലമായും സാംസ്ക്കാരിക വളർച്ചയുണ്ടായി.

## ജാതിമത ഘടന:-

ശംഖുനാദത്താൽ മുഖരിതമായ ക്ഷേത്രമുററങ്ങളും, പള്ളിമണികൾ മുഴങ്ങുന്ന ദേവാലയങ്ങളും വാങ്ക് വിളിയുയരുന്ന ഒരു മോസ്ക്കും നില നിൽക്കുന്ന ഈ പഞ്ചായത്ത് മത സൗഹാർദ്ദത്തിന് മാതൃകയാണ്. 15278 ഹിന്ദുക്കളും, 9200 ക്രിസ്ത്യാനികളും, 152 ഇസ്ലാം മതക്കാരും കൂടി 24630 ആണ് ഇവിടത്തെ ജനസംഖ്യ.

## ഉത്സവാഘോഷങ്ങൾ:-

സാമൂഹികമായ കൂട്ടായ്മയുടേയും, ഐക്യത്തിൻേറയും സന്ദേശമായ ഉത്സവങ്ങൾ ഗ്രാമീണ ജനതയുടെ ജീവിതത്തെ സ്വാധീനിച്ചിരുന്നു. ചെറുതും വലുതുമായ 16 ക്ഷേത്രങ്ങളും, ഇല്ലങ്ങളിലും തറവാടുകളിലുമുള്ള അമ്പലങ്ങളും, പാമ്പിൻകാവുകളും ഈ പഞ്ചായത്തിൽ നിലനിൽക്കുന്നു.

പുത്തൂർ തിരുവാണിക്കാവ് ക്ഷേത്രം:- തുലാ മാസം ഒന്നാം തിയതി നിറമാലയും മകരത്തിലെ ചൊവ്വാഴ്ച നാളിൽ പൂരവും നടത്തുന്നു. ഭഗവതി പ്രതിഷ്ഠയുള്ള ഈ ക്ഷേത്രത്തിൽ പൂരത്തിനു മുൻപായി പറയെടുപ്പുമുണ്ട്. അയ്യപ്പസ്വാമിയും, ഗണപതിയും, ഉപപ്രതിഷ്ഠകളാണ്. ഗുരുവായൂർ കരുവാട്ട് മനയുടെ വകയായ ഈ ക്ഷേത്രം ഭരണം നടത്തുന്നത് ദേശകമ്മററിയാണ്.

പുത്തൂർ തൃക്കോവിൽ ക്ഷേത്രം:- സുബ്രഹ്മണ്യസ്വാമിയുടെ പ്രതിഷ്ഠയുള്ള ക്ഷേത്രത്തിൽ മകരമാസത്തിലെ തൈപൂയത്തിന് കാവടിയാട്ട മഹോത്സവം നടത്തുന്നു. മഹാവിഷ്ണു, ഗണപതി, എന്നീ ഉപദേവന്മാരുള്ള ക്ഷേത്രം കൊടയ്ക്കാട്ട് മനയുടെ വകയാണ്. ദേശക്കാരാണ് ആഘോഷങ്ങൾ നടത്തിവരുന്നത്.

ചീരോത്ത് മഠപതി ക്ഷേത്രം:- ചീരോത്ത് ശങ്കരൻെറ നേതൃത്വത്തിലുള്ള ട്രസ്ററാണ് മഠപതി ക്ഷേത്രത്തിലെ പൂരവും, കാവടിയാട്ടവും നടത്തുന്നത്. അന്യദേശങ്ങളിൽ നിന്നും പ്രശ്നപരിഹാരത്തിനായി വിശ്വാസികൾ വരുന്നുണ്ട്.

കൈപറമ്പ് കാവ്:- മകരത്തിലെ തിരുവോണത്തിന് ഭഗവതി ക്ഷേത്രത്തിൽ ദേശക്കമ്മററിയുടെ നേതൃത്വത്തിലാണ് പൂരവും പറയെടുപ്പും നടത്തുന്നത്. ഇതിനടുത്തായി ശിവ രാത്രി നാളിൽ ആഘോഷം നടത്തുന്ന ശിവ ക്ഷേത്രവുമുണ്ട്. വിഷ്ണുക്ഷേത്രത്തിൽ അഷ്പടമിരോഹിണിയും പ്രധാനമാണ്.

കൊള്ളന്നൂർ മഹാവിഷ്ണുക്ഷേത്രം:- പ്രതിഷ്ഠ മഹാവിഷ്ണു. ദേശകമ്മിററി ആഘോഷം നടത്തുന്നു. നൂററാണ്ടുകളായി നിലനിൽക്കുന്ന 'പോത്തോട്ടം' ഈ ക്ഷേത്രത്തിലെ ഒരു പ്രത്യേക ഉത്സവമാണ്.

കുറുവൽകാവ് നൈതിലക്കാവ് മഹാവിഷ്ണു ഭഗവതി ക്ഷേത്രം:- മഹാവിഷ്ണു, ഭഗവതി, ഗണപതി, ഹനുമാൻ എന്നീ പ്രതിഷ്ഠകൾ കാണിപ്പയ്യൂർ മനയുടെ വകയായ ഈ അമ്പലത്തിലുണ്ട്.

പറപുറപ്പാടും കുംഭമാസത്തിലെ വെള്ളിയാഴ്ച പൂരവും കാവടിയാട്ടവും നടക്കാറുണ്ട്. ദേശകമ്മിററിയാണ്

ക്ഷേത്രഭരണം നടത്തുന്നത്.

തെയ്യത്തിങ്കൽ ഭഗവതിക്ഷേത്രം:- ഭഗവതി പ്രതിഷ്ഠ. മകരപത്തിന് പൂരവും പറയെടുപ്പും ഉണ്ട് പൂളിഞ്ചേരി തറവാട്ടുകാരുടെ വക. പൂറേക്കരകുഞ്ഞൻെറ കുടുംബക്കാർ നടത്തുന്നു.

ആണ്ടപമ്പ് സുബ്രഹ്മണ്യസ്വാമി ക്ഷേത്രം:- വൃശ്ചികത്തിലെ ഷഷ്ഠിക്ക് കാവടിയാട്ടം ഉണ്ട്. തിരുത്തി മത വക ദേശകമ്മററിയാണ് ആഘോഷം നടത്തുന്നത്.

അഞ്ഞൂർ അയ്യപ്പൻകാവ്:- മകരപത്തിന് ഉത്സവം അയ്യപ്പസ്വാമി പ്രതിഷ്ഠ. ഗുരുവായൂർ കീഴേടം. ശങ്കരംകണ്ടം ഭഗവതി ക്ഷേത്രം:- ഭഗവതി പ്രതിഷ്ഠ ദേശകമ്മിററി നടത്തുന്നു.

വെട്ടിക്കാവ് ക്ഷേത്രം: ശിവപ്രതിഷ്ഠ, വിഷ്ണു, ഗണപതി ദേശക്കമ്മററി പ്രവർത്തിക്കുന്നു. ശിവരാത്രിയാണ് പ്രധാനം.

പെരിങ്ങന്നൂർ പിഷാരിക്കൽ ക്ഷേത്രം:- ഭഗവതി പ്രതിഷ്ഠ. വൃശ്ചികത്തിൽ കാർത്തിക വിളക്ക് മഹോത്സവം നടത്താറുണ്ട്.

മുണ്ടയൂർ ശിവക്ഷേത്രം:- ശിവരാത്രി മഹോത്സവം ദേശകമ്മററിയാണ് നടത്തുക പതിവ്. മുണ്ടയൂർ മനവക.

തെച്ചിക്കോട്ട് കാവ് ക്ഷേത്രം:- നാല് ഇല്ലക്കാരാണ് അവകാശികൾ. ഭഗവതി പ്രതിഷ്ഠ. ഉപപ്രതിഷ്ഠ പരമശിവൻ, അയ്യപ്പസ്വാമി. മകരത്തിൽ ഉത്സവം ദേശകമ്മററി നടത്തുന്നു.

പേരാതൃക്കോവ് ക്ഷേത്രം:- പ്രതിഷ്ഠ ശ്രീരാമസ്വാമി ഉപപ്രതിഷ്ഠ ഹനുമാൻ. ദേശക്കകമ്മററി പ്രവർത്തനസജ്ജമാണ്.

പെരിങ്കിണികാവ്: ഒരു കുടുംബക്കാരുടെ വകയാണ് ഭഗവതി പ്രതിഷ്ഠയുള്ള ഈ ക്ഷേത്രം.

## നാടൻ കലാരൂപങ്ങൾ

തെയ്യം, തിറ, പറയൻ തുള്ളൽ, കാളകളി, നായാടികളി, മൂക്കൻ ചാത്തൻ, ഐവർ, കളി, കുമ്മാട്ടിക്കളി, പൂതൻ കളി, കോൽക്കളി, പോത്തോട്ടം, പന്തം ഉഴിച്ചിൽ, തിരുവാതിരക്കളി, കൈകൊട്ടികളി എന്നീ കളികളും, ഞാററുപാട്ട്, പുള്ളുവൻ പാട്ട്, പാണപാട്ട്, നാഗക്കളപ്പാട്ട്, കൈകൊട്ടിക്കളിപ്പാട്ട്, തിരുവാതിരക്കളിപ്പാട്ട്, തുയിലുണർത്തുപ്പാട്ട്, ഭൂതക്കളപ്പാട്ട്, പാനപ്പാട്ട്, തേക്കുപാട്ട്, നാടൻപാട്ട്, ഉടുക്കുപാട്ട്, അയ്യപ്പൻപാട്ട് തുടങ്ങിയ പ്പാട്ടുകളും ഈ ഗ്രാമത്തിൽ നിലനിന്നിരുന്നു. ഈ നാടൻ കലാരൂപങ്ങൾ നശിച്ചുകൊണ്ടിരിക്കുകയാണ്.

കാർമൽചർച്ച് മൂണ്ടൂർ:- കർമ്മലമാതാവിൻെറ പ്രതിഷ്ഠയുള്ള ഈ പള്ളി 1871 ൽ സ്ഥാപിതമായ ഈ പഞ്ചായത്തിലെ ആദ്യത്തെ ക്രിസ്ത്യൻ ദേവാലയമാണ്. ഡിസംബർ 26-ാം തിയതി കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണ് പെരുന്നാൾ. ഈ പള്ളിക്ക് 2 കപ്പേളയുണ്ട്. പള്ളിയോടനുബന്ധിച്ച് നിരവധി സംഘടനകൾ പ്രവർത്തിച്ചുവരുന്നു. തൃശൂർ ജില്ലയിലെ തന്നെ വലിയ പെരുന്നാളുകളിലൊന്നാണ് മുണ്ടൂർ പള്ളി പെരുന്നാൾ.

സെൻറ് മേരീസ് ചർച്ച് പേരാമംഗലം:- കന്യാമറിയത്തിൻെ പ്രതിഷ്ഠയുള്ളഈ ദേവാലയം 1894 ൽ ആണ് സ്ഥാപിച്ചത്. ജനുവരി 25 ന് പെരുന്നാൾ ആഘോഷിക്കുന്നു. 4 കപ്പേളകളുള്ള പള്ളിയുടെ ഭരണത്തിൽ സഹായിക്കാൻ ട്രസ്ററിമാരും സമുദായങ്ങളും ഇവിടെയുണ്ട്.

സെൻറ് ജോസഫ് ചർച്ച് ആറമ്പിള്ളി:- ഔസേഫ് പിതാവിൻെറ പ്രതിഷ്ഠയുള്ള ഈ ദേവാലയം 1960ൽ നിർമ്മിച്ചു,. ട്രസ്ററിമാരും സമുദായങ്ങളും പ്രവർത്തിക്കുന്നുണ്ട്.

ക്ലാരിസ്ററ് കോൺവെൻറ് പുറേക്കര.

സിസ്റേറഴ്സ് ഓഫ് സെൻറ് ഫ്രാൻസീസ് ഓഫ് സേക്രട്ട് ഹാർട്ട് മുണ്ടൂർ.

പാപ്പാ നഗർ സൊസൈറി പെരിങ്ങന്നൂർ.

മരിയവൻ കോൺവൻറ് പേരാമംഗലം.

മദർ ഓഫ് പ്രൊട്ടക്ഷൻ ആറമ്പിള്ളി എന്നീ കോൺവൻറുകളുമുണ്ട്. ക്രിസ്ത്യൻ മിഷനറിമാരുടെ വിദ്യാ്യാസ പ്രവർത്തനങ്ങളെ പ്രത്യേകം എടുത്തുപറയേണ്ടതാണ്.

കൈപറമ്പ് മുസ്ലീം പള്ളി:- ഈ ദേവലായത്തിൻെറ കീഴിൽ 15 കുടുംബങ്ങളിലായി 148 അംഗങ്ങൾ ഉണ്ട്. സാമൂദായിക സൗഹാർദ്ദം നിലനിൽക്കുന്നു. റംസാൻ, മുഹറം തുടങ്ങിയ ആഘോഷങ്ങൾ നടക്കുന്നുണ്ട്.

കേരള സംസ്ഥാനം രൂപീകൃതമാകുന്നതിനു മുൻമ്പ് തൻെറ കേരളത്തിൽ രൂപീകൃതമായ K. P. A. C. നാടക പ്രസ്ഥാനങ്ങൾ ഇവിടെ പരിപാടി അവതിരിപ്പിച്ചിരുന്നു. അതിൽ നിന്ന് ആവേശം ഉൾകൊണ്ട് ഇവിടെയും നാടകസമിതികൾ രൂപീകൃതമായി. അമ്പതു വർഷം മുൻമ്പ് മുണ്ടൂരിൽ ആരംഭിച്ച ഗ്രാമീണവായനശാലയാണ് ഇവിടുത്തെ ആദ്യത്തെ സാംസ്ക്കാരിക സ്ഥാപനം. പിന്നീട് പേരാമംഗലം ദേശാഭിമാനി വായനശാലയും, കയ്പറമ്പ് വായനശാലയും രൂപം കൊണ്ടു. അതിനുശേഷം നിലവിൽ വന്ന നിരവധി ക്ലബ്ബുകൾ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്. ചില സാംസ്ക്കാരിക സമിതികൾ മാസികകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

'മാതൃഭൂമി'യാണ് ഈ പഞ്ചായത്തിലെ ഏററവും പ്രചാരമുള്ള പത്രം. 'മലായള മനോരമ', ദേശാമഭിമാനി വീക്ഷണം, എക്സ്പ്രസ്, രാഷ്ട്രദീപിക, തുടങ്ങിയ മലയാള പത്രങ്ങളും, ഇന്ത്യൻ എക്സ്പ്രസ്, ഹിന്ദു എന്നീ ഇംഗ്ലീഷ് പത്രങ്ങളും പ്രചാരം നേടിയിട്ടുണ്ട്.

### കയ്പറമ്പ് പഞ്ചായത്തിലെ കലാ - കായിക സംഘടനകളുടെ വാർഡ് തിരിച്ചുള്ള വിവരം

| നമ്പർ | സംഘടനയുടെ പേര് | സ്ഥിതി ചെയ്യുന്ന വാർഡ് |
|---|---|---|
| 1. | ന്യൂ ബ്രദേഴ്സ്, പുത്തൂർ | I |
| 2. | ഗ്രാമവേദി, പുത്തൂർ | I |
| 3. | ഒയാസിസ്, കയ്പറമ്പ് | II |
| 4. | നവോദയ, കയ്പറമ്പ് | II |
| 5. | ഫാൽക്കൺ & സ്പോർട്സ് ക്ലബ്ബ് | III |
| 6. | സമന്വയ യുവസമിതി | III |
| 7. | ലൗവേഴ്സ് കൊള്ളന്നൂർ | III |
| 8. | സെവൻസ്ററാർ | III |
| 9. | ദി യൂത്ത്സ്, മുണ്ടൂർ | IV |
| 10 | സിററി ഗൈസ്, മുണ്ടൂർ | IV |
| 11. | ഗോൾഡൻ മുണ്ടൂർ | IV |
| 12. | സൂര്യ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ശങ്കരംകണ്ടം | IV |
| 13. | സാഗരം, മുണ്ടൂർ | IV |
| 14. | കോസ്മോസ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് | V |
| 15. | സൗപർണ്ണിക കലാ-കായിക വേദി, ആണ്ടപറമ്പ് | V |
| 16. | ലാസ്ക്കോ, ആണ്ടപറമ്പ് | V |
| 17. | സ്വീററ് ഫ്രണ്ട്സ്, പുറേക്കര | V |
| 18. | ന്യൂ ബ്രദേഴ്സ്, ആണ്ടപറമ്പ് | V |
| 19. | സൺലൈററ്, ആണ്ടപറമ്പ് | V |
| 20. | സർഗ്ഗവേദി | V |
| 21. | പ്രതിഭ കലാ-സാംസ്കാരിക വേദി പെനിങ്ങന്നൂർ | VI |
| 22. | ഫ്രൻസ് ചിൽഡ്രൻസ് ക്ലബ്ബ് പെനിങ്ങന്നൂർ | VI<br>VI |
| 23. | യുലൈക്ക് ജിംനേഷ്യം ക്ലബ്ബ്, മുണ്ടൂർ | VI |
| 24. | യൂത്ത് പവർ, പഴമുക്ക് | VI |
| 25. | തിരുവോണം ക്ലബ്ബ്, പഴമുക്ക് | VI |
| 26. | ന്യൂബ്രൈററ്, മുണ്ടൂർ | VI |
| 27. | പ്രോഗ്രസ്സീവ്, പെനിങ്ങന്നൂർ | VI |
| 28. | ആവിഷ്ക്കാര കലാ-സാംസ്ക്കാരിക വേദി | VII |
| 29. | ഫ്രൻസ് ആർട്സ് & സ്പോർട്സ് മനപ്പടി | VII |
| 30. | അനുഗ്രഹ, പേരാമംഗലം | VII |
| 31. | ശ്രീ ദുർഗ്ഗാ കലാസമിതി, പേരാമംഗലം | VII |
| 32. | Y. A. S. C. പേരാമംഗലം | VIII |
| 33. | പേരാമംഗലം ആർട്സ് & സ്പോർട്സ് ക്ലബ്ബ് | VIII |
| 34. | ദേശാഭിമാനി തിയ്യറേറഴ്സ് | VIII |
| 35. | സ്മൃതി തൃശൂർ, പേരാമംഗലം | VIII |
| 36. | കലാ പൗർണ്ണമി ആർട്സ് & കൾച്ചറൽ തിയ്യറേറഴ്സ് | VIII |
| 37. | അർച്ചന ആർട്സ് & സ്പോർട്സ് | VIII |
| 38. | യുവതരംഗ് തിയ്യറേറഴ്സ്, പേരാമംഗലം | IX |
| 39. | കോസലം കലാസമിതി | IX |
| 40. | യുവധാര ആർട്സ് & സ്പോർട്സ് ക്ലബ്ബ് | IX |
| 41. | ബാലകലാ സമിതി, പേരാമംഗലം | IX |
| 42. | Y. A. S. C. അശോക് നഗർ പേരാമംഗലം | X |
| 43. | മൈലാംകുളം ആർട്സ് & സ്പോർട്സ് ക്ലബ്ബ് | X |

മററു സംഘടനകൾ:-

(1) പുരോഗമന കലാ സാഹിത്യ സംഘം

(2) ശാസ്ത്ര സാഹിത പരിഷത്ത്

### ഗ്രന്ഥശാലകളുടെ വിവരം

| നമ്പർ | പേര് |
|---|---|
| 1. | മുണ്ടൂർ ഗ്രാമീണ വായനശാല |
| 2. | പേരാമംഗലം, ദേശാഭിമാനി വായനശാല |
| 3. | കയ്പറമ്പ് ഗ്രാമീണ വായനശാല |

## കായികരംഗം

പതിററാണ്ടുകൾക്ക് മുൻപ് നാടൻ രീതിയിലുള്ള കായിക വിനോദങ്ങളാണ് ഇവിടെ നിവിലിരുന്നത്. കളരിപ്പയററ്, കാറകളി, കല്ലുകളി, ഓണപ്പന്തുകളി, കോട്ടിക്കളി, കിളിമാസുകളി, ചൊട്ടയും മണിയും കളി, കശുവണ്ടിക്കുഴി കളി, ചതുരംഗക്കളി, പകിട കളി, മെയ്യഭ്യാസം, കണ്ണുകെട്ടിക്കളി, പുള്ളിയൻ കുത്തുകളി, തലപ്പന്തുകളി, എന്നിവ ഒരോർമ്മകളായിഇന്നും പഴമക്കാരുടെ മനസ്സിൽ അവശേഷിക്കുന്നു.

പി. കെ. ബി. കളരി സംഘം 40 വർഷങ്ങൾക്കുമുമ്പു ആരംഭിച്ച കളരി പരിശീലനം ഇപ്പോഴും തുടർന്നു വരുന്നു. എന്നാൽ കളരിയേക്കാൾ കരാട്ടേ, കുങ്ഫൂ, തുടങ്ങിയ ആയോധനമുറകളോടാണ് യുവാക്കൾക്ക് കൂടുതൽ താൽപര്യം.

വർഷങ്ങൾക്കുമുൻപ് തന്നെ സാമൂദായിക സംഘടനകളും, മതസംഘടനകളും, സർവ്വമതവിഭാഗങ്ങളേയും പങ്കെടുപ്പിച്ച് കായിക വിനോദങ്ങളും മററു പ്രവർത്തനങ്ങളും ഇവിടെ നടത്തി വന്നിരുന്നു. 25 വർഷങ്ങൾക്കുമുൻപ് പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച യുവജനമേള ഇവിടത്തെ ജനങ്ങൾക്ക് ആവേശവും ഉണർവും പകർന്നു. അന്നത്തെ പ്രബല ക്ലബ്ബുകൾ ജവഹർ ക്ലബ്ബ്, Y. M. C. മുണ്ടൂർ എന്നിവയായിരുന്നു. കേരള സംസ്ഥാന ടീമിൽ അംഗങ്ങളായവരേയും, സർവ്വകലാശാല തലത്തിൽ മികവ് തെളിയിച്ചവരേയും ഈ പഞ്ചായത്തിനു വാർത്തെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇവിടെ കളി സ്ഥലങ്ങൾ കുറവാണെങ്കിലും ക്ലബ്ബുകളുടെ എണ്ണത്തിന് കുറവില്ല.

ഫുട്ബോൾ, ക്രിക്കററ്, വോളിബോൾ, ബാസ്ക്കററ് ബോൾ, കബഡി, ഷട്ടിൽ, പഞ്ചഗുസ്തി, എയർ ഗൺഷൂട്ടിംഗ്, ചെസ്, കാരംസ്, വടംവലി, തീററമത്സരം, എന്നീ ഇനങ്ങളിൽ മത്സരങ്ങൾ നടത്തുക പതിവാണ്. സ്കൂളുകളോടനുബന്ധിച്ച് എല്ലാ വർഷവും സ്കൂൾ സ്പോർട്ട്സ് നടത്താറുണ്ട്. സ്ക്കൂൾ തലത്തിലും മികവുള്ള കായികതാരങ്ങളെ സംഭാവന ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

ഫുട്ബോൾ കളിയാണ് ജനങ്ങളുടെ ഏററവും ഇഷ്ടപ്പെട്ട വിനോദം. പുറേക്കര കേന്ദ്രീകരിച്ചുള്ള കോസ്മോസ്, ഫാൽക്കൺ, എന്നിവയും ന്യൂ ബ്രദേഴ്സ് പുത്തൂർ, Y. A. S. C. പേരാമംഗലം തുടങ്ങിയ ക്ലബ്ബുകളും സംസ്ഥന, അഖിലേന്ത്യാ തലത്തിലുള്ള ഫുട്ബോൾ ടൂർണമെൻറുകൾ നടത്തിയിട്ടുണ്ട്. മുണ്ടൂരിലെ ബ്ലാക്ക് & വൈററ് ക്ലബ്ബ് സംസ്ഥാനതല ഷട്ടിൽ ടൂർണ്ണമെൻറും, ലീഡേഴ്സ് ക്ലബ്ബ് ജില്ലാതല വോളിബോൾ ടൂർണ്ണമെൻറുകളും നടത്തിവരുന്നു.

രക്തദാനം, സൗജന്യ ത്വക്രോഗ നിർണ്ണയ ക്യാമ്പ്, നേത്രദാന ക്യാമ്പ്, സൗജന്യ വൃക്ഷ തൈവിതരണം, വനവൽക്കരണം, എന്നീ പരിപാടികൾ കോസ്മോസ് ക്ലബ്ബ്, D. Y. F. I., യൂത്ത് കോൺഗ്രസ്, തുടങ്ങി പല സംഘടനകളും നടത്തിയിട്ടുണ്ട്.

### പ്രശ്നങ്ങളും സാദ്ധ്യതകളും

ഇതൊക്കെയാണെങ്കിലും പഞ്ചായത്തിൽ കായികരംഗം പ്രോത്സാഹിപ്പിക്കുന്നതിനു നിരവധി പ്രശ്നങ്ങളുണ്ട്.

എല്ലാ സൗകര്യങ്ങളുമുള്ള ഒരു പൊതു കളിസ്ഥലം ഇവിടെ നിലവിലില്ല. കായികതാരങ്ങൾക്ക് വേണ്ടത്ര പരിശീലനം നല്കാനുള്ള സംവിധാനവുമില്ല. കായിക പ്രവർത്തനങ്ങൾക്ക് യാതൊരു വിധ ധനസഹായവും ലഭിക്കുന്നില്ല. ഇതിൻെറ ഫലമായി ഒരു പുതിയ കായികാവബോധം ജനങ്ങളിൽ വളർത്തിയെടുക്കാൻ കഴിഞ്ഞിട്ടില്ല.

നാളെയുടെ വാഗ്ദാനങ്ങളായി കായികതാരങ്ങളെ വളർത്തികൊണ്ടുവരുവാൻ പഞ്ചായത്തിൽ വളരെയധികം സാധ്യതകളുണ്ട്. വിവിധ തലങ്ങളിലുള്ള ഏകോപനം അതിനാവശ്യമാണ്. നിലവിലുള്ള കളിസ്ഥലം വിസ്തൃതികൂട്ടുന്ന പക്ഷം ജില്ലാതല മത്സരങ്ങൾ സംഘടിപ്പിക്കാനും അതുവഴി ജനങ്ങളെ കായികരംഗത്തോടു കൂടുതൽ ആഭിമുഖ്യമുള്ളവരുമാക്കിത്തീർക്കാനും സഹായിക്കുന്നതാണ്. പഞ്ചായത്തിൽ പുതുതായി രൂപീകരിച്ച സ്പോർട്സ് കൗൺസിലിൻെറ പ്രവർത്തനം ഊർജ്ജിതമാക്കുന്ന പക്ഷം കൂടുതൽ കായികതാരങ്ങളെ വളർത്തിക്കൊണ്ടുവരുവാൻ കഴിയും. യോഗ പരിശീലനവും, ജിംനേഷ്യം ക്ലബ്ബും പഞ്ചായത്തിൻെറ കീഴിൽ സ്ഥാപിക്കുകയും വിദ്യാർത്ഥികൾക്കും, മററു യുവജനങ്ങൾക്കും, അവധിക്കാല പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുകയും വേണം. കായികരംഗത്തെ വളർച്ചയ്ക്ക് സ്പോർട്സ് കൗൺസിലുമായി ആലോചിച്ച് കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കാൻ പഞ്ചായത്തിൻെറ നേതൃത്വത്തിൽ ശ്രമിക്കേണ്ടതാണ്.

# ആരോഗ്യം

ആരോഗ്യവും അറിവുമുള്ള ജനതയാണ് കേരളത്തിന്റെ സമ്പത്ത്. കൈപറമ്പ് പഞ്ചായത്തിൽ മുൻകാലങ്ങളിൽ പാരമ്പര്യവൈദ്യമാണ് പ്രചാരത്തിലുണ്ടായിരുന്നത്. കേട്ടറിവും നാട്ടറിവും ഉപയോഗിച്ചുള്ള സ്വയം ചികിത്സാരീതികളായിരുന്നു അധികവും. നാട്ടുവൈദ്യൻമാരും, കളരിവൈദ്യൻമാരും ആയിരുന്നു ചികിത്സാ രംഗത്തെ പ്രധാനികൾ. ആയുർവേദ ചികിത്സാ രംഗം വളരെ സമ്പന്നവും ഫലപ്രദവുമായിരുന്നു. വിഷചികിത്സാ വിദഗ്ധർ അക്കാലത്ത് ഉണ്ടായിരുന്നു. വിശ്വാസങ്ങൾക്കനുസൃതമായി ചികിത്സാ രീതികളിൽ വ്യത്യാസങ്ങളുണ്ടായിരുന്നു. കാലക്രമത്തിൽ ആധുനിക ചികിത്സാരീതികൾ പ്രചരിച്ചു.

ഏകദേശം 5 ദശാബ്ദങ്ങൾക്കു മുമ്പ് സർക്കാർ ഉടമയിൽ ഏഴാംക്കല്ലിൽ ആരംഭിച്ച ആയ്യുർവ്വേദ ഡിസ്പെൻസറിയാണ് ആരോഗ്യരംഗത്തെ പ്രഥമസ്ഥാപനം. ഈ സ്ഥാപനം 15 വർഷങ്ങൾക്കുമുൻപ് മുണ്ടൂരിലേയ്ക്ക് മാറ്റുകയുണ്ടായി. ഇന്നും അവിടെ പ്രവർത്തിക്കുന്നു. 35 വർഷങ്ങൾക്കുമുമ്പ് മുണ്ടൂരിൽ ആരംഭിച്ച പ്രൈമറി ഹെൽത്ത് സെൻററാണ് അലോപ്പതി ചികിത്സാ രംഗത്ത് ഈ പഞ്ചായത്തിലുണ്ടായ ആദ്യ കാൽവെയ്പ്. ഈ രണ്ടുസ്ഥാപനങ്ങൾക്കുപുറമെ 3 വർഷങ്ങൾക്കു മുമ്പ് അവണാവ് റോഡിൽ ഒരു പ്രകൃതി ചികിത്സാ കേനദ്രം സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ടു. കൂടാതെ 2 സ്വകാര്യ അലോപ്പതി ക്ലിനിക്കുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

കയ്പറമ്പ് പഞ്ചായത്തിലെ ആരോഗ്യ രംഗത്തെ പൊതു സ്ഥാപനങ്ങൾ

പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ - 1

ആയുർവ്വേദ ആശുപത്രികൾ - 1

**പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ**

| നമ്പർ | സ്ഥാപനം | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെൻറർ, മുണ്ടൂർ | 4 | 1961 | 6 |
| 2 | ഗവൺമെൻറ് ആയുർവേദ ഡിസ്പൻസറി, മുണ്ടൂർ | 4 | 1981 | 4 |

**ആരോഗ്യ രംഗത്തെ സ്വകാര്യ-അർദ്ധസർക്കാർ സ്ഥാപനങ്ങൾ**

| നമ്പർ | സ്ഥാപനം | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | ബാം ക്ലിനിക്ക് - ഡോ. ജോസ് | 8 | 1993 | 3 |
| 2 | ഡോ. രഘു നാഥൻ ക്ലിനിക് | 2 | 1992 | 4 |
| 3 | സഞ്ജീവനി പ്രകൃതി ചികിത്സാ കേന്ദ്രം, പേരാമംഗലം | 10 | 1994 | 4 |

ഈ പഞ്ചായത്തിലെ സ്വകാര്യ ഡോക്ടർമാരുടെ എണ്ണം - അലോപ്പതി 7

(ആയുർവേദ) - 4 (ഹോമിയോ) - 2

പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ലഭ്യമായ സൗകര്യങ്ങൾ അനുസരിച്ച് സമയാസമയങ്ങളിൽ പോഷണക്കുറവ് പരിഹരിക്കുന്നതിനു വേണ്ട നടപടികളും പ്രതിരോധ കുത്തിവെയ്പുകളും മറ്റും നൽകി വരാറുണ്ട്. കുട്ടികളുടേയും, ഗർഭിണികളുടേയും പ്രതിരോധ കുത്തിവെയ്പുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**കയ്പറമ്പ് ഗ്രാമപഞ്ചായത്ത് - കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധ കുത്തിവെയ്പ് വിവരങ്ങൾ**

| കുട്ടികൾ | ബി.സി.ജി ID | ഡി.പി.റ്റി | | | | പോളിയോ | | | | ഡി.റ്റി | | | മീൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ID | IID | IIID | BD | I | II | III | B | I | II | B | |
| ഒരു വയസ്സിൽ താഴെ | 165 | 173 | 150 | 145 | | 173 | 150 | 145 | | | | | 123 |
| 1-3 വയസ്സ് | | 3 | 3 | 14 | 187 | 3 | 3 | 14 | 187 | | | | 36 |
| 3-6 വയസ്സ് | | | | | | | | | | | | 84 | |

**ടെറ്റനസ് ടോക്സോയിഡ് (T.T)**

| ഗർഭിണികൾ | ID | IID | BD |
|---|---|---|---|
| | 68 | 77 | - |

**പഞ്ചായത്തിലെ ജനന മരണ നിരക്ക്**

| ഇനം | പഞ്ചായത്തു ശതമാനം | സംസ്ഥാനം ശതമാനം |
|---|---|---|
| പൊതുമരണനിരക്ക് | 20% | 5.8% |
| ശിശുമരണം | ഇല്ല | 13 |
| ജനനനിരക്ക് | 15 | 7% |
| മരണനിരക്ക് | 5% | 17.2 |

*അവലംഭം : പ്രൈമറി ഹെൽത്ത്സെൻറർ*

## ആയുർവേദ ചികിത്സാ രംഗത്തെ പ്രശ്നങ്ങൾ

* ആരംഭകാലത്തിനുശേഷം പഞ്ചായത്ത് നിർമ്മിച്ചു നൽകിയ ഒരു കെട്ടിടം ഒഴിച്ചാൽ മറ്റ് കാര്യമായ പുരോഗതിയൊന്നും ഈ സ്ഥാപനത്തിന് ഉണ്ടായിട്ടില്ല. പല രോഗങ്ങൾക്കും പ്രത്യേകിച്ച് വാർദ്ധക്യസഹജമായ രോഗങ്ങൾക്ക് ആവശ്യമായ മരുന്നുകൾ വളരെ പരിമിതമാണ്.

* ഒരു ഡിസ്പെൻസറി കൊണ്ടുമാത്രം ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും ചികിത്സ നിർവഹിക്കാൻ സാധ്യമല്ല.

* ആയുർവേദം മാത്രം അഭികാമ്യമായ പല രോഗങ്ങൾക്കും അവശ്യം വേണ്ടതായ മരുന്നുകൾ ഇവിടെ ലഭ്യമല്ല.

| നമ്പർ | പൊതുവായി കണ്ടുവരുന്ന രോഗങ്ങൾ | ആവശ്യമുള്ള മരുന്നുകൾ | ലഭ്യമായ മരുന്നുകൾ |
|---|---|---|---|
| 1 | രക്തദൂഷ്യം | ഗുളിച്യാതി പഞ്ചതിക്തക തൈലം | ദശമൂലാരിഷ്ടം<br>ബലാരിഷ്ടം<br>പിണ്ഡതൈലം<br>കൊട്ടൻചുക്കാതി<br>ചിഞ്ചാതി<br>കരപ്പൻതൈലം<br>സഹചരാതി<br>പ്രപഞ്ചനം<br>നാല്പമരാതി<br>ക്ഷീരബല<br>അണുതൈലം<br>നിശകതകദാതി<br>ലോധ്രാസവം<br>അയസ്കൃതി<br>ലോകാസവം<br>നവായസം ഗുളിക<br>ചന്ദനാസവം |
| 2 | രക്തവാതം | രാസ്നേരണ്ടാതി | |
| 3 | വാകം | ഭദ്ര ബോർവാധി | |
| 4 | ഗ്രഹണി | മുസ്താരിഷ്ടം അഷ്ടചൂർണ്ണം | |
| 5 | ചുമ | ദശമൂല കടുത്രയം<br>കനാകാസവം<br>താലിസാതി ചൂർണ്ണം | |
| 6 | പനി | അമൃതോത്തരം കഷായം<br>സുദർശന ചൂർണ്ണം<br>സൂര്യപ്രഭാ, വെമാറൻ | |
| 7 | അതിസാരം | വില്ലാതി ഗുളിക<br>മുസ്താരിഷ്ടം | |
| 8 | അർശസ് | അഭയാരിഷ്ടം | |
| 9 | പ്രമേഹം | മരുന്നു ലഭ്യമല്ല | |
| 10 | പ്രഷർ | മരുന്നു ലഭ്യമല്ല | |
| 11 | പാണ്ടുരോഗം | വ്യോഷാധി<br>പുനർനവ്യാധി,<br>അവിപത്തി ചൂർണ്ണം | |
| 12 | അദികാതം - ഉളുക്ക്, ചതവ്, മുറിവ് | മുറിവ് എണ്ണ | |
| 13 | അസ്ഥിസ്രാവം | മുസലി ഗദ്രാതി കഷായം<br>ചന്ദ്രപ്രഭ ഗുളിക | |
| 14 | ഹൃദ്രോഗം | പാർത്താരിഷ്ടം | |

## ആയുർവ്വേദ രംഗം - സാധ്യതകൾ

1. ഇപ്പോഴുള്ള ഡിസ്പെൻസറി ചുരുങ്ങിയത് പത്തു കിടക്കകളുള്ള ഒരു ആശുപത്രിയായി ഉയർത്താൻ സാധിക്കും. ഇതിനുവേണ്ട സ്ഥലം നിലവിലുള്ള സ്ഥാപനത്തിനു സമീപം തന്നെയുണ്ട്.

2. കൂടുതൽ ജീവനക്കാരുടെ സേവനം ലഭ്യമാക്കുകയാണെങ്കിൽ പഞ്ചകർമ്മ ചികിത്സ, കായചികിത്സ തുടങ്ങിയ പാരമ്പര്യ ചികിത്സാരീതികൾ ഇവിടെ കൊണ്ടുവരാൻ സാധിക്കും.

3. ഇവിടെ വേണ്ടത്ര മരുന്നുകളും മറ്റും ലഭ്യമാക്കുകയാണെങ്കിൽ ഈ പ്രദേശത്തെ ജനങ്ങൾക്ക് ആയുർവ്വേദ ചികിത്സയ്ക്കായി മറ്റു സ്ഥലത്തേയ്ക്കു പോകാതെ, ഇവിടെ തന്നെ ചെയ്യാൻ സാധിക്കും.

## അലോപ്പതിരംഗം - പ്രശ്നങ്ങൾ

മുണ്ടൂരിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യകേന്ദ്രം കഴിഞ്ഞാൽ തൃശ്ശൂരിനും കുന്ദംകുളത്തിനുമിടയിൽ ഏകദേശം 12 കി.മീറ്ററിനുള്ളിൽ രോഗികളെ കിടത്തി ചികിത്സിപ്പിക്കാവുന്ന സർക്കാർ ആശുപത്രികൾ ഇല്ല. ചികിത്സാരംഗത്ത് ആവശ്യമായ ഡോക്ടർമാരോ, ജീവനക്കാരോ, മരുന്നുകളോ ലഭ്യമല്ല.

## സാധ്യതകൾ

മുണ്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 25 കിടക്കകളുള്ള ഒരു വാർഡ് നിർമ്മിക്കുകയാണെങ്കിൽ, അലോപ്പതി രംഗത്തെ ചികിത്സാ സൗകര്യം മെച്ചപ്പെടുത്താൻ സാധിക്കും. ജീവനക്കാർക്ക് താമസിക്കാൻ പറ്റിയ ക്വാർട്ടേഴ്സുകൾ സ്ഥാപിക്കുകയാണെങ്കിൽ പ്രാവീണ്യം നേടിയ ഡോക്ടർമാരുടെ സേവനം യഥാസമയം ലഭ്യമാക്കാൻ കഴിയും.

## ഹോമിയോ രംഗം

ഹോമിയോ ചികിത്സാ രീതി കയ്പറമ്പ് പഞ്ചായത്തിൽ ജനസമ്മിതി ആർജ്ജിച്ചുവരികയാണ്. ഏറ്റവും ചിലവുകുറഞ്ഞ ചികിത്സാരീതി ആയതിനാൽ ഇത് സാധാരണ ജനങ്ങൾക്ക് തികച്ചും പ്രാപ്യമാണ്. പക്ഷെ സ്വകാര്യമേഖലയിലാണെങ്കിലും നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്. അതുകൊണ്ടുതന്നെ ഒരു ഹോമിയോ ഡിസ്പെൻസറി അനിവാര്യമായിരിക്കുകയാണ്. പഞ്ചായത്ത് ഇതിനുവേണ്ട സ്ഥലം കണ്ടെത്തി ഒരു ഡിസ്പെൻസറി സ്ഥാപിക്കുകയാണെങ്കിൽ അത് സാധാരണക്കാരുടെ ആരോഗ്യപ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമാകും.

## പൊതുവായ നിർദ്ദേശങ്ങൾ

1. വാർഡുകൾ തോറും രോഗങ്ങളേയും ശുചിത്തത്തേയും പറ്റി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തേണ്ടതാണ്.

2. വാർഡുകളിൽ കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

3. യാത്രാ സൗകര്യത്തിനുള്ള ഏർപ്പാടുകൾ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ചെയ്യുകയാണെങ്കിൽ പ്രതിരോധ കുത്തിവെയ്പുകളും മറ്റും വാർഡുതോറും സംഘടിപ്പിക്കാൻ സാധിക്കും.

# കുടിവെള്ളം

കയ്പറമ്പ് പഞ്ചായത്തിലെ ജനങ്ങൾ കുടിനീരിനായി മുഖമായി ആശ്രയിക്കുന്നത് പരമ്പരാഗത ജലസ്രോതസ്സുകളായ കിണറുകൾ, കുളങ്ങൾ എന്നിവയെയാണ്. ഈ ജലസ്രോതസ്സുകളിൽ പ്രഥമ സ്ഥാനം കിണറിനു തന്നെയാണ്. ആകെയുള്ള 4910 വീടുകളിൽ 2946 വീടുകളിലും സ്വന്തമായി കിണറുകളുണ്ട്. 60% ത്തോളും കുടുംബങ്ങളും കുടിനീരിനായി സ്വന്തം കിണറുകളേയാണ് ആശ്രയിക്കുന്നത്. 10% കുടുംബങ്ങൾ അയൽവീടുകളെ ആശ്രയിക്കുമ്പോൾ 25% കുടുംബങ്ങൾ പൊതുജല വിതരണ സമ്പ്രദായങ്ങളെ ആശ്രയിക്കുന്നു. ഈ പഞ്ചായത്തിൽ മിക്ക വാർഡുകളിലും വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം അനുഭവപ്പെടാറുണ്ട്. ചില സ്ഥലങ്ങളിൽ അത് രൂക്ഷമാകാറുമുണ്ട്. പഞ്ചായത്തിൽ ജലവിതരണത്തിനായി രണ്ട് ജലസംഭരണികളും, പഞ്ചായത്തിന്റെ വകയായ കുഴൽ കിണറുകളും, മറ്റു കിണറുകളും നിലവിലുണ്ട്. ഇതുകൂടാതെ കിണറില്ലാത്തവർക്കായി കിണർ കുഴിക്കുന്നതിനുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാനും പഞ്ചായത്ത് സന്നദ്ധമായി പ്രവർത്തിക്കുന്നണ്ട്. ഇത്രയെല്ലാം സൗകര്യങ്ങൾ ഉണ്ടെങ്കിലും ഇന്ന് പഞ്ചായത്തിൽ കുടിനീർ വേണ്ടത്ര ലഭ്യമാക്കുന്നതിന് പര്യാപ്തമല്ല എന്നതാണ് സത്യം.

ഈ പഞ്ചായത്തിലെ മിക്ക വാർഡുകളിലും പൈപ്പു ലൈനുകൾ എത്തിയിട്ടുണ്ട് എന്നാൽ 9.,10 വാർഡുകളിൽ പൂർണ്ണമായും അത് എത്തിക്കാൻ സാധിച്ചിട്ടില്ല. പേരാമംഗലത്ത് സ്ഥാപിച്ചിട്ടുള്ള ജലസംഭരണി കുറച്ചു വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുകയാണ്. അത് ഉപയോഗപ്രദമാക്കിയെടുക്കുകയാണെങ്കിൽ ആ പ്രദേശത്ത് കുടിനീർ ലഭ്യമാക്കാൻ കഴിയും. 7,8 വാർഡുകളിൽ എത്തിനിൽക്കുന്ന പൈപ്പ് ലൈൻ 9-ാം വാർഡിലേക്ക് കൂടി നീട്ടുകയാണെങ്കിൽ അത് ആ വാർഡുകാർക്ക് വളരെ തൃപ്തികരമായിരിക്കും. ഇതിന് നിലവിലുള്ള പൈപ്പ് ലൈനിന്റെ വലിപ്പം കൂട്ടുകയും, വെള്ളം പമ്പുചെയ്യാനുപയോഗിക്കുന്ന മോട്ടോറിന്റേയും, അതുമല്ലെങ്കിൽ 9-ാം വാർഡിൽ നിലവിലുള്ള ബോറിങ്ങ് കിണറിൽനിന്ന് വെള്ളം പമ്പു ചെയ്ത് ഒരു സംഭരണിയുടെ സഹായത്തോടെ വിതരണം ചെയ്യുകയാണെങ്കിൽ അത് ഈ പ്രദേശത്തെ ജലദൗർലഭ്യത്തിന് പരിഹാരമാകും.

ഇതിനെല്ലാം പുറമെ ഓരോ വാർഡിലും പരമ്പരാഗത ജലസ്രോതസ്സുകളുടെ സാധ്യതകൾ വിലയിരുത്തി അവ യുക്തമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രാദേശിക അറിവും, നവീന സാങ്കേതിക വിദ്യകളും സമന്വയിപ്പിച്ചുകൊണ്ട് ഒരു ആസൂത്രണ രീതിയും, പദ്ധതി രൂപീകരണവും സാധ്യമാക്കണം. ജലസ്രോതസ്സുകളുടെ പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിന് പ്രാദേശിക നിർദ്ദേശങ്ങൾ സ്വരൂപിക്കേണ്ടതായിട്ടുണ്ട്. പൊതുജനങ്ങളെ കുടിവെള്ളത്തിന്റെ ദുരുപയോഗത്തെക്കുറിച്ച് ബോധവാന്മാരാക്കുകയും, അണിനിരത്തുകയും വേണം.

## പ്രശ്നങ്ങളും സാധ്യതകളും

1. കിണറും, കുളങ്ങളും ജലസേചനയോഗ്യമാക്കിയാൽ കുടിനീരിനും, കൃഷിക്കും അത് വളരെയേറെ ഉപകാരപ്രദമായിരിക്കും.

2. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടത്ര ടാപ്പുകൾ സ്ഥാപിക്കണം.

3. വീടുകളിലേക്ക് പൈപ്പ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

4. നിർധനരായ കുടുംബങ്ങളെ കണ്ടെത്തി അവർക്ക് കിണർ കുഴിക്കാൻ ധനസഹായം ചെയ്യാൻ നടപടികൾ വേണ്ടതാണ്.

5. പഞ്ചായത്തിന്റെ കിണറുകൾ ശുദ്ധമാക്കി ഉപയോഗയോഗ്യമാക്കി സൂക്ഷിക്കാൻ വേണ്ട നടപടികൾ വേണം.

6. കുടിവെള്ളം പൈപ്പ് ലൈനുകളുടെ തകരാറുമൂലം നഷ്ടപ്പെടാതിരിക്കാൻ ശ്രമിക്കണം.

ഈ പഞ്ചായത്തിൽ മാർച്ച് മാസം മുതൽ മെയ് മാസം വരെ നേരിയ തോതിൽ വരൾച്ചയും ചിലപ്പോൾ കഠിനമായ വരൾച്ചയും അനുഭവപ്പെടുന്നു. തത്ഫലമായി പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ കുടിനീർ ലഭിക്കുന്നതിന് വിഷമം നേരിടുകയും ചെയ്യുന്നു. നെതർലാൻറ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഒരു കമ്മ്യൂണിറ്റി ജലസേചനപദ്ധതി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

കുടിവെള്ളം ലഭിക്കുന്നതിന് ഉദ്ദേശിച്ച് കേരള വാട്ടർ അതോറിട്ടിയുടേതായ 75 പൊതു ടാപ്പുകൾ അടങ്ങിയ ഒരു വാട്ടർ സപ്ലൈസ് സ്കീം പഞ്ചായത്തിൽ ഉണ്ട്. ഇതിനും പുറമെ 39 ഓപ്പൺ കിണറുകളും കുടിവെള്ളത്തിനുവേണ്ടി പഞ്ചായത്തിന്റെ അധീനതയിലുണ്ട്. ഇത്തരം സംവിധാനങ്ങൾ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് പര്യാപ്തമല്ല. പഞ്ചായത്തിലുടനീളം കുഴൽകിണറുകളും, ടാപ്പുകളും നിർമ്മിച്ച് കുടിനീർക്ഷാമം ഒരു പരിധിവരെ നിയന്ത്രിക്കുവാൻ സാധിക്കുന്നതാണ്.

# സഹകരണമേഖല

മുണ്ടൂർ സർവ്വീസ് സഹകരണസംഘം 1960-ൽ ആണ് പ്രവർത്തനം ആരംഭിച്ചത്. പ്രാരംഭഘട്ടത്തിൽ ജില്ലാ ബാങ്കിൽനിന്ന് കാർഷിക വായ്പ വാങ്ങി സംഘത്തിൻെറ വ്യാപാര ഏരിയയിൽ വിതരണം ചെയ്യുകയായിരുന്നു പതിവ്. ചെറിയതോതിൽ കൃഷിയ്ക്ക് വളം വിതരണം ചെയ്തിരുന്നു.

ബാങ്കിൻെറ വ്യാപകാതിർത്തിയിൽ വരുന്ന മുഴുവൻ കുടുംബങ്ങളേയും ഈ സഹകരണ സംഘത്തിൽകൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണം. മുണ്ടൂരിലും കയ്പറമ്പിലും ഈ സംഘത്തിൻെറ ഓരോ ബ്രാഞ്ചുകൾ തുടങ്ങേണ്ടതാണ്. മുണ്ടൂർ സർവ്വീസ് ബാങ്കിൻെറ വ്യാപാരാതിർത്തി കയ്പറമ്പു പഞ്ചായത്തു മുഴുവനായിരിക്കണം. ഈ ബാങ്കിനോടു ബന്ധപ്പെട്ട് പുറ്റേക്കരയിൽ ഒരു സൂപ്പർ മാർക്കറ്റ് (ഗ്രാമശ്രീ) പ്രവർത്തിച്ചുവരുന്നുണ്ട്.. പേരാമംഗലം, മുണ്ടൂർ, കയ്പറമ്പ് എന്നിവിടങ്ങളിൽകൂടി മാർക്കറ്റുകൾ തുടങ്ങേണ്ടതാണ്. ഔദ്യോഗിക സംവിധാനത്തിൻെറ ദുരുപയോഗം തടഞ്ഞ് ജനാധിപത്യ സംവിധാനം നിലനിറുത്തണം. കാർഷികോപകരണങ്ങളും കാർഷിക യന്ത്രങ്ങളും സഹകരണസംഘം വഴി ആവശ്യാനുസരണം കർഷകർക്ക് നൽകുവാൻ സംവിധാനം ഉണ്ടാകണം.

1985-ൽ ഈ പഞ്ചായത്തിൽ ഒരു ഹരിജൻ സൊസൈറ്റി രജിസ്റ്റർ ചെയ്തു പ്രവർത്തനം തുടങ്ങി. ഇത് 3-ാം വാർഡിൽ ആണ് സ്ഥിതിചെയ്യുന്നത്. ഇപ്പോൾ അവിടെ ഗാർമെൻറ് നിർമ്മാണമാണ് പ്രധാനമായും നടക്കുന്നത്. ഇതിന് സ്വന്തമായി കെട്ടിടവും ഭൂമിയുമുണ്ട്. ഈ സംഘത്തിന് കയ്പറമ്പ് പഞ്ചായത്തതിർത്തിയില്ലുള്ള എല്ലാ ഹരിജനങ്ങളേയും മെമ്പറാക്കാൻ നടപടികളുണ്ടാക്കേണ്ടതാണ്. വിദ്യാഭ്യാസ യോഗത്യതയുള്ള സ്റ്റാഫ് ഇല്ലാത്തതുകൊണ്ട് സ്കീമുകൾ എല്ലാം ഫലവത്താക്കാൻ കഴിയുന്നില്ല. സംഘത്തിലെ അംഗങ്ങൾക്കു കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നിനും ജീവിത നിലവാരം ഉയർത്തുന്നതിനുമുള്ള സ്കീമുകളും പ്രോജക്ടുകളും തയ്യാറാക്കുന്നതിനുള്ള നടപടികളുണ്ടാകണം. ഇതുകൂടാതെ ഈ പഞ്ചായത്തതിർത്തിയിൽ മുണ്ടൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പുഴക്കൽ ബ്ലോക്ക് ഹരിജൻ ലേബർ 'കോൺട്രാക്റ്റ് സൊസൈറ്റി' കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുണ്ട്. അങ്ങനെ പ്രവർത്തിച്ചാൽ ഹരിജനങ്ങൾക്കു കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. കൂടാതെ 'പുഴക്കൽ ബ്ലോക്കു ഹരിജൻ സൊസൈറ്റി' എന്ന സംഘം കൂടി പേരാമംഗലം ആസ്ഥാനമായി പ്രവർത്തിക്കുന്നുണ്ട്. ഈ സംഘത്തിൻേറയും പ്രവർത്തനം നിലച്ചമട്ടാണ്. മുണ്ടൂർ ആസ്ഥാനമായി കയ്പറമ്പ് പഞ്ചായത്ത് മാർക്കറ്റിംഗ് സഹകരണസംഘം എന്ന ഒരു സ്ഥാപനം കൂടിയുണ്ട്. ഇതുവഴി കുരുമുളക്, അടക്ക എന്നിവ വിപണനം ചെയ്യുന്നു. ഈ സംഘത്തിന് കയ്പറമ്പിൽ ഒരു കളക്ഷൻ സെൻറർ തുടങ്ങേണ്ടതാണ്. കഴിഞ്ഞ മൂന്നു വർഷമായി ശരാശരി 3 ലക്ഷത്തോളം രൂപ ടേൺഓവറുണ്ട്. മറ്റു കാർഷിക വിഭവങ്ങൾകൂടി വിപണനം ചെയ്യാനുള്ള സൗകര്യങ്ങൾ ഈ സംഘത്തിൽ ഉണ്ടാകണം. സംസ്ഥാന ഗവൺമെൻറിൽനിന്നും ഈ സംഘത്തിന് 50,000/-ക ഷെയറായി കിട്ടിയിട്ടുണ്ട്. മറ്റു സാമ്പത്തിക ഏജൻസികളിൽനിന്നും സഹായം ലഭ്യമാക്കി ഈ സംഘത്തിൻെറ പ്രവർത്തനം വിപുലപ്പെടുത്തേണ്ടതാണ്.

ഈ പഞ്ചായത്തിൽ' പേരാമംഗലവും (ആപ്കോസ്) കയ്പറമ്പും കേന്ദ്രമായി രണ്ടു ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1977-ലാണ് കയ്പറമ്പു ക്ഷീര വ്യവസായ സഹകരണ സംഘം രജിസ്റ്റർ ചെയ്തിട്ടുള്ളത്. അന്ന് 52ലിറ്റർ പാലാണ് അളന്നിരുന്നത്. ഉദ്ദേശം 62 മെമ്പർമാരാണ് ഉണ്ടായിരുന്നത്. ഇപ്പോൾ 750ലിറ്റർ പാലാണ് അളക്കുന്നത്. ഇന്ന് ഒരായിരത്തോളം മെമ്പർമാരുണ്ട്. സ്വന്തമായി കെട്ടിടവും സ്ഥലവുമുണ്ട്. കേരളാ സോൾവെൻറിൻെറ ഏജൻസിയുമുണ്ട്. ഗോദ്റജിൻെറയും വിശ്വയുടേയും ഫീഡുകളും ഇവിടെ വിതരണം ചെയ്യുന്നുണ്ട്. തിരഞ്ഞെടുക്കപ്പെടുന്ന കന്നുകാലികൾക്ക് സൗജന്യനിരക്കിൽ തീറ്റകൊടുക്കുന്നുണ്ട്. ഈ സംഘത്തിന് പൂത്തൂര, കുരിശുപള്ളി, പൂത്തൂർ അമ്പലപരിസരം, മുണ്ടൂർ ആറമ്പുള്ളി എന്നിവിടങ്ങളിൽ കളക്ഷൻ സെൻററുകൾ ഉണ്ട്. വ്യാപരാതിർത്തി കയ്പറമ്പ, അണ്ടൂർ എന്നീ വില്ലേജുകൾ പൂർണ്ണമായും ആക്കണം. സംഘത്തിനം പാക്കറ്റിൽ പാൽ വിതരണം നടത്തുന്നതിനും ഉൽപ്പന്നങ്ങളുടെ നിർമ്മാണം വിപുലീകരിക്കുന്നതിനും ഇപ്പോൾ സാമ്പത്തിക പരാധീനതയുള്ളതിനാൽ കഴിയുന്നില്ല. കയ്പറമ്പിലും പേരാമംഗലത്തും കന്നുകാലികളെ കുത്തിവയ്ക്കുന്നതിന് ഒരു സബ്ബ് സെൻറർ തുടങ്ങാൻ നടപടികളുണ്ടാകണം. ഈ സംഘത്തിൽ ഇപ്പോൾ നിർമ്മിക്കുന്ന ബൈ പ്രോഡക്റ്റുകൾ വിററഴിയാനുള്ള സൗകര്യങ്ങൾ, മുണ്ടൂർ സർവ്വീസ് സഹകരണ സംഘത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന സൂപ്പർ മാർക്കറ്റിൽ ഉണ്ടാകണം. വിദ്യാർത്ഥികളുടെ ആരോഗ്യ പരിപാലനത്തിന് ഉതകുന്നതരത്തിൽ സംഘത്തിൽ നിർ

ത്തിക്കുന്ന ബൈപ്രോഡക്റ്റുകൾ സ്കൂളുകൾവഴി വിതരണം ചെയ്യാനും സൗകര്യമുണ്ടാകണം.

കയ്പറമ്പ് പഞ്ചായത്തിൽ രണ്ടു പാൽ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നതിനാൽ ഇവിടെയുള്ള മിൽമയുടെ സ്വകാര്യ ഏജൻസികൾ നിരോധിക്കേണ്ടതാണ്. മിൽമയുടെ മറ്റു പ്രോഡക്റ്റുകൾ ഈ സംഘങ്ങളിലൂടെ വിതരണം ചെയ്യേണ്ടതാണ്.

കയ്പറമ്പ് പഞ്ചായത്ത് കൺസ്യൂമർ സഹകരണസഖ്യം എന്ന പേരിൽ ഒരു സംഘമുണ്ടെങ്കിലും ഇപ്പോൾ അതു സജീവമല്ല. ഈ സംഘം കാര്യക്ഷമമായി പ്രവർത്തിക്കാൻ വേണ്ട നടപടികൾ ഉണ്ടാകേണ്ടതാണ്.

വ്യവസായവകുപ്പിന്റെ കീഴിൽ സെറികൾച്ചറൽ സഹകരണസംഘം, മംഗള ഇൻഡസ്ട്രിയൽ സഹകരണസംഘം എന്നിവയും ഈ പഞ്ചായത്തിലുണ്ട്. ഇമിറ്റേഷൻ ഡയമണ്ട് സഹകരണസംഘവും, വൈൻഡ് അപ്പ് സഹകരണ വകുപ്പിന്റെ കീഴിൽ ഇതിന് പകരമായി മറ്റൊരു സംഘം തുടങ്ങാൻ ആവശ്യമായ നടപടികൾ ഉണ്ടാകണം. മംഗള ഇൻഡസ്ട്രിയൽ സഹകരണസംഘം കൂടുതൽ സജ്ജീവമാക്കുകയും വേണം.

ഖാദി വില്ലേജ് ഇൻഡസ്ട്രീസിൻ കീഴിൽ ഇപ്പോൾ പട്ടുനൂൽപുഴു കൃഷി സഹകരണസംഘം പേരിലുണ്ടെങ്കിലും സജീവമല്ല.

വൈരക്കല്ല് തൊഴിലാളി ക്ഷേമ സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണസംഘം കയ്പറമ്പ് പഞ്ചായത്തിൽ തുടങ്ങാൻ വേണ്ടനടപടികൾ ഉണ്ടാവേണ്ടതാണ്. വൈരക്കൽ തൊഴിലാളികളുടെ സാമ്പത്തികനില ഭദ്രമാക്കുന്നതിന് സമ്പാദ്യ പദ്ധതികളിൽ പങ്കാളികളാകുന്നതിനും വായ്പാവശ്യങ്ങൾ നിറവേറ്റുന്നതിനും ആരോഗ്യസംരക്ഷണകാര്യങ്ങൾ നിറവേറ്റുന്നതിനും ഇത്തരം സൊസൈറ്റികൾ ആവശ്യമാണ്.

എഡ്യുക്കേഷണൽ സഹകരണസംഘം പഞ്ചായത്തതിർത്തിയിൽ രൂപീകരിക്കുവാൻ നടപടികൾ ഉണ്ടാകേണ്ടതാണ്. ഈ പഞ്ചായത്തിൽ പാരലൽ കോളേജു നടത്താനാവശ്യമായ വിദ്യാഭ്യാസ യോഗ്യതയുള്ളവർ ധാരാളമുള്ളതായി സർവ്വെയിൽ കണ്ടിട്ടുണ്ട്. അവർക്കു ജോലി നൽകുവാനും പാരലൽ കോളെജിലെ ഫീസിനേക്കാൾ കുറഞ്ഞ ഫീസിൽ കുട്ടികളെ പഠിപ്പിക്കുവാനും സഹകരണ മേഖലയിൽ കഴിയും.

കൂടാതെ ഈ പഞ്ചായത്തതിർത്തിയിൽ വനിതാ മൾട്ടിപർപ്പസ് സഹകരണസംഘം രൂപീകരിക്കുകയാണെങ്കിൽ വിദ്യാഭ്യാസ യോഗ്യതയുള്ള വനിതകൾക്കു തൊഴിൽ നല്കുവാൻ കഴിയും.

ഇപ്പോൾ പഞ്ചായത്തതിർത്തിയിൽ ബാങ്ക് ഓഫ് ബറോഡ, ധനലക്ഷ്മി ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ ബ്രാഞ്ചുകളുണ്ടെങ്കിലും ഈ സ്ഥലവാസികൾക്ക് ആവശ്യാനുസരണം വായ്പ ലഭ്യമാക്കുന്നില്ല. അതിനുള്ള സൗകര്യങ്ങൾ ഉണ്ടാകണം.

44

# സാമൂഹ്യക്ഷേമം, പാർപ്പിടം

45

## സാമൂഹ്യക്ഷേമം

ആകെ 24630 ജനങ്ങളുള്ള കൈപറമ്പ് പഞ്ചായത്തിൽ 4910 കുടുംബങ്ങളിലായി 11950 പുരുഷന്മാരും 12680 സ്ത്രീ കളുമാണ് (51.69%) ഉള്ളത്.

വിദ്യാഭ്യാസ നിലവാരത്തിൽ ഏറെക്കുറെ തുല്യത കൈവന്നുവെങ്കിലും തൊഴിൽ രംഗങ്ങളിൽ സ്ത്രീ - പുരുഷ അന്തരം പ്രകടമാണ്. തൊഴിലെടുക്കുന്ന പുരുഷന്മാർ 60.79% ഉള്ള ഈ പഞ്ചായത്തിൽ തൊഴിൽ രംഗത്തേക്ക് കൂടുതൽ സ്ത്രീകളെ കൊണ്ടുവരേണ്ടതുണ്ട്.

**അനുബന്ധം II**

**കൈപറമ്പ് ഗ്രാമ പഞ്ചായത്ത്**

**ഐ ആർ ഡി പി സർവ്വേ പ്രകാരം ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരുടെ പേര് വിവരം**

| വാർഡ് നമ്പർ | സർവ്വേ ഇപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ S C/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ S C/ST | സഹായം വഴി ദാരിദ്ര്യ രേഖക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പടെ) |
|---|---|---|---|---|---|---|
| VI | 193 | 6 | 21 | 12 | 12 | 193 |
| VII | 197 | 3 | 17 | 8 | 10 | 197 |
| VII | 198 | 1 | 9 | 1 | 5 | 198 |
| IX | 237 | 1 | 9 | 5 | 8 | 237 |
| X | 288 | 3 | 14 | 9 | 7 | 288 |
| | 1113 | 14 | 73 | 35 | 42 | 1113 |

**അനുബന്ധം II**

**കൈപറമ്പ് ഗ്രാമ പഞ്ചായത്ത്**

**ഐ ആർ ഡി പി സർവ്വേ പ്രകാരം ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരുടെ പേര് വിവരം**

| വാർഡ് നമ്പർ | സർവ്വേ ഇപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ S C/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ S C/ST | സഹായം വഴി ദാരിദ്ര്യ രേഖക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങൾ സഹായം ലഭിച്ചവർ ഉൾപ്പടെ |
|---|---|---|---|---|---|---|
| VI | 170 | 6 | 51 | 24 | 14 | 170 |
| VII | 187 | 6 | 68 | 20 | 16 | 187 |
| VII | 198 | 4 | 56 | 9 | 16 | 198 |
| IX | 204 | 5 | 78 | 10 | 14 | 204 |
| X | 244 | 6 | 75 | 14 | 15 | 244 |
| | 1004 | 26 | 328 | 77 | 75 | 1004 |

വിദ്യാഭ്യാസ മേഖല

| വിദ്യാർത്ഥികൾ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| S. S. L. C. വരെ | 1952 | 1705 | 3657 |
| P. D. C | 300 | 405 | 705 |
| D. C | 34 | 58 | 92 |
| B. Tec | 10 | 4 | 14 |
| M. B. B. S. | 12 | 10 | 22 |
| M. B. A. | 38 | 44 | 82 |
| Research | | | |

തൊഴിൽ മേഖല

| തൊഴിൽ മേഖല | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| കാർഷിക മേഖല | 1024 | 826 | 1850 |
| കുടിൽ വ്യവസായം | 332 | 234 | 566 |
| കെട്ടിട നിർമ്മാണം | 267 | 351 | 618 |
| വ്യാപാരം | 1447 | 468 | 1915 |
| സർവ്വീസ് മേഖല | 730 | 562 | 1292 |
| വ്യവസായിക മേഖല | 967 | 703 | 1670 |

അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ പട്ടിക

| തൊഴിൽ രഹിതർ | ആൺകുട്ടികൾ | പെൺകുട്ടികൾ |
|---|---|---|
| S. S. L. C വരെ | 103 | 142 |
| S. S. L. C | 246 | 323 |
| P. D. C | 132 | 204 |
| D. C | 90 | 158 |
| Post Graduate | 96 | 168 |
| Engineering | 12 | 10 |
| I. T. I | 127 | 71 |
| H. D. C | 8 | 21 |
| B. ED | 16 | 24 |
| Type writing | 76 | 127 |
| Tailoring | | 22 |
| Others | 184 | 113 |
| ആകെ | 1090 | 1383 |

ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലന വിഷയത്തിൻെറ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുതകളിൽ ഏർപ്പെട്ടിരിക്കുന്നവർ |
|---|---|---|---|---|
| VI | നാടൻ കലകൾ | 2 | 2 | |
| | ഡ്രൈവിംഗ് | 3 | 2 | 1 |
| | ടു വീലർ വർക്ക്ഷോപ്പ് | 2 | 2 | |
| | നെയ്ത്ത് | 2 | | |
| | ഓട്ടോ വർക്ക് ഷോപ്പ് | 1 | 1 | |
| VII | നെയ്ത്ത് | 1 | 1 | |
| | പ്ലാസ്ററിക് വർക്സ് | 2 | 2 | |
| | പ്രിൻറിങ്ങ് | 2 | 2 | |
| | ബുക്ക് ബൈൻറിങ്ങ് | 1 | | 1 |
| VIII | ഡയമണ്ട് കട്ടിങ്ങ് | 4 | 4 | |
| | വസ്ത്ര നിർമ്മാണം | 1 | | 1 |
| | ബുക്ക് ബൈൻറിങ്ങ് | 1 | | 1 |
| IX | പ്ലാസ്ററിക് വർക്സ് | 6 | 6 | |
| | ഡയമണ്ട് കട്ടിങ്ങ് | 1 | 1 | |
| X | മോട്ടോർ വൈൻറിങ്ങ് | 2 | 2 | |
| | പ്ലാസ്ററിക് വർക്സ് | 2 | 2 | |
| | റേഡിയോ അസംബ്ലിങ്ങ് | 1 | 1 | |

വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾ പഞ്ചായത്ത് നടപ്പിലാക്കികൊണ്ടിരിക്കുന്നുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള പദ്ധതികളും, കാർഷികമേഖലയിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പദ്ധതികളും വിവിധ വിഭാഗക്കാർക്കായുള്ള പെൻഷൻ ധനസഹായ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 1113 ആണ്. പ്രതിവർഷം ശരാശരി 150 കുടുംബങ്ങൾക്കാണ് ഐ. ആർ. ഡി. പി. പദ്ധതി പ്രകാരമുള്ള ആനുകൂല്യം അനുവദിക്കാൻ കഴിയുന്നത്. അർഹരായ മുഴുവൻ പേർക്കും ദാരിദ്രനിർമ്മാജനത്തിനുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന കാര്യം പരിശോധിക്കേണ്ടതാണ്.

1995 ലെ കണക്കനുസരിച്ച് പഞ്ചായത്തിൽ വിവിധ ധനസഹായങ്ങൾ ലഭിക്കുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു:-

| | |
|---|---|
| അവശകലാകാരന്മാർക്കുള്ള പെൻഷൻ | - 1 |
| വാർദ്ധക്യകാല പെൻഷൻ | - 38 |
| കാൻസർ രോഗികൾക്കുള്ള പെൻഷൻ | - 2 |
| വികലാംഗ പെൻഷൻ | - 44 |
| വിധവാ പെൻഷൻ | - 41 |
| കുഷ്ഠരോഗികൾക്കുള്ള പെൻഷൻ | - 1 |
| 47 കർഷക തൊഴിലാളി പെൻഷൻ | - ഇല്ല |
| തൊഴിലില്ലായ്മ വേതനം | - ഇല്ല |

ധനസഹായം ലഭിക്കുന്നവരെല്ലാം അതിന് അർഹരാണെങ്കിലും തൊഴിലില്ലായ്മ വേതനം പോലുള്ള ധനസഹായങ്ങളും തൊഴിലില്ലാത്തവർക്ക് മുഴുവൻ നൽകുന്നതിനോ തൊഴിലുള്ളവരെ ഒഴിവാക്കുന്നതിനോ, വേണ്ടത്ര ശ്രദ്ധ കൊടുത്തു കാണുന്നില്ല. നിർമ്മാണ തൊഴിലാളി, കർഷക തൊഴിലാളി എന്നീ ക്ഷേമ പദ്ധതികൾ പഞ്ചായത്തുകളടെ കീഴിൽ വ്യാപകമായും വർദ്ധിപ്പിക്കേണ്ടതാണ്. കൂടുതലായും വൈരക്കൽ തൊഴിലാളികളുള്ള ഈ പഞ്ചായത്തിൽ അവർക്ക് ഉപയുക്തമായ രീതിയിൽ ക്ഷേമ പദ്ധതികളോ ഇൻഷുറൻസ് പദ്ധതികളോ നടപ്പിൽ വരുത്താൻ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. തമിഴ്നാട്ടിൽ നിന്നും മററും കൂലിവേല ചെയ്യാൻ വേണ്ടി എത്തുന്നവർ പാർപ്പിടമോ മററു അടിസ്ഥാന സൗകര്യങ്ങളോ ഇല്ലാത്തവരാണ്. പഞ്ചായത്തിൻെറ നിർമ്മാണ പ്രവർത്തികൾ ഒരു പരിധി വരെ ഇവരെ ആശ്രയിച്ചാണ് നിൽക്കുന്നത്. ആയതിനാൽ ഈ വിഭാഗത്തെ കൂടി സമൂഹത്തിൻെറ മുഖ്യ ധാരയിലേക്ക് കൊണ്ടുവരാൻ ശ്രമിക്കേണ്ടതാണ്.

## പ്രശ്നങ്ങളും സാദ്ധ്യതകളും

1. അടിസ്ഥന സൗകര്യങ്ങൾ ഇല്ലാത്ത വിഭാഗങ്ങൾക്ക് അവ ലഭിക്കുന്നതിന് വേണ്ട നടപടികൾ ഉണ്ടാവേണ്ടതാണ്.

2. വനിത-ശിശുക്ഷേമ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതാണ്.

3. ഐ. ആർ. ഡി. പി. അർഹരായവരെ കണ്ടെത്തി വായ്പ അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടാതണ്.

4. അവശ വിഭാഗങ്ങൾക്ക് ധന സഹായങ്ങൾ ലഭിക്കുന്നതിനുവേണ്ട നടപടികൾ ഉണ്ടാകേണ്ടതാണ്.

5. സാമൂഹ്യ പ്രവർത്തനങ്ങൾ ജനങ്ങളെ അറിയിക്കുന്നതിന് പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ സെൻറർ സ്ഥാപിക്കണം.

6. ഉപഭോക്തൃ ഫോറങ്ങൾ സ്ഥാപിക്കേണ്ടതും ഉപഭോക്താക്കൾക്ക് ബോധവൽക്കരണം നൽകേണ്ടതുമാണ്.

7. എയ്ഡ്സ് പോലെയുള്ള മാരകരോഗങ്ങൾക്ക് എതിരെ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.

## പാർപ്പിടം

കയ്പറമ്പ് പഞ്ചായത്തിലെ പാർപ്പിട സ്ഥിതി സാമാന്യം തൃപ്തികരമാണ്. വൈരക്കൽ വ്യവസായത്തിൽ നിന്നുള്ള വരുമാനമാണ് 1980 നുശേഷം ഈ പ്രദേശത്ത് സാമ്പത്തികമായി നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടിയത്. കൂടാതെ ചെറിയ ഒരു അളവോളം ഗൾഫ് പണത്തിൻെറ സ്വാധീനവും, കൃഷിയും പഞ്ചായത്തിലെ കെട്ടിട നിർമ്മാണ മേഖലയിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. കയ്പറമ്പിലെ അറുപത്തഞ്ച് ശതമാനം വീടുകളും ഓട് പാകിയതും, മുപ്പത് ശതമാനം വീടുകളും കോൺക്രീററ് മേൽക്കുരയുള്ളതും അഞ്ച് ശതമാനം മററു സാമാഗ്രികൾകൊണ്ട് നിർമ്മിച്ചവയും ആണ്. ഏകദേശം തൊണ്ണൂറ് ശതമാനം വീടുകളുടേയും ചുമർ വെട്ടുകല്ലോ ഇഷ്ടികയോ കൊണ്ട് നിർമ്മിച്ചവയും ആണ്. വീടുകളുടെ തറകൾ പരമ്പരാഗതമായ രീതിയിൽ ചാണക മെഴുകുന്നവർ ഉണ്ടെങ്കിലും കൂടുതൽ വീടുകളും സിമൻറു പയോഗിച്ച് തറ മിനുസ്സപ്പെടുത്തിയതാണ്. കൂടുതൽ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 1. തറ ചാണകം മെഴുകിയവ | 32% |
| 2. സിമൻറുപയോഗിച്ച് മിനുസ്സപ്പെടുത്തിയവ | 43% |
| 3. ഇഷ്ടിക പാകിയവ | 8% |
| 4. മൊസൈക്ക് ചെയ്തവ | 14% |
| 5. മാർബിൾ പതിച്ചവ | 3% |

## വിടുകളുടെ വിസ്തീർണ്ണത്തിൻെറ കണക്ക്

| | |
|---|---|
| 1. 200 ചതുരശ്ര അടിക്ക് താഴെ | 24% |
| 2. 200-500 നം ഇടയ്ക്ക് | 23% |
| 3. 500-1000 നം ഇടയ്ക്ക് | 28% |
| 4. 1000-1500 നം ഇടയ്ക്ക് | 18% |
| 5. 1500-2000 നം ഇടയ്ക്ക് | 7% |

200 ചതുരശ്ര അടിയ്ക്ക് താഴെയുള്ള വീടുകളിൽ തൃപ്തികരമല്ലാത്ത രീതിയിലുള്ളതും ബലപ്പെടുത്തേണ്ടതുമായ വീടുകൾ 14% വരും. വീടു നിർമ്മാണത്തിനുവേണ്ടി ജനങ്ങൾ കൂടുതൽ ആശ്രയിക്കുന്നത് ജില്ലാ സഹകരണ ബാങ്ക് വഴിയുള്ള വായ്പയോ, ഭവനനിർമ്മാണ ബോർഡ്, താലൂക്ക് ഹൗസിങ്ങ് സഹകരണ സംഘം എന്നിവയെയും, സാമ്പത്തിക ശേഷി കുറഞ്ഞവർ ബ്ലോക്കുകളും പഞ്ചായത്തുകളും വഴിയുള്ള സാമ്പത്തിക സഹായത്തേയും ആശ്രയിക്കുന്നു. സർക്കാർ സഹായത്തോടെ ഈ പഞ്ചായത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ 85 വീടുകൾ പണിതു കൊടുക്കുവാൻ സാധിച്ചിട്ടുണ്ട്. പാർപ്പിട പ്രശ്നം രൂക്ഷമല്ലാത്ത തോതിലാണെങ്കിലും ഈ രംഗത്തെ സ്ഥിതി കുറച്ചു കൂടി മെച്ചപ്പെടുത്തുവാൻ ഫലപ്രദമായ ഒരു ജനകീയ പരിപാടിക്ക് രൂപം കൊടുക്കേണ്ടതുണ്ട്.

ദാരിദ്രരേഖക്ക് താഴെയുള്ളവർക്ക് ഊന്നൽ കൊടുത്തു കൊണ്ട് ഒരു പാർപ്പിട നിർമ്മാണ പദ്ധതി ത്വരിതപ്പെടുത്തേണ്ടതുണ്ട്. കേരള സർക്കാരിൻെറ 'മൈത്രി' തുടങ്ങിയ പദ്ധതികളും കേന്ദ്ര സർക്കാരിൻെറ വിവിധ നിർമ്മാണ പദ്ധതി

കളും മാതൃകപരമായി നടപ്പിലാക്കേണ്ടതാണ്. ഭൂപ്രകൃതിയെ മാററി മറിക്കാതെ പ്രദേശിക വിഭവങ്ങൾ ഉപയോഗപ്പെടുത്തി ചെലവ് കുറഞ്ഞ രീതിയിലുള്ള വീടുകൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാവുന്നതാണ്. കെട്ടിട നിർമ്മാണ രീതികൾ പരിശീലിപ്പിക്കുന്നതുവഴി ഗ്രാമീണ യുവതി യുവാക്കൾക്ക് തൊഴിൽ കണ്ടെത്താൻ കഴിയും.

## നിർദ്ദേശങ്ങൾ:-

1. സ്ഥിരവരുമാനമില്ലാത്തവർക്ക് കെട്ടിട നിർമ്മാണ വായ്പ ലഭ്യമാക്കേണ്ടതാണ്.

2. പൊതു വഴിയിൽനിന്ന് മൂന്നു മീററർ നീക്കി കെട്ടിടം പണിയുന്നത് നിയമമമാക്കേണ്ടതും കർശനമായി നടപ്പാക്കേണ്ടതുമാണ്.

3. പാടങ്ങൾ നികത്തി വീടുവെക്കുന്നതു വഴി കൃഷിയെ നിരുത്സാഹപ്പെടുത്തുന്ന സമീപനം കർശനമായി നിയന്തിക്കണം.

4. പാർപ്പിട നിർമ്മാണം വാർഡു തലത്തിലുള്ള 'നിർമ്മാണ കമ്മിററി'കൾ വഴി നടപ്പിലാക്കി കരാറുകാരെ ഒഴിവാക്കാവുന്നതാണ്.

5. വീടുകൾക്ക് ഇപ്പോൾ ഈടാക്കുന്ന നികുതി പരിശോധിക്കുകയും നിരമ്മാണ ചിലവിന് അനുസൃതമായി കൃത്യമായി കണക്കാക്കേണ്ടതുമാണ്.

□

# വനിതാക്ഷേമം

വിദ്യാഭാസ നിലവാരം ഉയർന്ന (92%) കയ്പറമ്പ് പഞ്ചായത്തിലെ വനിതകൾ തൊഴിലിൻെറ കാര്യത്തിൽ പിന്നിലാണ് (38.25%). വനിതകൾ മാത്രം പ്രവർത്തിക്കുന്ന ഒരു വൈക്കരക്കൽ കമ്പനി ഇവിടെയുണ്ട്. ഇത്തരം മാതൃകാ സ്ഥാപനങ്ങൾ കൂടുതലായി ഉണ്ടാകേണ്ടതാണ്. പഞ്ചായത്തിലെ തൊഴിൽ പരിശീലനം നേടിയിട്ടുള്ള യുവതികളുടെ ഗ്രൂപ്പുണ്ടാക്കി ഇത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്. തൊഴിൽ സംരംഭങ്ങൾ തുടങ്ങുക വഴി സ്ത്രീകളുടെ സാമ്പത്തിക പരാശ്രയത്വം അവസാനിപ്പിക്കുന്നതോടെ മാത്രമേ അവരെ സാമൂഹ്യ രംഗങ്ങളിൽ കർമ്മ നിരതരാക്കാൻ കഴിയൂ. പുതിയ ഗ്രാമ പഞ്ചായത്തുകൾ നിലവിൽ വന്നതോടൊപ്പം പൊതു പ്രവർത്തകരായ സ്ത്രീകളുടെ എണ്ണം കൂടിയിട്ടുണ്ടെങ്കിലും അവരെ സമൂഹത്തിൻെറ മുഖ്യ ധാരയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല.

കുട്ടികളെയും വൃദ്ധ ജനങ്ങളെയും പരിചരിക്കൽ തൊഴിൽ ബന്ധിത സേവനമേഖലയായി വികസിപ്പിക്കാവുന്നതാണ്. ഇതിനായി സൊസൈററികൾ രൂപീകരിക്കുകയും അവയുടെ നേതൃത്വത്തിൽ വനിതകളെ പരിശീലിപ്പിക്കാവുന്നതുമാണ്. ഇത്തരം പുതിയ സാദ്ധ്യതകൾ കണ്ടെത്തുകയും നിലനിർത്തുകയും ചെയ്യേണ്ടതാണ്. നിലവിലുള്ള രീതികളിൽ നിന്നും വ്യത്യസ്തമായി വനിതകളെ അവരുടെ മാറുന്ന ജീവിത സാഹചര്യങ്ങൾക്കനുസൃതമായി സാമൂഹ്യ വളർച്ച നേടാൻ പ്രാപ്തരാക്കേണ്ടാതാണ്. വനിതകളുടെ തൊഴിൽ സംരംഭ യൂണിററുകളോട് ചേർന്ന് സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യ സംരക്ഷണത്തിനായുള്ള കേന്ദ്രങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

കയ്പറമ്പ് പഞ്ചായത്തിൽ രണ്ടു D. W. C. R. A. യൂണിററുകൾ പ്രവർത്തിക്കുന്നുണ്ട്. പൊതു പ്രവർത്തന മേഖലയിലും സ്ത്രീകളുടെ പങ്കാളിത്തം ഒട്ടും കുറവല്ല. ഈ ഗ്രാമ പഞ്ചായത്തിൽ നാലു വനിത പ്രതിനിധികൾ ഉണ്ട് എന്നതുതന്നെ ഇതിന് ഉത്തമോദാഹരണമാണ്. വനിതകളുടെ വിദ്യാഭ്യാസ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ട ശ്രമങ്ങൾ എല്ലാ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് അവരെ കൂടുതൽ ആകൃഷ്ടരാക്കേണ്ടത് അത്യാവശ്യമാണ്. തൊഴിൽ മേഖലയിലെ അസമത്വം അവസാനിപ്പിക്കുന്നതിന് വേണ്ടത്ര ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. അദ്ധ്വാനത്തിനനുസൃതമായി സ്ത്രീകൾക്ക് വേതനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ വേണ്ട നടപടികൾ അനിവാര്യമാണ്. സമൂഹത്തിലെ സ്ഥാനമാണ്വനിതകളെ അലട്ടുന്ന മറെറാരു പ്രശ്നം. സാമൂഹിക സമത്ത്വവും അവസര സമത്ത്വവും ഉറപ്പ് വരുത്തേണ്ടതാണ് സ്ത്രീകളുടെ ഉന്നമനത്തിന് ആവശ്യമാണ്.

### കയ്പറമ്പ് പഞ്ചായത്തിലെ തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീ-പുരുഷന്മാരുടെ പങ്കാളിത്തം

| നമ്പർ | തൊഴിൽ മേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|---|
| 1 | കാർഷിക മേഖല | 826 | 1024 |
| 2 | കുടിൽ വ്യവസായം | 234 | 332 |
| 3 | കെട്ടിട നിർമ്മാണം | 351 | 267 |
| 4 | വ്യാപാരം | 468 | 1447 |
| 5 | സർവ്വീസ് മേഖല | 562 | 730 |
| 6 | വ്യാവസായിക മേഖല | 703 | 967 |

### നിർദ്ദേശങ്ങളും സാധ്യതകളും

1. വനിതാ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക.
2. സമ്പൂർണ മദ്യ നിരോധനം നടപ്പിലാക്കിയാൽ ഇന്ന് സ്ത്രീകളെ അലട്ടുന്ന പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കപ്പെടും.
3. സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന അശ്ലീല പോസ്റററുകളും പ്രസിദ്ധീകരണങ്ങളും നിരോധിക്കുക.
4. തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് തുല്യ വേതനം ഉറപ്പു വരുത്തുക.
5. മഹിളാ സമാജങ്ങളും വനിതാ സഹകരണ സംഘങ്ങളും സ്ഥാപിക്കുക.
6. സ്ത്രീകൾക്ക് സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുക.
7. സ്ത്രീധനത്തിനെതിരെയും, സ്ത്രീ മർദ്ദനത്തിനെതിരെയും നടപടികൾ സ്വീകരിക്കുക.

□

# ധനകാര്യം, വിഭവസമാഹരണം

വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കണമെങ്കിൽ പഞ്ചായത്തുകൾക്ക് പണം വേണം. വിഭവ സമാഹരണത്തിന്റെ സാധ്യതകൾ മനസ്സിലാക്കി മാത്രമേ പദ്ധതികൾക്കു രൂപം കൊടുക്കുവാൻ കവിയൂ. ആയതിനാൽ, പഞ്ചായത്തിന്റെ ധനാഗമനമാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് അറിയണം. പണം എങ്ങിനെയാണ് ചിലവഴിക്കുന്നത് എന്നും മനസ്സിലാക്കണം. വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ അന്വേഷിക്കണം. പണം ചെലവഴിക്കുന്ന രീതിയിൽ മാറ്റം വരുത്തിയാൽ കൂടുതൽ പ്രയോജനം സിദ്ധിക്കുമോ എന്നും പരിശോധിക്കണം. ഇതിനായി പഞ്ചായത്തിന്റെ വരവുചിലവുകണക്കുകൾ വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട്.

കൈപ്പറമ്പ് ഒന്നാം ഗ്രേഡ് പഞ്ചായത്താണ്. പട്ടിക 1ൽ പഞ്ചായത്തിന്റെ 1995-96 ലെ വരിവിനങ്ങൾ സൂചിപ്പിച്ചിരിക്കുന്നു.

പട്ടിക 1 - വരവ് സംബന്ധിച്ച വിവരങ്ങൾ 1995-96

| ഇനം | വരവ് | ശതമാനം |
|---|---|---|
| കെട്ടിടനികുതി | 411889 | 21.6 |
| തൊഴിൽനികുതി | 166500 | 8.7 |
| വിനോദനികുതി | 52821 | 2.8 |
| ലൈസൻസ് ഫീസ് | 15327 | 0.8 |
| വസ്തു കൈമാറ്റ നികുതി | 164445 | 8.6 |
| സർക്കാർ ഗ്രാന്റ് | 886903 | 46.5 |
| ഡെപ്പോസിറ്റ് | 33280 | 1.7 |
| മറ്റുള്ളവ | 175479 | 9.2 |
| | 1906644 | 100 |

പഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ പ്രധാന സ്രോതസ്സ് കെട്ടിടനികുതിയാണ്. ആകെ വരുമാനത്തിന്റെ 21.6 ശതമാനംവരും. തൊഴിൽ നികുതി, വിനോദ നികുതി എന്നിവയിൽനിന്നും വളരെക്കുറച്ചു വരുമാനമേയുള്ളു. പഞ്ചായത്ത് വരുമാനത്തിനായി പ്രധാനമായി ആശ്രയിക്കുന്ന സർക്കാർ ഗ്രാന്റുകളെയാണ്(46.5 ശതമാനം). ഇത് ജെ.ആർ.വൈയും അൺടൈഡ് ഫണ്ടും ഉൾപ്പെടെയാണ്. ഗ്രാന്റായി ലഭിച്ചതിൽ അൺടൈഡ് ഫണ്ട് 34.1 ശതമാനം മാത്രമേ വരൂ. പഞ്ചായത്തിന്റെ സാധാരണ വരുമാനം (പഞ്ചായത്ത് നികുതികൾ, ലൈസൻസ് ഫീസ്, വസ്തു കൈമാറ്റ നികുതി) മൊത്തം വരുമാനത്തിന്റെ 42.5 ശതമാനം മാത്രമേയുള്ളു. ലൈസൻസ് ഫീസിനത്തിൽ വളരെ തുച്ഛമായ തുകമാത്രമേ പഞ്ചായത്തിനു ലഭിക്കുന്നുള്ളു. 0.8 ശതമാനം. ആകെ 42 സ്ഥാപനങ്ങളാണ് ഈ വിഭാഗത്തിലുള്ളത്. പഞ്ചായത്തിന്റെ മൊത്തം

വരുമാനം ശതമാനമായി ചിത്രം 1ൽ വിശദീകരിച്ചിരിക്കുന്നു.




ചിത്രം 1.

1. കെട്ടിട നികുതി
2. തൊഴിൽ നികുതി
3. വിനോദ നികുതി
4. ലൈസൻസ് ഫീസ്
5. ഡെപ്പാസിറ്റ്
6. മറ്റുള്ളവ
7. സർക്കാർ ഗ്രാന്റ്

കഴിഞ്ഞ അഞ്ചുവർഷത്തെ സർക്കാർ ഗ്രാന്റ് ഒഴികെയുള്ള വരുമാനമാണ് താഴെ പട്ടികയിൽ നൽകിയിരിക്കുന്നത്

പട്ടിക 2 - പഞ്ചായത്ത് വരുമാനം

| വർഷം | തുക | വാർഷിക വർദ്ധനനിരക്ക് |
|---|---|---|
| 1991-92 | 786578 | |
| 1992-93 | 917433 | 16.6 |
| 1993-94 | 980514 | 6.9 |
| 1994-95 | 1107940 | 13.0 |
| 1995-96 | 1019741 | -7.9 |

പഞ്ചായത്തിന്റെ വരുമാനത്തിന്റെ വർദ്ധനയിൽ വലിയ വ്യതിയാനം കാണാൻ കഴിയുന്നുണ്ട്. പഞ്ചായത്തിന്റെ സാധാരണ വരുമാനത്തിൽ ചിലവർഷങ്ങളിൽ കുറവും കാണപ്പെടുന്നു. പഞ്ചായത്തിന്റെ വരുമാനം ക്രമാനുഗതമായി വർദ്ധിക്കേണ്ടതാണ്. ശരാശരി വാർഷിക വർദ്ധന കേവലം 6 ശതമാനം മാത്രമേ യുള്ളൂ.



പഞ്ചായത്തിന്റെ ചെലവുസംബന്ധിച്ച വിശദാംശങ്ങളാണ് പട്ടിക 3 ൽ നല്കിയിട്ടുള്ളത്.

പഞ്ചായത്തിന്റെ ഭരണചെലവ് മൊത്തം ചെലവിന്റെ 1/3 ആണ്. ഇത് പഞ്ചായത്തിന്റെ സാധാരണ വരുമാനത്തിന്റെ (Normal income) 71.2 ശതമാനം വരും. ചെലവിന്റെ 35 ശതമാനത്തോളം പൊതുമരാമത്ത് പണികളിലാണ്. പൊതുമരാമത്തിന്റെ 75 ശതമാനവും റോഡുകൾക്കായി ചെലവഴിക്കുന്നു. ചെലവിന്റെ 7 ശതമാനം തെരുവുവിളക്കുകളിലാണ്.

**പട്ടിക 3. ചെലവ് സംബന്ധിച്ച വിവരങ്ങൾ**

| ഇനം | ചെലവ്(പ) | ശതമാനം |
|---|---|---|
| ഭരണം | 577061 - 80 | 33.75 |
| പൊതുമരാമത്ത് | 595833 - 30 | 34.85 |
| വിദ്യാഭ്യാസം | 33121 - 05 | 1.93 |
| ജലവിതരണം | | |
| ഓടകൾ, പൊതുജനാരോഗ്യം | 50590 - 00 | 2.96 |
| തെരുവുവിളക്കുകൾ കത്തിക്കുന്നത് | 119805 - 00 | 7.00 |
| മറ്റുള്ളവ | 335011 - 00 | 19.56 |
| ആകെ | 1709422-15 | 100 |

ചിത്രം 2




(1.) ഭരണം (2) വിദ്യാഭ്യാസം (3) ജലവിതരണം

(4) ഓടകൾ, പൊതുജനാരോഗ്യം

(5) തെരുവുവിളക്കുകൾ കത്തിക്കുന്നത്

(6) മറ്റുള്ളവ

ഭരണച്ചിലവുകൾ ഒഴിച്ചുനിർത്തിയാൽ പഞ്ചായത്തിന്റെ ചെലവ് റോഡ്, തെരുവുവിളക്ക്, ജലവിതരണം എന്നീ കാര്യങ്ങൾക്കായി ചിലവഴിക്കുന്നു വെളിവാകുന്നു. കേരളത്തിലെ ഏതാണ്ട് എല്ലാ പഞ്ചായത്തുകളുടേയും ചെലവിന്റെ രീതി ഇതാണ്. ഉൽപ്പാദനത്തെ നേരിട്ടുസഹായിക്കുന്ന കാർഷിക, വ്യാവസായിക തുറകളിൽ കാര്യമായി യാതൊരു ചെലവും നടത്തുന്നില്ല.

പഞ്ചായത്തിന്റെ ചെലവുകൾ ശതമാനത്തിൽ ചിത്രം 2 ൽ കാണിച്ചിരിക്കുന്നു.

പഞ്ചായത്തിലെ കഴിഞ്ഞ ആറു വർഷങ്ങളിൽ ചെലവഴിച്ച ആൺ ടൈഡ്ഫണ്ടിന്റെ തുക പട്ടിക 4 ൽ നല്കിയിരിക്കുന്നു.

**പട്ടിക 4**

| വർഷം | പൊതുവിൽ | എസ്.സി.പി | ആകെ | വാർഷിക വർദ്ധന |
|---|---|---|---|---|
| 1990-91 | 120000 | 50000 | 170000 | |
| 1991-92 | 125000 | 51000 | 176000 | 3.5 |
| 1992-93 | 128000 | 56000 | 184500 | 4.5 |
| 1993-94 | 122600 | 70000 | 192600 | 4.3 |
| 1994-95 | 218100 | 76000 | 294100 | 52.6 |
| 1995-96 | 196300 | 106400 | 302,700 | 2.9 |

അൺ ടൈഡ് ഫണ്ടിന്റെ ചിലവഴിച്ച വരുമാനവും ചിലവും ഒന്നുതന്നെയാണ്. 1994-95 കാലത്ത് മാത്രമേ ഈ വരുമാനത്തിൽ വലിയ ഒരു വർദ്ധനവ് ഉണ്ടായിട്ടുള്ളൂ. ഈ വരുമാനത്തിന്റെ വർദ്ധനയുടെ നിരക്ക് വളരെ കുറവാണ്. പഞ്ചായത്തിന് ഇഷ്ടം അനുസരിച്ചു ചിലവഴിക്കാനുള്ള ഒരു സ്രോതസ്സാണ് ഇത്. ഈ പണത്തിൽ സിംഹഭാഗവും മരാമത്ത് പണികൾക്കാണ് വിനിയോഗിച്ചിട്ടുള്ളത്. മരാമത്ത് പണിയിൽ സിംഹഭാഗവും റോഡിനും.

ജെ.ആർ.വൈ പദ്ധതിയിലെ കഴിഞ്ഞ അഞ്ചു വർഷത്തെ ചെലവ്

**പട്ടിക 5**

| | തുക | ജനറൽ | ശതമാനം | പട്ടികജാതി /പട്ടികവർഗ്ഗം | ശതമാനം |
|---|---|---|---|---|---|
| 1991-92 | 382798 | 324598 | 85.0 | 58200 | 1500 |
| 1992-93 | 402092 | 355692 | 88.5 | 46400 | 11.5 |
| 1993-94 | 427250 | 325750 | 76.2 | 101500 | 23.8 |
| 1994-95 | 300730 | 239330 | 79.5 | 61400 | 20.5 |
| 1995-96 | 274800 | 193400 | 704 | 81400 | 29.6 |
| ആകെ | 1787670 | 1438770 | 80.5 | 348900 | 19.5 |

ജെ.ആർ.വൈ. പദ്ധതിയിലൂടെ നടത്തിയ ചെലവിന്റെ വിവരങ്ങളാണ് പട്ടികയിൽ നൽകിയിരിക്കുന്നത്.

ആകെ ചെലവിന്റെ 80.5 ശതമാനം പൊതുവിഭാഗത്തിലും ശേഷിച്ചത് പട്ടികജാതി വിഭാഗത്തിലുമാണ് ചെലവഴിച്ചിട്ടുള്ളത്. പൊതുവിഭാഗത്തിൽ ചെലവഴിച്ചതിൽ ഒന്നൊഴികെയെല്ലാം റോഡുകളിലാണ്. മുണ്ടൂർ-ആശാരിപ്പുറം നിർമ്മാണത്തിനായാണ് 94-95ൽ പണം ചെലവുചെയ്തത്. പട്ടിക ജാതി വിഭാഗത്തിനായി ഈ കാലയളവിൽ 18 വീടുകളും 76 കക്കൂസുകളും നിർമ്മിച്ചു നല്കിയിട്ടുണ്ട്.

പൊതു വിഭാഗത്തിൽ പണം ചെലവഴിക്കുന്നത് സാമൂഹ്യ ആസ്തിനിർമ്മാണത്തിനാണ്. എന്നാൽ ഇതിൽ റോഡുകൾക്കാണ് ഏതാണ് മുഴുവൻ പണവും ചെലവഴിക്കുന്നത്. ജെ.ആർ.വൈ യിലൂടെ പണം ചെലവഴിക്കുന്നത് കൂടുതൽ ഫലപ്രദമാക്കുന്നതിന് മറ്റുതുറകളിൽ ചെലവ് ചെയ്യുന്നതിന് ശ്രമിക്കുന്നത് അഭികാമ്യമായിരിക്കും. ഉൽപ്പാദനത്തെ നേരിട്ട് സഹായിക്കുന്ന മറ്റു തുറകളിലേക്കും ശ്രദ്ധ. നല്കേണ്ടിയിരിക്കുന്നു.

**പ്രശ്നങ്ങൾ സാധ്യാതകൾ**

പഞ്ചായത്തിന്റെ തനതു വരുമാനം വളരെ പരിമിതമാണ്. കെട്ടിട നികുതിയാണ് പ്രധാനവരുമാനമാർഗ്ഗം. ഈ സ്രോതസ്സിൽ വർദ്ധന സാധ്യത കുറവാണ്.

ലൈസൻസ് ഫീസ് ഇനത്തിൽ വളരെക്കുറച്ച് തുക മാത്രമേ ലഭിക്കുന്നുള്ളൂ. എല്ലാ വ്യാപാര വ്യവസായ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നില്ല. വളരെ വർഷങ്ങൾക്കുമുമ്പ് തീരുമാനിച്ചനിരക്കാണ് ഇപ്പോഴും പ്രാബല്യത്തിലുള്ളത്.

സർക്കാർ ഗ്രാന്റ് കൃത്യമായി എത്രയെന്ന് അറിയാൻ കഴിയാത്ത അവസ്ഥയാണ്. വസ്തു കൈമാറ്റ നികുതിയുടെ 25%ത്തിന്റെ വിഹിതമായി പലവർഷങ്ങളിലും ഒന്നും ലഭിക്കാറില്ല.

പ്രത്യുൽപ്പാദനപരമല്ലാത്ത തുറകളിലാണ് പഞ്ചായത്തിന്റെ ചെലവ് കൂടുതലും.

പരസ്യനികുതി സാധ്യത ഉപയോഗിക്കുന്നില്ല.

നിയമപ്രകാരം തൊഴിൽ നികുതി പിരിക്കേണ്ട എല്ലാവരിൽനിന്നും തൊഴിൽനികുതി പിരിക്കുന്നില്ല. 60 ദിവസത്തിൽകൂടുതൽ ഒരു പ്രദേശത്തു താമസിച്ച് തൊഴിലിലോ, ബിസിനസ്സിലോ ഏർപ്പെടുന്ന എല്ലാവരിൽനിന്നും തൊഴിൽ നികുതി പിരിക്കാവുന്നതാണ്.

അറ്റകുറ്റപണികൾക്കായി വളരെപണം പഞ്ചായത്ത് ചിലവഴിക്കുന്നുണ്ട്. നടപ്പിലാക്കുന്ന പണികളുടെ മേന്മ ഉറപ്പാക്കേണ്ടതുണ്ട്. ആവർത്തനചിലവ് കുറക്കുവാൻ ഇത് സഹായകമാവും.

കേരളത്തിലെ പഞ്ചായത്ത് രാജ് അനുവദിക്കുന്ന രീതിയിൽ സേവന നികുതി ഈടാക്കാവുന്നതാണ്. കേബിൾ ടി.വി.യെ പഞ്ചായത്ത് നികുതി വലയത്തിൽ കൊണ്ടുവരേണ്ടതാണ്.

പരസ്യബോർഡുകൾ, ബാനറുകൾ എന്നിവ സ്ഥാപിക്കുന്നതിന് ഫീസ് ഈടാക്കിയാൽ ഇത് ഒരു പ്രധാന വരുമാനമാർഗ്ഗമായിരിക്കും.

പഞ്ചായത്ത് ഈടാക്കുന്ന ലൈസൻസ് ഫീസ് വളരെ കുറവും വളരെ വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ചവയുമാണ്. ഇത് കാലോചിതമായി പരിഷ്കരിക്കണം.

ശരിയായ പരിശോധനനടത്തി വിനോദ നികുതിയിനത്തിൽ കൂടുതൽ വരുമാനംനോടാൻ കഴിയുമോയെന്ന് പരിശോധിക്കണം.

വസ്തുകൈമാറ്റ നികുതി നേരിട്ട് പഞ്ചായത്തുകൾക്ക് കൈമാറുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണം. ഇതിനായി സർക്കാർ തലത്തിൽ തീരുമാനം എടുപ്പിക്കുന്നതിനുള്ള ശ്രമം ഉണ്ടാവണം.

വലിയ കെട്ടിടങ്ങൾ കെട്ടുന്നവരിൽനിന്നും (2500 സ്ക്വയർ ഫീറ്റിനുമുകളിൽ) ഒരു പിഴ നികുതി ഈടാക്കേണ്ടതാണ്. ഇതുപയോഗിച്ച് പാവപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനായി സാമ്പത്തിക സഹായം നല്കാം.

പരമാവധി തൊഴിൽ നികുതി പിരിച്ചെടുക്കാൻ കഴിയണം. സർക്കാരിന്റെ നിർദ്ദേശങ്ങൾ പ്രകാരം നികുതി ചുമത്താൻ കഴിയുന്ന എല്ലാവിഭാഗം ജനങ്ങളിൽനിന്നും നികുതി ഈടാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ചെലവിന്റെ രീതിയിൽ മാറ്റം ആവശ്യമാണ്. കാർഷിക അഭിവൃദ്ധിക്ക് സഹായിക്കുന്ന രീതിയിൽ കൂടുതൽ പ്രയോജനകരമായി പണം ചെലവഴിക്കേണ്ടതുണ്ട്. നാട്ടിലെ വരുമാന വർദ്ധന പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായിക്കും.

പഞ്ചായത്ത് പണികൾക്ക് പൂർണ്ണമായും കോൺട്രാക്റെ ആശ്രയിക്കുന്ന അവസ്ഥ മാറണം. ചെലവഴിക്കുന്ന പണം ഇടത്തട്ടിൽ ചോർന്നുപോവാതിരിക്കണമെങ്കിൽ ജനകീയ കമ്മിറ്റികളിൽ ഇത്തരം പ്രവർത്തനം പ്രാദേശികമായി നടത്തണം. ഇപ്രകാരം ജനകീയ കമ്മിറ്റികൾക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ അവരെത്തന്നെ ഏല്പിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളെ സഹായിക്കേണ്ട പ്രധാന സ്ഥാപനമായി സഹകരണ ബാങ്കുകൾ മാറണം. ജനകീയ നേതൃത്വത്തിലുള്ള കമ്മിറ്റികൾ ഭരിക്കുന്ന ഈ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് വായ്പനല്കുന്നതിന് തയ്യാറാക്കണം. കോൺട്രാക്ടർമാരെ അമിതമായി ആശ്രയിക്കേണ്ടിവരുന്നതിന്റെ ഒരു കാരണം, പഞ്ചായത്തുകൾക്ക് അത്യാവശ്യമായി ചെയ്തു തീർക്കേണ്ട പ്രവർത്തനങ്ങൾക്ക് പണം കയ്യിലില്ലാത്തതാണ്. ഈത്തരത്തിൽ സഹകരണ ബാങ്കുകൾ പണം നല്കു

വാൻ തയ്യാറായാൽ ജനകീയ കമ്മിറ്റികളിൽകൂടി പണി ചെയ്യിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കഴിയും. ചെലവുചെയ്യുന്ന പണം കൂടുതൽ ഫലം നല്കുവാൻ ഈ നടപടി ഉപകരിക്കും.

ഇന്ദിര വികാസ് പത്രയിലൂടെ ശേഖരിക്കുന്ന പണത്തിന്റെ 25 ശതമാനം വനപ്രദേശത്തിന്റെ വികസനത്തിനായി വിനിയോഗിക്കുവാൻ ലഭ്യമാവും. പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ വ്യാപകമായനിക്ഷേപ സമാഹരണം ഈ തുറയിലുണ്ടാക്കാൻ കഴിയണം. കൂടാതെ ഇതു ശേഖരിക്കുന്ന മഹിളാപ്രധാൻ ഏജന്റ്സിന് വരുമാനം സൃഷ്ടിക്കുന്നതിനും സഹായിക്കും

സന്നദ്ധ പ്രവർത്തനവും സംഭാവനയും വികസന പ്രവർത്തനത്തിന്റെ ഒരു പ്രധാന സ്രോതസ്സായി മാറ്റണം. പഞ്ചായത്തിന്റെ എല്ലാത്തരത്തിലുള്ള വികസന പ്രവർത്തനങ്ങൾക്കും അദ്ധ്വാനമായോ പണമായോ ശേഖരിക്കുവാൻ കഴിയണം. എല്ലാം പഞ്ചായത്ത് ചെയ്തുതരണം എന്ന ജനങ്ങളുടെ കാഴ്ചപ്പാട് മാറണം. ജനകീയ പ്രസ്ഥാനത്തിന്റെ പ്രവർത്തനഫലമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആവേശം ഇത്തരത്തിൽ പ്രയോജനപ്പെടുത്തുവാൻ കഴിയണം.

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

തൃശൂർ ജില്ലയുടെ വടക്കുപടിഞ്ഞാറു ഭാഗത്തു സ്ഥിതിചെയ്യുന്ന കൈപ്പറമ്പു പഞ്ചായത്തിൻെറ മൊത്തം ജനസംഖ്യാനുപാതത്തിൽ പട്ടികജാതിക്കാരുടെ അനുപാതം വളരെകുറവാണെങ്കിലും പൊതുജന പങ്കാളിത്തത്തിലുള്ള അവരുടെ പങ്ക് നിർണ്ണായകമാണ്. എന്നാൽ പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം ഈ പഞ്ചായത്തിൽ പരിപൂർണ്ണമായും ഇല്ലെന്നു തന്നെ പറയാം. നിലനിലുള്ള സ്ഥിതിവിവര കണക്കുകൾ അനുസരിച്ച് കൈപ്പറമ്പ് പഞ്ചായത്തിൻെറ വിവിധ മേഖലകളിലായി ഒൻപത് ഹരിജൻ കോളനികൾ ഉണ്ട്. മൊത്തം 344 ഹരിജൻ കുടുംബങ്ങളിലായി 2454 ജനങ്ങൾ ഉണ്ട് 1178 പുരുഷൻമാരും 1276 സ്ത്രീകളും ആണ് ഇവരുടെ ആളോഹരിവരുമാനം പൊതുവെ ശോചനീയ അവസ്ഥയിലാണെങ്കിലും സാമ്പത്തികമായും ഉദ്യോഗപരമായും, വിദ്യാഭ്യാസപരമായും ഉന്നതനിലവാരം പുലർത്തുന്നവരും ഉണ്ട്

**കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ - 1996**

| വാർഡ് നമ്പർ | ആൺ | പെൺ | ആകെ |
|---|---|---|---|
| I | 132 | 149 | 281 |
| II | 133 | 157 | 294 |
| III | 232 | 268 | 500 |
| IV | 110 | 106 | 216 |
| V | 90 | 111 | 201 |
| VI | 192 | 185 | 377 |
| VII | 122 | 139 | 261 |
| VIII | 50 | 39 | 89 |
| IX | 54 | 53 | 107 |
| X | 59 | 69 | 128 |
| ആകെ | 1178 | 1276 | 2454 |

കോളനികളെ കുറിച്ചു പരാമർശിക്കുമ്പോൾ മിക്ക കോളനികളിലും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലെന്നുപറയാം. ശുദ്ധജലം വൈദ്യുതി എന്നിവയുടെ അഭാവവും പല കോളനികളിലും ദൂരീകരിക്കപ്പെട്ടിട്ടില്ല. പൊതുവായ കിണറുകളും ടാപ്പുകളും ഇല്ലാത്തതുകൊ. പല ഹരിജൻ കോളനികളിലും ഫെബ്രുവരി മുതൽക്കു തന്നെ വരൾച്ചയുടെ രൂക്ഷത അനുഭവപ്പെടുന്നു. മൊത്തത്തിൽ അവരുടെ ജീവിതനിലവാരം താരതമ്യേന ശോചനീയമാണ്.

ഇവരുടെ വിദ്യാഭ്യാസ നിലവാരത്തെ കുറിച്ചു പറയുകയാണെങ്കിൽ പുരുഷൻമാരിൽ 83.28% വും സ്ത്രീകളിൽ 77.8% വും സാക്ഷരരാണ്. പക്ഷെ വൃദ്ധജനങ്ങളിൽ ബഹുഭൂരിഭാഗവും അക്ഷരജ്ഞാനമില്ലാത്തവരാണ് അവരെ ഇപ്പോഴും അടക്കിവാഴുന്നത് പാരമ്പര്യമാമൂലുകൾ തന്നെയാണ്. അവരുടെ കുട്ടികൾ വിദ്യാഭ്യാസപരമായി താരതമ്യേന താഴ്ന്നനിലവാരം പുലർത്തുന്നവരാണ്. പലരും ഹയർസെക്കൻററിയോടുകൂടി വിദ്യാഭ്യാസമേഖലയോടു വിടപറയുന്നു. പലരും അവർക്കുലഭിക്കുന്ന ആനുകൂല്യങ്ങളെ ശരിയായവിധം ഉപയോഗപ്പെടുത്താറില്ല. വളരെചുരുങ്ങിയവിഭാഗം മാത്രമാണ് കലാലയജീവിതത്തിൽ പ്രവേശിക്കുന്നത്. അഭ്യസ്തവിദ്യരായിട്ടും അവർക്ക് അർഹതപ്പെട്ട തൊഴിലുകൾ ലഭിക്കാത്തതുതന്നെയാണ് ഒരു പരിധിവരെ ഈ വിദ്യാഭ്യാസവിമുഖതക്ക് കാരണം എന്നു പറയാം.

തൊഴിൽപരമായി ഈ വിഭാഗം പിന്നോക്കാവസ്ഥയിലാണ്. ബഹുഭൂരിഭാഗം പേരും കൂലിപ്പണിയെ ആശ്രയിച്ചാണ് ഉപജീവനമാർഗ്ഗം തേടുന്നത്. ഇന്ന് കാർഷികമേഖലയിൽ ഇവരുടെ പങ്കാളിത്തം വളരെ കുറവാണ്. വൃദ്ധജനങ്ങൾ മാത്രമാണ് പാരമ്പര്യതൊഴിലിൽനിന്നും ഉപജീവനം തേടുന്നത്. യുവജനങ്ങൾ പാരമ്പര്യ തൊഴിലിനോട് വിമുഖത കാണിക്കുന്നു. ഒരു ന്യൂനവിഭാഗം ഇതിൽ നിന്നും വ്യത്യസ്തമായി സർക്കാർ സ്വകാര്യതലങ്ങളിൽ ഉന്നത ഉദ്യോഗങ്ങൾ വഹിക്കുന്നവരും ഉണ്ട്. ഇവർ സാമ്പത്തികവും, സാമൂഹികവും, വിദ്യാഭ്യാസപരമായും ഉന്നത നിലവാരവും പുലർത്തിപ്പോരുന്നു. ഗവൺമെൻറിൽ നിന്നും ലഭിക്കുന്ന ഈ ആനുകൂല്യങ്ങളും, സഹായങ്ങളും അജ്ഞതകൊണ്ടും, ബോധവൽക്കരമണ കുറവുകൊണ്ടും പലർക്കും വേണ്ടവിധം ഉപയോഗപ്രദമായി വിനിയോഗിക്കാൻ കഴിയുന്നില്ല. ഹരിജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നിലകൊള്ളുന്ന ഹരിജൻ സഹകരണ സംഘവും ലെബർ കോൺട്രാക്ട് സംഘവും എല്ലാ ഹരിജനങ്ങൾക്കും ഉപയോഗപ്രദമായരീതിയിൽ കാര്യക്ഷമമാക്കേണ്ടതാണ്.

സാംസ്കാരിക രംഗത്ത് ഈ പഞ്ചായത്തിൽ ഹരിജനങ്ങൾ നിർണ്ണായകമായ സ്ഥാനം നിലനിർ

ത്തുന്നുണ്ട് ഈ വിഭാഗത്തിലെ സാക്ഷരരിൽ 10% പേരും ബഹുജനസംഘടനകളുടെ നേതൃത്വത്തിലും, അതിനോടനുബന്ധിച്ചും പ്രവർത്തിക്കുന്നതായി കാണാം. ഇന്ന് മരിച്ചുകൊണ്ടിരിക്കുന്നതും ജീർണ്ണിച്ച തുമായ ഒരുപാട് നാടൻകലകൾ ഈ വിഭാഗക്കാരുടെ തനതു കലകളായി കൈപ്പറമ്പ് പഞ്ചായത്തിൽ നില നിൽക്കുന്നു എന്നത് അഭിമാനാർഹമാണ്. തെയ്യം, തിറ, പൂതൻ, കാള കളി, ആണ്ടികളി ശങ്കരനായാടി കളി....... എന്നിങ്ങനെ ഒരുപാട് നാടൻകളികളുടെയും, നാടൻപാട്ടുകളുടെയും, മുളയും, ചൂരലും ഉപയോഗിച്ചുള്ള പല തരത്തിലും കരകൗസലവസ്തുക്കളുടെയും വിജ്ഞാനഭണ്ഡാകാരങ്ങളാണ് ഈ പഞ്ചായത്തിലെ തലമൂത്ത ഹരിജൻ കാരണവൻമാർ എന്ന് ഉറപ്പിച്ചു പറയാം. വളർത്തുമൃഗങ്ങളെ ആരാധിക്കുന്ന പതിവ് ഇവർ ഇപ്പോഴും പുലർത്തിപ്പോരുന്നു. കന്നിമാസത്തിലെ ആയില്ല്യം,മകം എന്നിലക്ക് മൃഗങ്ങളെ കുറിച്ചാർത്തുന്ന പതിവും 'പോത്തോട്ടവും' ഇന്നും ആചരിച്ചുവരുന്നു.

സാമൂഹികപരമായി ഇവർ ഇന്നും പിന്നിൽ തന്നെയാണ്. വാക്കുകൾകൊണ്ട് സാമൂഹികപരമായ ഉച്ചനീചത്വം ഇവിടെ നിലനിൽക്കുന്നില്ലെന്ന് പറയുന്നുണ്ടെങ്കിലും അക്ഷരാർത്ഥത്തിൽ ഒരു പരിധിവരെ ഇവിടെ അതും നിലനിൽക്കുന്നുണ്ട്. ഒരു ജാതി ഒരു മതം എന്നഗുരുദേവ വചനങ്ങൾ പാലിക്കുന്ന വിധത്തിലാണ് മറ്റു സമുദായക്കാർക്ക് ഇവരുടെ നേരെയുള്ള സമീപനം എങ്കിലും പൊതു വേദികളിലും, പാർട്ടികളിലും ഇവർക്കുള്ള പങ്കാളിത്വം കുറവാണ്. മാത്രമല്ല സാമുദായികമായും, സാമ്പത്തികമായും മേലേക്കിടയിൽ നിൽക്കുന്നവരിൽ പലരും ഹരിജനങ്ങളെ ഇന്നും വേർതിരിച്ചുതന്നെ കാണുന്നു എന്നു പറയേണ്ടി വരുന്നു.

## ഗ്രാമസഭാ നിർദ്ദേശങ്ങളും, സാധ്യതകളും:-

1. ഹരിജൻ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
2. കോളനികൾ അല്ലാതെ ഹരിജനങ്ങൾ കൂട്ടമായി താമസിക്കുന്നിടങ്ങളിൽ പ്രത്യേക ശ്രദ്ധ കൊടുത്ത് പദ്ധതികൾ നടപ്പിലാക്കുക.
3. പഞ്ചായത്തിൽ ഇപ്പോഴും വീടില്ലാത്ത ഈ വിഭാഗത്തിൽ പെടുന്നവർ ഉണ്ട്. അവർക്ക് വീടുവെക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക.
4. ഈ വിഭാഗക്കാരുടെ വിദ്യാഭ്യാസം സ്ക്കൂൾ നിലവാരത്തിൽ നിന്നു പോവുകയാണ് പതിവ്. തുടർ വിദ്യാഭ്യാസത്തിന് വേണ്ട പ്രോത്സാഹനം കൊടുക്കുക.
5. സ്വന്തമായി സ്ഥലമില്ലാത്ത ഹരിജനങ്ങൾക്ക് പഞ്ചായത്തിൻെറ കീഴിലുള്ള മിച്ചഭൂമികൾ പതിച്ചുനൽകുക.
6. ഈ വിഭാഗങ്ങളിൽപ്പെട്ട നിരവധി ആളുകൾ പഴയകാല നാടൻകലകളിൽ പ്രാവീണ്യം ഉള്ളവരാണ്. ഈ കലകൾക്ക് പ്രോത്സാഹനവും, സംരക്ഷണവും നൽകുകയും ചെയ്യുന്നതിനു പുറമേ ഇത്തരം കലാകാരൻമാർക്ക് ഗവൺമെൻറ് നൽകുന്ന പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കണം.
7. I.H.T.P കോളനികൾക്ക് ലഭിക്കുന്ന എല്ലാവിധ സർക്കാർ ആനുകൂല്യങ്ങളും ഈ പഞ്ചായത്തിൽ താമസിക്കുന്ന മുഴുവൻ ഹരിജനങ്ങൾക്കും ലഭ്യമാകണം.
8. മുഴുവൻ ഹരിജൻ കോളനികളിലും ക്ഷേമപ്രവർത്തനത്തിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും, ബാലവാടികളും, നഴ്സറി സ്ക്കൂളുകളും ആവശ്യമാണ്.
9. ഈ പഞ്ചായത്തിലെ ഹരിജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ ധൃതഗതിയിൽ നടപ്പിലാക്കാൻ പഞ്ചായത്ത് തലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ ഓഫീസ് സ്ഥാപിക്കണം.
10. ഈ പഞ്ചായത്തിലെ എല്ലാ ഹരിജൻ കോളനിയിലും വാർത്താമാധ്യങ്ങളിലൂടെ അറിവ് നേടുന്നതിന് വേണ്ടി ടെലിവിഷൻ സെൻററുകൾ സ്ഥാപിക്കണം.
11. പഞ്ചായത്തിൽ വിവിധ മേഖലകൾ കണ്ടെത്തി തൊഴിൽ ലഭിക്കുന്നതിന് വേണ്ട വിവിധയിന, ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
12. ഹരിജൻ കുടുംബങ്ങൾ താമസിക്കുന്ന സ്ഥലങ്ങളിലെ സഞ്ചാരയോഗ്യമല്ലാത്ത വഴികൾ കണ്ടെത്തി സഞ്ചാരയോഗ്യമാക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുക. യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
13. പഞ്ചായത്തിൽ ജാതി അടിസ്ഥാനത്തിൽ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരുന്ന, പായ് നെയ്ത്ത്, കൊട്ട നെയ്ത്ത് എന്നിങ്ങനെയുള്ള വിവധയിനം തൊഴിലുകൾ പരിപോക്ഷിക്കുന്നതിനും അവയ്ക്ക് ഒരു വിപണി കണ്ടെത്തേണ്ടതും ആവശ്യമാണ്.
14. പഞ്ചായത്തിൽ ഹരിജന കുടുംബങ്ങൾ തിങ്ങി പാർക്കുന്ന പരിസരത്ത് സ്ഥിതിചെയ്യുന്ന മദ്യഷാപ്പുകൾ നീക്കം ചെയ്യണം.
15. ജാതി അടിസ്ഥാനത്തിൽ കാണിക്കുന്ന അവഗണന മാറ്റിയെടുക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക.
16. ബാങ്കുകളിൽ സഹായത്തിന് വേണ്ടി സമീപിക്കുന്ന ഹരിജനങ്ങൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കണ്ടെത്തേണ്ടതാണ്.
17. ജീർണ്ണിത അവസ്ഥയിലൂടെ സ്ഥിതിചെയ്യുന്ന ഹരിജൻ ക്ഷേത്രങ്ങൾ പുനഃരുദ്ധിരിപ്പിക്കേണ്ടതാണ്.
18. കോളനികളെ ലെറ്റർ സൗകര്യങ്ങളും അതുപോലെ തന്നെ പബ്ലിക് ടെലിഫോൺ ബൂത്തുകളും അത്യാവശ്യമാണ്.
19. കോളനികളിൽ താമസിക്കുന്നവരുടെ വിവാഹ, അടിയന്തിര ആവശ്യങ്ങൾക്ക് വേണ്ടി കമ്മ്യൂണിറ്റിഹാൾ പണിതീർക്കേണ്ടതാണ്.
20. ഹരിജന കോളനികളിൽ ആവശ്യമാണ് എന്ന് ബോധ്യപ്പെടുകയാണെങ്കിൽ റേഷൻകടകൾ സ്ഥാപിക്കേണ്ടതാണ്.
21. ഹൈവെ റോട്ടിൽ നിന്നും കിലോമീറ്ററുകളോളം അകന്ന് സ്ഥിതിചെയ്യുന്ന ഹരിജൻ കോളനിയിലേക്ക് ബസ് സർവ്വീസ് നടപ്പിലാക്കേണ്ടതാണ്.
22. ഹരിജനങ്ങൾക്ക് വേണ്ടി സ്ഥിചെയ്യുന്ന ശ്മശാനം പുനഃരുദ്ധിരിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കണം.